PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1953.

Wednesday, the 18th March 1953.

Vol. VIII. — *OFFICIAL REPORT* — *No. 17*

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock, on Wednesday the 18th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

വില്ലേജ് പഞ്ചായത്തുജോലിക്കാർ.

*൪൩൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് പഞ്ചായത്ത് തോട്ടികളുടെയും തൂപ്പുകാരുടേയും ശമ്പളത്തിലോ അലവൻസിലോ എന്തെങ്കിലും കുറവുകൾ വരുത്തീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) വില്ലേജ് പഞ്ചായത്തു തോട്ടികളുടെയും തൂപ്പുകാരുടേയും ശമ്പളത്തിലോ, അലവൻസിലോ യാതൊരു കുറവും വരുത്തിയിട്ടില്ല.

(ബി) എയുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

City Bus Service Schemes

*438. [2] **Shri K. Bhanu :** Will the Minister for Transport be pleased to state :

(*a*) the amount of profit, if any, that was derived by the Government by its City Bus Service Schemes ; and

(*b*) whether the Government propose to extend the scheme to the mofussil ; and if not why not ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:**

(*a*) No separate accounts are maintained for city services. The net profit of all the departmental services as per the Balance Sheet is inclusive of the City Services.

(*b*) This has already been done. The Department has already extended its services to various mofussil places such as:-

Pravachambalam	Srikaryam
Peyad	Mannamthala
Thaliyal	Manvila-Kulathur
Vattiyoorkavu	Ullur
Nettayam	Veli
Peroorkada	Bhimapalli
Karakulam	Vellayani
Kudappanakunnu	

Shri K. Bhanu : May I know how many buses are run in the city ?

Shri Kalathil Velayudhan Nair : About 40 buses.

Shri K. Bhanu : What is the interval between each service ?

Shri Kalathil Velayudhan Nair : It is different in different lines. There is no fixed interval in every line.

Shri K. Bhanu : When does the first bus start from East Fort?

Shri Kalathil Velayudhan Nair : It is there in the notice board.

Shri K. Bhanu : What is the average seating capacity in each bus ?

Shri Kalathil Velayudhan Nair : There are different kinds of buses. The minimum is 32 seats and the maximum 48.

Shri K. Bhanu : What is the standing accommodation provided in each bus ?

Shri Kalathil Velayudhan Nair : 50 per cent.

ശ്രീ. കെ. കെ. കുമാരപിള്ള : സിററി സർവീസിൽ ഇരിക്കുന്നവർക്ക് ഓവർലോഡു കൂടാതെ സുഖമായിട്ടു പോകുവാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇപ്പോഴത്തെ അഭിപ്രായം മറിച്ചാണ്. ദൂരെ ദിക്കിലേയ്ക്കുള്ള സർവീസുകളിൽ ആദ്യമായി ഓവർലോഡ് കുറയ്ക്കണമെന്നാണ് വിചാരിക്കുന്നതു്. അടുത്തുള്ള യാത്ര ആയതുകൊണ്ടു് സിററി സർവീസിൽ ഓവർലോഡ് അല്പസ്വല്പം ഉണ്ടെങ്കിലും വലിയ ദൂഷ്യമില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : സിററി സർവീസിലെ ഓവർലോഡു കൊണ്ടു യാത്രക്കാർക്കു് വളരെ അസൗകര്യമുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പക്ഷെ യാത്രക്കാർ പറയുന്നതു് അങ്ങനെയല്ല. രണ്ടും മൂന്നും മണിക്കൂർനേരം ബസ്സിൽ ഇരുന്നു യാത്രചെയ്യുമ്പോൾ ഓവർലോഡു വരാതിരിക്കുവാനാണ് ആദ്യമായി നോക്കേണ്ടതെന്നു അവർ പറയുന്നു.

ശ്രീ. ഇ. കൃഷ്ണൻ നായർ : സിററിയിൽനിന്നും എത്ര മൈൽ ദൂരംവരെയാണ് സിററി സർവീസു ഓടിക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാധാരണയായി എഴു മൈൽ ദൂരം വരെ.

ബസ്സുകൾ വാങ്ങുന്നതിനു് അഡ്വാൻസ് കൊടുത്ത തുക.

* ൮നം. [ഫ] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) Comer ബസ്സു് വാങ്ങുന്നതിനു് ഗവണ്മെൻറിൽനിന്നു അഡ്വാൻസു് കൊടുത്തിരുന്നോ;

(ബി) എത്ര രൂപയാണ് അഡ്വാൻസുആയിട്ടു കൊടുത്തതു്;

(സി) എത്ര വണ്ടികൾക്കായിട്ടാണ് അഡ്വാൻസു് കൊടുത്തിരുന്നതു്;

(ഡി) ആ വണ്ടികൾ എല്ലാം കിട്ടിയോ;

(ഇ) ഇല്ലെങ്കിൽ എത്ര കിട്ടി;

(എഫ്) ഒരു Comer Diesel ബസ്സിനു് ഗവണ്മെൻറിൽനിന്നു കൊടുത്ത വില എന്താണ്;

(ജി) കമ്പനിക്കാർ എത്ര ശതമാനം കമ്മിഷൻ ഇനത്തിൽ വക വച്ചു തന്നു;

(എച്ച്) ഗവണ്മെൻറ് ഇതിനു മുമ്പിൽ വാങ്ങിയിരുന്ന Austin Diesel ബസ്സിനു വില എന്തായിരുന്നു?

പൊതുമരാമത്തുംഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ട്.

(ബി) ൨,൯൪,൩൭൫ രൂപ.

(സി) ൫൭.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ൨൫,൮൨൩ രൂപ.

(ജി) ൫൩ ശതമാനം.

(എച്ച്) ൨൦,൬൫൭ രൂപ ൫൨ അണ.

ശ്രീ. പ്രാക്കുളം ഭാസി: പലതരം ബസ്സുകൾ വാങ്ങിക്കരുതെന്ന് കോളിൻസു കമ്മിററി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ആസ്റ്റിൻ ബസ്സും, കോമർ ഡീസൽ ബസ്സും തമ്മിൽ എന്താണ് വ്യത്യാസം?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആസ്റ്റിൻ ബസ്സ് ഹെവി ഡ്യൂട്ടി വെഹിക്കിൾ ആണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ രണ്ടു ബസ്സുകൾ തമ്മിൽ വിലയ്ക്കു വ്യത്യാസമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൨൫,൮൨൩ രൂപയുടെയും, ൨൦,൬൫൭ രൂപയുടെയും വ്യത്യാസമുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ വിലവ്യത്യാസത്തിന് അനുരൂപമായ ഗുണവ്യത്യാസം ഈ ബസ്സുകൾക്കുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്. ആസ്റ്റിൻ ബസ്സ് അഞ്ചുകൊല്ലം ലൈൻ സർവ്വീസിൽ ഓടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. മററത് അതിൽ കൂടുതൽ ഓടും.

ശ്രീ. പ്രാക്കുളം ഭാസി: ഇൻറർ നാഷണൽ ബസ്സിന് എത്ര ശതമാനം കമ്മിഷൻ കിട്ടും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കാമർ ഡീസൽ ബസ്സിന് കമ്മിഷൻ കിട്ടിയപ്പോഴല്ല, ഇൻറർ നാഷനൽ ബസ്സിന് കിട്ടിയത്. അതുകൊണ്ട് എത്ര ശതമാനമാണ് കിട്ടിയതെന്ന് അറിഞ്ഞുകൂടാ.

ശ്രീ. പ്രാക്കുളം ഭാസി: ഇതിനെക്കാൾ കൂടുതലാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരുപക്ഷെ ആയിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി: കാമർ ഡീസൽ ബസ്സിൻെറ ഇവിടത്തെ ഏജൻറ് മിസ്റ്റർ എ. വി. ജാജാണെന്ന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. പ്രാക്കുളം ഭാസി: മിസ്റ്റർ ജാർജ്ജിനെ സഹായിക്കാനാണ് ഗവണ്മെൻറ് ഈ ബസ്സുകളെടുത്തതെന്നു ഒരു സംസാരമുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതെങ്കിലും തരത്തിൽ ഗവണ്മെൻറിനെ കുററപ്പെടുത്തണമെന്നാഗ്രഹിക്കുന്നവർ ഇങ്ങനെയും നടക്കുന്നുണ്ടായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി: കോളിൻസ് റിപ്പോർട്ടിൽ പല തരം ബസ്സുകൾ വാങ്ങിക്കരുതെന്ന് പറഞ്ഞിരിക്കെ, ഈ ബസ്സുകൾ മാററുന്നതിനു ഏതെങ്കിലും സൗജന്യം വേണ്ടപ്പെട്ടവർക്ക് ചെയ്യുന്നതിനുവേണ്ടിയാണെന്നു വിചാരിക്കുന്നതിൽ തെറെറന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കോളിൻസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് സ്റ്റാൻറർഡൈസ് ചെയ്തു ഏതെങ്കിലും രണ്ടു തരം ബസ്സുകൾ വാങ്ങിക്കണമെന്നാണ്. ആ നിലയ്ക്കു്, ഹെവി ഡ്യൂട്ടി വെഹിക്കിൾ ആയ കോമർ ഡീസൽ ബസ്സ് വാങ്ങിക്കാനാണ് ഗവണ്മെൻറ് തീരുമാനിച്ചതു്.

ശ്രീ. പ്രാക്കുളം ഭാസി: ലണ്ടനിൽനിന്നും വേറെ ഏതെങ്കിലും ബസ്സുകൾ വാങ്ങിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ സർവ്വീസിലിരിക്കുന്ന എല്ലാ ബസ്സുകളും വാങ്ങി പരിശോധിച്ചു നോക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. നെടുമങ്ങാടു് ആർ. കേശവൻ നായർ: ഫോർഡു ബസ്സുകൾ സ്റ്റാൻറർഡൈസ് ചെയ്യണമെന്നു കോളിൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്റ്റാൻറർഡൈസ് ചെയ്തു ഏതെങ്കിലും രണ്ടു തരം ബസ്സുകൾ സ്വീകരിക്കണമെന്നേ കോളിൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളു. ഇൻററിം പീരിയഡിലേയ്ക്കു് പരീക്ഷണാർത്ഥം ഈ ബസ്സുകൾ വാങ്ങിച്ചിരിക്കുകയാണ്.

ശ്രീ. നെടുമങ്ങാടു് ആർ. കേശവൻ നായർ: കോളിൻസ് റിപ്പോർട്ടിൽ ഡാളർ ഏരിയായിൽനിന്നും ഒരു വണ്ടിയും, സ്റ്റർലിംഗ് ഏരിയായിൽനിന്നും ഒരു വണ്ടിയും മാത്രമെ സ്റ്റാൻറർഡൈസ് ചെയ്യാവു എന്നു ശുപാർശ ചെയ്തിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ശുപാർശ ചെയ്തിട്ടില്ല.

ശ്രീ. നെടുമങ്ങാടു് ആർ. കേശവൻ നായർ: അഡ്വൈസറി ബോർഡു അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കഴിഞ്ഞ ബോർഡിൽ അങ്ങനെ ശുപാർശ ചെയ്തിട്ടില്ല. അതിനു മുൻപുള്ള ബോർഡിൽ ഇൻറർനാഷനൽ ബസ്സുകൾ വരുത്തുന്നതിലേയ്ക്കു് ബോർഡു് ശുപാർശ ചെയ്തിട്ടുണ്ടോ എന്നു ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: മുമ്പുള്ള ബോർഡിൽനിന്നും ഉണ്ടായ ശുപാർശ അനുസരിച്ചല്ലേ ഇൻറർനാഷണൽ ബസ്സുകൾ വാങ്ങിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് അതിനുമുമ്പുള്ള ബോർഡിന്റെ ശുപാർശ അനുസരിച്ചാണു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഒരു ഇൻറർനാഷണൽ ബസ്സിന്റെ വില എന്താണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: കാമർ ഡീസൽ ബസ്സുകൾ ഇവിടെ വരുത്തിയിട്ടുള്ളതു് എക്സ്പെരിമെൻറലായിട്ടാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻറർനാഷണൽ ഡെപ്യൂട്ടേഷൻ ഉള്ള ബസ്സുകളാണു് കാമർഡീസൽ ബസ്സുകൾ. അതുകൊണ്ടു് നാലു ബസ്സുകൾ കൂടെ വരുത്തി. അത്രത്തോളം എക്സ്പെരിമെൻറലായിട്ടാണെന്നു പറയുന്നതിൽ തെററില്ല.

Shri A. A. D. Luiz: Is this Collin's Report binding on the Government?

Shri Kalathil Velayudhan Nair: No report is binding on the Government.

ശ്രീ. ഓ. സി. മൈനനാൻ: കാമർ ഡീസൽ ബസ്സുകൾ ഉപയോഗിച്ചു നോക്കീട്ടു എങ്ങനെയിരിക്കുന്നു എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു വരുത്തിയിട്ടു് ഏതാനും മാസങ്ങളെ ആയുള്ളു. അതുകൊണ്ടു് നിശ്ചയമായി പറയാറായിട്ടില്ല. മററു ബസ്സുകളെക്കൂടി വരുത്തി പരിശോധിച്ചു നോക്കിയതിനു ശേഷമേ ഇതിനെപ്പററി ഒരഭിപ്രായം പറയാൻ നിവൃത്തിയുള്ളു.

ഓവർലോഡു്.

* ൪൪൦. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ബസ്സിൽ എത്ര ശതമാനം ആളുകളെ ഓവർലോഡായി കൊണ്ടുപോകാൻ അനുവദിച്ചിട്ടുണ്ടു്;

(ബി) ട്രാൻസ്പോർട്ടു വകുപ്പിൽനിന്നും കഴിഞ്ഞ ആണ്ടിൽ കിട്ടിയ അററാദായം എന്തു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇപ്പോൾ ൧൦ ശതമാനം.

(ബി) ൧൯൫൧-൫൨ ലേയ്ക്കു് ൧൭,൩൪,൪൨൦ രൂപ.

ശ്രീ. ആർ. ഗംഗാധരൻ: ൩൦ ശതമാനം എന്നു പറഞ്ഞ ആ വ്യവസ്ഥ അനുസരിച്ചുതന്നെയാണോ ഇപ്പോഴും ഓവർലോഡ് കയററുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സാമാന്യമായിട്ടു അങ്ങനെയാണു്.

ശ്രീ. ആർ. ഗംഗാധരൻ: വളരെ അധികം ദൂരമുള്ള സ്ഥലങ്ങളിലേയ്ക്കു പോകുന്ന ബസ്സുകളിലും ഈ കണക്കിൽ ഓവർലോഡു കയററാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ അതു് കുറെ കുറച്ചിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്പോഴും അമിതമായ ഓവർലോഡ് ഉണ്ടെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മെംബർ വിശ്വസിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ സാധാരണ ഉണ്ടാകയില്ല. അമിതമായ ഓവർലോഡ് ഉണ്ടെങ്കിൽ അതു് അസാധാരണ സംഭവമായിരിക്കും.

ശ്രീ. ആർ. ഗംഗാധരൻ: തിരുവനന്തപുരം ബസ്സ് സ്റ്റാൻറിൽ നിന്നുതന്നെ ഈ വ്യവസ്ഥയ്ക്കു് വിപരീതമായിട്ടാണു് ആളുകളെ കയററുന്നതെന്നു് ഞാൻ പറഞ്ഞാൽ അതു് ശരിയാണെന്നു് മനസ്സിലാക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷെ സാധാരണ അങ്ങനെ ചെയ്യാറില്ല. വഴിയിൽവച്ചാണു് കൂടുതൽ ആളുകളെ കയററുന്നതു്. ഉത്സവകാലത്തോ മററോ കൂടുതൽ ആളുകളെ കയററി എന്നു വരാം.

ശ്രീ. ആർ. ഗംഗാധരൻ: സാധാരണ സമയത്തും കൂടുതൽ ആളുകളെ കയററുന്നുണ്ടെന്നറിയാമോ?

Mr. Speaker: The Minister has already said that generally it is not being done and that there are exceptional cases.

ശ്രീ. ആർ. ഗംഗാധരൻ: എല്ലാവർക്കും അറിയാം, സർ, ഇതു് ശരിയല്ലെന്നു്. ഏതായിരുന്നാലും ഈ ഓവർലോഡ് നിറുത്തുവാനായി ശ്രമിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കഴിഞ്ഞ ആണ്ടൊ ഒരു ബസ്സിലെ ശരാശരി യാത്രക്കാരുടെ എണ്ണം ൫൩൦ ആയിരുന്നു. ഇത്തവണ അതു് ൫൦൫ ആയി കുറഞ്ഞിട്ടുണ്ടു്. ഇതു് ഓവർലോഡ് നിറുത്താൻ ശ്രമിച്ചതിന്റെ ഫലമായിട്ടു കുറഞ്ഞതാണു്.

ശ്രീ. ആർ. ഗംഗാധരൻ: അടുത്ത വർഷത്തിൽ ബസ്സുകളുടെ എണ്ണം കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ഓവർലോഡിനെപ്പററി പരാതി ഉണ്ടാകാതെ സൂക്ഷിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇപ്പോൾ വലിയ പരാതി ഉണ്ടാകാറില്ല.

ശ്രീ. കെ. ഭാനു : ട്രാൻസ്പോർട്ട് ബസ്സ് സർവീസിൽനിന്നും കിട്ടുന്ന ആദായം മുഴുവനും ബസ്സുകൾ വാങ്ങിക്കാൻവേണ്ടി ഉപയോഗിച്ചുകൂടെ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ബസ്സുകളിൽനിന്നും കിട്ടുന്ന ആദായം മുഴുവനും എടുത്തു ബസ്സുകൾ വാങ്ങിക്കണമെന്നു ഗവർമെൻറ് വിചാരിക്കുന്നില്ല. വേറെയും പല ചെലവുകൾ ഉണ്ടു്.

ശ്രീ. കെ. ഭാനു : യാത്രക്കാരുടെ സൗകര്യത്തെ ആസ്പദമാക്കി കൂടുതൽ ബസ്സുകൾ ഇറക്കുന്നതു് ഉപയോഗപ്രദമല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചു് നിവൃത്തിയുള്ളിടത്തോളം കൂടുതൽ ബസ്സുകൾ വരുത്തിയിട്ടുണ്ടു്.

ശ്രീ. കെ. ഭാനു : ൧൯൫൩–൫൪ ലേയ്ക്കു് എത്ര ബസ്സുകൾ കൂടുതൽ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂടുതലായി ൫൦ ബസ്സുകൾ വരുത്തണമെന്നുദ്ദേശിക്കുന്നു.

ശ്രീ. കെ. ഭാനു : ൫൦ ബസ്സുകൾ വരുന്നതുകൊണ്ടു് ഓവർലോഡ്ഡ് ഇല്ലാതാക്കാൻ സാധിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചിലപ്പോൾ സാദ്ധ്യമല്ലെന്നു വരും. എന്നാലും മിക്കവാറും ഓവർലോഡു കൂടാതെ സാധിക്കുമെന്നാണു് തോന്നുന്നതു്.

ശ്രീ. കെ. ഭാനു : ഓവർലോഡു് നിശ്ശേഷമില്ലാതാകണമെങ്കിൽ എത്ര ബസ്സുകൾ കൂടുതൽ വാങ്ങിച്ചാൽ സാധിക്കുമെന്നുള്ളതിലേയ്ക്കു കണക്കുകൾ വല്ലതും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിലേയ്ക്കു് പ്രത്യേകം കണക്കുകൾ ഒന്നുമില്ല.

Shri P. S. Nataraja Pillai : If overload is eliminated, wha' is the percentage of the profit that is likely to go down ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഓവർലോഡു് കുറയ്ക്കാനുള്ള പദ്ധതിയാണു് ഇപ്പോൾ ഉള്ളതു്. ഓവർലോഡു് നിശ്ശേഷം മാറ്റുന്നതുകൊണ്ടു് എന്തു ലാഭമുണ്ടു്, അല്ലെങ്കിൽ നഷ്ടമുണ്ടു് എന്നുള്ളതിലേയ്ക്കു് ഇതുവരെ കണക്കെടുത്തിട്ടില്ല.

ശ്രീ. എ. താണുപിള്ള : വർക്കിംഗ് എക്സ്പെൻസസ് ഇന്നത്തെ നിലയിൽതന്നെ ഇരിക്കുകയും ഓവർലോഡു് എലിമിനേററ ചെയ്യുകയും ചെയ്താൽ ഫലമെന്തായിരിക്കുമെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ട്രാൻസ്പോർട്ട് സർവീസു നഷ്ടത്തിൽ കലാശിക്കും.

ശ്രീ. എ. താണു പിള്ള: പതിനേഴുലക്ഷം രൂപ ആദായം കിട്ടിയ കൊല്ലം എത്ര ശതമാനം ഓവർലോഡുണ്ടായിരുന്നു?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൨൦ ശതമാനം ശരാശരി ഓവർലോഡുണ്ടായിരുന്നു.

ശ്രീ. എ. താണു പിള്ള: ഇപ്പോഴും നൂറു (൧൦൦) ശതമാനമായി കുറഞ്ഞതിൽ ഗവണ്മെന്റിന് ലാഭമോ നഷ്ടമോ എത്രയാണെന്ന് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കണക്കെടുത്തിട്ടില്ല.

ശ്രീ. കെ. ബാവ: ഈ അടുത്ത കാലത്തു കായംകുളത്ത് ഒരു ബസ്സ് അപകടമുണ്ടായത് ഓവർലോഡ് നിമിത്തമായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഓവർലോഡു നിമിത്തമല്ലായിരുന്നു. ബസ്സിന്റെ ടയർ പൊട്ടിപ്പോയതുകൊണ്ടാണ്.

ശ്രീ. ഒ. സി. നൈനാൻ: ഈ ഡിപ്പാർട്ടുമെന്റിലേയ്ക്കുള്ള ഇൻവെസ്റ്റുമെന്റിന്റെ പ്രൊപ്പോർഷൻ വല്ലതും കുറച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൪ ശതമാനം കുറച്ചിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഡിപ്രിസിയേഷൻ തള്ളിയാണോ ഈ ൪ ശതമാനമെന്നു പറഞ്ഞത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതെ.

ശ്രീ. ഒ. സി. നൈനാൻ: ഡിപ്രിസിയേഷനുവേണ്ടി എത്ര തുകയാണ് നിശ്ചയിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന്റെ കണക്കിപ്പോൾ എന്റെ കൈവശമില്ല

Shri C. Sankar: Does the same rule apply to private buses?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൨൦ ശതമാനം ഓവർലോഡു അനുവദിച്ചിട്ടുണ്ട്.

Shri C. Sankar: May I know the reason for the discrimination shown?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒന്ന് സ്റ്റേറ്റിൽനിന്നും നടത്തുന്നു. മറ്റേത് പ്രൈവറ്റ് ബസ്സുടമകൾ നടത്തുന്നു.

Shri. C. Sankar: Has the state right to infringe the rule?

Shri Kalathil Velayudhan Nair: The rule says that it can be done.

ശ്രീ. എ. കുഞ്ഞൻ നാടാർ: പ്രൈവറ്റ് സർവ്വീസുകൾക്ക് ഓവർലോഡ് നിമിത്തം ഉണ്ടാകുന്ന ലാഭത്തെപ്പറ്റി വല്ല കണക്കും എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രൈവറ്റ് ബസ്സുകളിൽ ലാഭമുണ്ടാകത്തക്കവണ്ണം ഓവർലോഡ് കയറുന്നുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഓവർലോഡ് കയറാതെ പ്രൈവറ്റ് ബസ്സുടമസ്ഥന്മാർ ബസ്സ് ഓട്ടിക്കുകയാണെങ്കിൽ മന്ത്രിയുടെ സ്റ്റേറ്റുമെൻറിൻ പ്രകാരം അവർക്ക് നഷ്ടമല്ലേ ഉണ്ടാകുന്നത്?

Mr. Speaker : Now we are at the State Transport Service and their working expenses.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ നല്ലവണ്ണം ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ വർക്കിംഗ് എക്സ്പെൻസസ് ഇപ്പോഴത്തെ നിലയിൽ തുടരുകയും അതേ സമയം ഓവർലോഡ് നിറുത്തുകയും ചെയ്താൽ എന്താണ് ഫലം എന്നാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ ചോദിച്ചത്. ഫലം നഷ്ടമാകുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഓവർലോഡ് നിശ്ശേഷം ഇല്ലാതാക്കുന്നതുകൊണ്ട് ഗവണ്മെൻറിന് ഒട്ടും ലാഭം കിട്ടുകയില്ലെന്നാണോ പറയുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വർക്കിംഗ് എക്സ്പെൻസസ് കുറയുന്നില്ലെങ്കിൽ വലിയ ലാഭമൊന്നും കിട്ടുന്നില്ല.

Construction of Bridges

*441. [5] **Shri K. Bhanu :** Will the Minister for Works and Transport be pleased to state:

(*a*) how many major bridges will have to be constructed in our State under the National Highway Scheme ;

(*b*) where are they to be constructed ;

(*c*) what is the total outlay that has been made ; and

(*d*) has the construction of any bridge been embarked upon ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) One.

(*b*) Across the right arm of the Periyar river at Alwaye.

(*c*) Approximately Rs. 7,000 for investigation work.

(*d*) No.

Shri K. Bhanu : Was any preliminary survey conducted ?

Shri Kalathil Velayudhan Nair : Yes.

Shri K. Bhanu : What is the amount that has been spent for this preliminary survey ?

Shri Kalathil Velayudhan Nair : Rs. 7,000.

Shri K. Bhanu : Who is the person who conducted this survey ?

Shri Kalathil Velayudhan Nair : It is done by the P.W.D.

Shri A.A.D. Luiz : Has the Government any hand in building these new bridges ?

Shri Kalathil Velayudhan Nair : Yes.

Shri P. S. Nataraja Pillai : Who has the right to enforce the construction of new bridges ?

Shri Kalathil Velayudhan Nair : It is a hypothetical question and I don't want to answer that.

Shri P. S. Nataraja Pillai : Is this a new bridge ?

Mr. Speaker : Does Mr. Nataraja Pillai persist in putting such questions in the view of the Minister's reply ?

Shri P. S. Nataraja Pillai : No, Sir.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എം. സി. റോഡിലുള്ള പാലങ്ങളെല്ലാം നാഷണൽ ഹൈവെ സ്കീമിൽ ഉൾപ്പെടുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ചെങ്ങന്നൂരിൽനിന്നും പത്തനംതിട്ടയ്ക്കു പോകുന്ന റോഡ് നാഷണൽ ഹൈവേയുടെ കൂട്ടത്തിൽ ഉൾപ്പെടുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉൾപ്പെടുകയില്ല.

ശ്രീ. ആർ. കേശവപിള്ള: നാഷണൽ ഹൈവേ റോഡ് എന്നു പറയുന്നത് ഈ രാജ്യത്തുള്ള ഏതെല്ലാം റോഡുകളെ സംബന്ധിച്ചാണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ചോദ്യത്തിനുത്തരം ഞാൻ പല തവണയും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: കൊല്ലകടവു പാലം നാഷണൽ ഹൈവേസ്കീമിൽ ഉൾപ്പെടുമോ

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉൾപ്പെടുകയില്ല.

മന്തുരോഗം.

* ൪൪൨. [illegible] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തു് ചില താലൂക്കുകളിൽ വർദ്ധിച്ചുവരുന്ന മന്തുരോഗ നിവാരണത്തിനായി സർക്കാരിൽനിന്നും വല്ലതും ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു പറയുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. ജി. മാധവൻ) : ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിൽനിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലും, തിരുവനന്തപുരം, ആലപ്പുഴ, മട്ടാഞ്ചേരി, എറണാകുളം ഈ പട്ടണങ്ങളിലും മന്തുരോഗ നിയന്ത്രണപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടു്. വിവിധ നിവാരണ സമ്പ്രദായങ്ങളാണു് സ്വീകരിച്ചിട്ടുള്ളതു്. ചേർത്തലയിലും അമ്പലപ്പുഴയിലും വെള്ളത്തിനു മീതെയുള്ള pistia എന്ന പായൽ മാററുകയും കാർത്തികപ്പള്ളിയിൽ ഉള്ള വീടുകളിൽ ഡി. ഡി. ടി. തളിക്കുകയും ചെയ്തുവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മട്ടാഞ്ചേരി എന്നീ സ്ഥലങ്ങളിലെ മന്തുരോഗ നിവാരണ നടപടികൾ, കൊതുകുശല്യം സംബന്ധിച്ചു് ഇവിടങ്ങളിൽ സ്വീകരിച്ചിട്ടുള്ള പൊതുനിവാരണ നടപടികളുടെ സ്വഭാവമുള്ളതാണു്. ഇവയ്ക്കു പുറമെ പരീക്ഷണാർത്ഥം ചേർത്തലയിലും ഹരിപ്പാട്ടും മന്തുരോഗികൾക്കു് Hetrazan കൊണ്ടുള്ള ചികിത്സയും നടത്തിവരുന്നു. മന്തുരോഗ നിവാരണം സംബന്ധിച്ചു് രാജ്യവ്യാപകമായ ഒരു പദ്ധതി ഇപ്പോൾ ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുന്നു.

ശ്രീ. കെ. കുട്ടപ്പൻ : ഈ നിവാരണമാർഗ്ഗങ്ങൾ ഇപ്പോഴും തുടർന്നു വരുന്നുണ്ടോ ?

ശ്രീ. വി. മാധവൻ : ഉണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ : കാർത്തികപ്പള്ളിത്താലൂക്കിൽ ഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നും ഇങ്ങനെയുള്ള നിവാരണ മാർഗ്ഗങ്ങൾ തുടങ്ങിയതു് എന്നാണെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : തീയതി നിശ്ചയമില്ല.

ശ്രീ. പി. വി. അവരാതരകൻ : ഈ നിവാരണ നടപടികൾ കൊണ്ടു് എത്ര ശതമാനം മന്തുരോഗം കുറഞ്ഞിട്ടുണ്ടെന്നു പറയാമോ ?

Mr. Speaker : Is it the percentage with reference to the number of persons or the size ?

(ഉത്തരമില്ല.)

ശ്രീമതി കെ. ആർ. ഗൗരി : ചേർത്തല മുതലായ സ്ഥലങ്ങളിലെ പായൽ വാരുന്നതിനുള്ള സ്റ്റാഫിൻെറ എണ്ണം കുറച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : പായൽ കുറഞ്ഞുവരുന്തോറും സ്റ്റാഫിൻെറ എണ്ണവും കുറയും.

ശ്രീമതി കെ. ആർ. ഗൗരി : പായൽ കൂടിയതുകൊണ്ടാണോ മന്തുരോഗികൾ കൂടുന്നതെന്നറിയാമോ ?

ശ്രീ. വി. മാധവൻ : അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ അടുത്ത കാലത്തെങ്ങാനും മന്തുരോഗികളുടെ ഒരു സെൻസസ്സെടുത്തിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : അടുത്തകാലത്തു് സെൻസസ്സ് എടുത്തിട്ടില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻനായർ: മന്തുരോഗികൾ കൂടുതൽ ഉള്ളതു്—

ശ്രീമതി കെ. ആർ. ഗൗരി : സർ, എന്റെ ചോദ്യം തീർന്നിട്ടില്ല. മന്തുരോഗികളുടെ സെൻസസ്സ് എടുത്തിട്ടില്ലെങ്കിൽ ദയവുചെയ്തു് താമസം കൂടാതെ സെൻസസ്സ് എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. വി. മാധവൻ : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. കെ. കുമാരപിള്ള : മന്തുരോഗനിവാരണജോലി ഏതു ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽപ്പെട്ടതാണു്?

ശ്രീ. വി. മാധവൻ : പബ്ലിക് ഹെൽത്തു ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽപ്പെട്ടതാണു്.

ശ്രീ. നെടുമങ്ങാട്ട ആർ. കേശവൻ നായർ : മന്തന്മാരും മന്തികളും കൂടുതലുള്ളതു് തിരുവനന്തപുരത്താണോ അതോ ചേർത്തലയിലാണോ ?

ശ്രീ. വി. മാധവൻ : എവിടെയാണെന്നുള്ളതിനെപ്പറ്റി കണക്കെടുത്തിട്ടില്ല.

ശ്രീ. ഇ. പി. വറഗീസ് : എറണാകുളത്തു് ഈ നിവാരണമാർഗ്ഗം തുടങ്ങുന്നതുകൊണ്ടു് കൊതുകിന്റെ ശല്യം കൂടുകയാണോ, അതോ കുറയുകയാണോ ?

ശ്രീ. വി. മാധവൻ : കുറയുകയാണു ചെയ്യുന്നതു്.

ശ്രീ. ഇ. പി. വറഗീസ് : എറണാകുളത്തു് ഇപ്പോൾ കൊതുകിന്റെ ശല്യം കൂടുതലാണെന്നു പറഞ്ഞാൽ വിശ്വസിച്ചുകൊണ്ടു് ഒരു അന്വേഷണം നടത്തുമോ ?

ശ്രീ. വി. മാധവൻ : അന്വേഷണം നടത്താം.

ശ്രീ. ടി. കെ. ദിവാകരൻ : നിവാരണ നടപടികൾക്കായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക അതായതു്, കഴിഞ്ഞയാണ്ടിൽ കൊള്ളിച്ചിട്ടുള്ള തുകയിൽ കുറെ ഭാഗം ലാപ്സായിട്ടില്ലേ ?

ശ്രീ. വി. മാധവൻ : ഇല്ലെന്നാണു തോന്നുന്നതു്.

ശ്രീ. സി. ശങ്കർ : 'മന്തി' എന്നു പറയുന്നതു് തമിഴിൽ കുരങ്ങു് എന്നാണു് അർത്ഥം. (ചിരി)

ശ്രീ. എ. കെ. ചെല്ലയ്യാ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ താലൂക്കുകളിലല്ലാതെ സംസ്ഥാനത്തിന്റെ മിക്ക ഭാഗത്തും മന്തുരോഗം ഉണ്ടെന്നറിയാമോ ?

ശ്രീ. വി. മാധവൻ : ഇല്ലെന്നു പറയുന്നില്ല.

ശ്രീ. എ. കെ ചെല്ലയ്യാ : അങ്ങിനെയുള്ള സ്ഥലങ്ങളിലെ രോഗശമനത്തിനുവേണ്ടി വല്ല പ്രതിവിധിയും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. മാധവൻ : പ്രതിവിധി ചെയ്യുന്നുണ്ടു്.

ശ്രീ. ഏ. കെ. ചെല്ലയ്യാ : എന്തു പ്രതിവിധിയാണു് ചെയ്യുന്നതു്?

Mr. Speaker : That has been answered.

ശ്രീ. ഏ. കെ. ചെല്ലയ്യാ : ഇരണിയലിൽ ഈ രോഗം ഉണ്ടെന്നറിയാമൊ ?

ശ്രീ. വി. മാധവൻ : ബഹുമാനപ്പെട്ട മെംബർ പറയുന്നപക്ഷം വിശ്വസിക്കാം.

Collection of arrears of Government dues of salt.

*443. [7] **Shri A. Samraj :** Will the Minister for Medicine and Public Health be pleased to state :

(*a*) what steps the Government have taken for the collection of arrears of Government dues of salt from salt factory owners ; and

(*b*) the amount of arrears ?

Minister for Medicine and Public Health (**Shri V. Madhavan**) :

(*a*) Necessary steps are being taken for the collection of arrears of Government dues of salt from salt factory owners ;

(*b*) 7,66,634 maunds of salt up to the end of 1127.

ஸ்ரீ. ஏ. ஸாம்ராஜ் ; இதுவரையில் இந்த அரியேர்ஸ் எவ்வளவு என்று சொல்லலாமா?

ശ്രീ. വി. മാധവൻ: അതിനുശേഷം എത്രയുണ്ടെന്നു് കണക്കെടുത്തിട്ടില്ല. ൧൧൨൭ അവസാനംവരെയുള്ള കണക്കാണു് ൭,൬൬,൬൩൪ മന്നു്.

ஸ்ரீ. ஏ. ஸாம்ராஜ் ; இந்த உப்பளங்கள் யாரைச் சேர்ந்தவை-நமது அரசாங்கத்திற்கா அல்லது மத்திய அரசாங்கத்திற்கா?

ശ്രീ. വി. മാധവൻ: സാൾട്ടു് നിർമ്മാണത്തിനുള്ള അവകാശം ഇപ്പോൾ ഇൻഡ്യാഗവൺമെൻറിനാണു്. എന്നാൽ, ആ സ്ഥലം നമ്മുടെ സ്റ്റേറ്റുവകയാണു്. ആ സ്ഥലം പാട്ടത്തിനാണു കൊടുത്തിരിക്കുന്നതു്. അതിന്റെ പാട്ടം നമ്മുടെ സ്റ്റേറ്റിനു കിട്ടും.

ശ്രീ. നെടുമങ്ങാടു് ആർ. കേശവൻ നായർ: ഇൻഡ്യാഗവൺമെൻറിനു് ഈ അവകാശം കൊടുക്കുന്നതിനുമുമ്പു് അരിയേഴ്സ് ഈടാക്കിയിരുന്നതു് തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറല്ലേ ?

ശ്രീ. വി മാധവൻ: അതേ.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: സാൾട്ടു് ഫാക്ടറി ഇൻഡ്യാഗവൺമെൻറു് ഏറ്റെടുത്തതിനുശേഷം അതിന്റെ അരിയേഴ്സ് ഈ ഗവൺമെൻറിനു് കിട്ടുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യാഗവണ്മെൻറ് ഏറെറടുക്കുന്നതിനു മുമ്പുള്ളതും അതിനുശേഷമുള്ളതും ഈ ഗവണ്മെൻറിനാണ് കിട്ടുന്നതു്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: സാൾട്ട് ലൈസൻസ് എടുത്തിട്ടുള്ള കണ്ട്രാക്കരുടെ പക്കൽനിന്നല്ലേ ഈ ഗവണ്മെൻറ് സാൾട്ട് വിലയ്ക്കു വാങ്ങുന്നതു്?

ശ്രീ. എ. ജെ. ജാൺ: ആയിരിക്കാം.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: അപ്പോൾ മററു ആളുകൾ വില്ക്കുന്നതായ വിലയിൽ കുറവായ വിലയ്ക്ക് അവർ ഗവണ്മെൻറിലേയ്ക്കു ഉപ്പു തരുന്നതല്ലേ?

ശ്രീ. എ. ജെ. ജാൺ: ഉപ്പിന്റെ വില ഇന്നതാണെന്ന് എഗ്രിമെന്റിൽ ചേർത്തിട്ടുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: ഇൻഡ്യാഗവണ്മെൻറിന് ഇതിന്റെ അവകാശം കൊടുത്തതിനുശേഷം പാട്ടക്കുടിശ്ശിക ഈടാക്കിവരുന്നതു് ഈ ഗവണ്മെൻറല്ലേ?

ശ്രീ. എ. ജെ. ജാൺ: പാട്ടക്കുടിശ്ശിക ഈ ഗവണ്മെൻറിനു കിട്ടുവാനുള്ളതാണ്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: ആ കുടിശ്ശിക ഈടാക്കുവാൻ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് എന്തെല്ലാം നടപടിയാണ് നടത്തിയിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: ലൈസൻസ് എടുത്തിട്ടുള്ളവരുടെ പേരിൽ യാതൊരു നടപടിയും എടുത്തിട്ടില്ല. സംഖ്യ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: അങ്ങനെ നമുക്കു കിട്ടേണ്ടുന്നതായ പണം ഈടാക്കുവാൻവേണ്ടി നടപടികൾ എടുക്കുന്നതു് ഒരു അനിശ്ചിതകാലത്തേയ്ക്കു മാററി വച്ചിരിക്കുകയാണോ?

ശ്രീ. എ. ജെ. ജാൺ: അല്ല. നിശ്ചിതമായ കാലത്തിനുള്ളിൽ ഈടാക്കുവാനുള്ള ഉദ്ദേശമാണ്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: ഇനി എന്നാണ് കാൺഫറൻസ് വിളിച്ചുകൂട്ടുവാൻ പോകുന്നതു്?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: ഇത്ര കൊല്ലം കഴിയുമ്പോൾ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടണം എന്ന് ഒരു വ്യവസ്ഥയുണ്ടായിരുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: വ്യവസ്ഥ ഉള്ളതായി അറിവില്ല.

Shri P. S. Nataraja Pillai: May I know whether this Government has got the right of cancelling the license and resuming the land

Shri A. J. John: Yes; it has got the right.

Shri P. S. Nataraja Pillai : If the licensee persisted in default cannot this Government enforce the law and cancel the license ?

Shri A. J. John : Government has got that right but if it is enforced the land may be left uncultivated or may be left unused.

Shri P. S. Nataraja Pillai : Am I understand that the position is that they will allow the land to be used by the licensee even if he refuses to pay ?

Shri A. J. John : That is not the intention of the Government.

Shri P. S. Nataraja Pillai : Has this Government got an assurance from the Central Government that they will favourably consider the case of Travancore-Cochin and get the money from the licensees ?

Shri A. J. John : They have promised. They have also asked the Government to discuss the question and try to realise the amount.

Shri T. S. Ramaswami : May I know which Government gives license for this manufacture ?

Shri A. J. John : The Central Excise authorities, I think.

Shri T. S. Ramaswami : Has the State Government got the right to cancel the license ?

Shri A. J. John : They can say that they will not allow the lessees to produce salt in their land.

Shri T. S. Ramaswami : May I know whether the lands containing these factories belong to the Government or are there private lands also ?

Shri A. J. John : There are private lands also—that is my information.

Shri T. S. Ramaswami : May I know whether these dues are from the salt factory owners who own the private lands also ?

Shri A. J. John : I am not quite sure about the terms.

ശ്രീ. എ. കുഞ്ഞൻ നാടാർ: സാൾട്ട് മാനുഫാക്ചറിംഗിന് ലൈസൻസ് കൊടുക്കുന്നതിൽ ഗവണ്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: സെൻട്രൽ ഗവണ്മെന്റ് കൊടുക്കുന്ന ലൈസൻസിന് നിയന്ത്രണം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: കൃഷിനിലങ്ങൾ സാൾട്ട് ഫാക്ടറിയായിട്ട് രൂപാന്തരപ്പെടുത്തിയിട്ടുണ്ടെന്ന് ഗവണ്മെന്റിനു തോന്നുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവൺമെൻറിന് അതിനെപ്പററി അറിവില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇങ്ങനെ അരിയേഴ്സ് വന്നിട്ട് എത്ര കൊല്ലമായി?

ശ്രീ. എ. ജെ. ജാൺ. അടുത്ത രണ്ടുമൂന്നു കൊല്ലത്തെ അരിയേഴ്സേ ഉള്ളു. അതിനെ സംബന്ധിച്ച് ഇൻഡ്യാഗവൺമെൻറിന്റെ അടുക്കൽ ഞാനും ധനകാര്യമന്ത്രിയും ചർച്ച നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇതിൽകൂടുതൽ അരിയേഴ്സ് തരുവാനുള്ള ഏജൻറിന്റെ പേരു പറയുമോ?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

Scheduled Castes College Students

*444. [8] **Shri A. Samraj :** Will the Minister for Local Self Government be pleased to state :

(*a*) the number of scheduled castes college students in the State who are given financial aid by the Government during 1952-53; and

(*b*) the number of students thus aided from the taluks of Thovala, Agasteeswaram, Kalkulam and Vilavancode ?

Chief Minister (**Shri A. J. John**) :

(*a*) the number of scheduled caste college students: 447—(both in Government and private colleges together).

(*b*) Thovala 6, Agasteeswaram 9, Kalkulam 1, Vilavancode 3.

ஸ்ரீ. ஏ. ஸாம்ராஜ்; பிரைவேட் மானேஜ்மென்டில் இருக்கும் காலேஜ்களில் படிக்கிற மாணவர்களுக்கு இதுவரையில் ஸ்டைபண்டு கொடுக்கப்படாமல் அவர்கள் கஷ்டப்படுகிறார்கள் என்பது தெரியவருமா?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുണ്ടെന്നു തോന്നുന്നില്ല.

ஸ்ரீ. ஏ. ஸாம்ராஜ்; இதைப்பற்றி கவர்மென்ரூர் அனுவேஷிக்கலாமா?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. പി. ചാക്കോ: ഷെഡ്യൂൾഡുകാസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഒരു വിദ്യാർത്ഥികളെ ഷെഡ്യൂൾഡുകാസ്റ്റിൽ ഉൾപ്പെടുത്തുവാനായിട്ടുള്ള ചില മാർഗ്ഗങ്ങൾ കണ്ടുപിടിച്ചുവരുന്നതായി ഗവൺമെൻറിന് അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയൊരറിവ് ഗവൺമെൻറിനു കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ അതിനെപ്പററിയുള്ള വിവരങ്ങൾ ഗവൺമെൻറിനെ അറിയിച്ചാൽ നടപടിയെടുക്കാം.

ശ്രീ. പി. ചാക്കോ: ഷെഡ്യൂൾകാസ്റ്റിൽ പേരുമാററി ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ചില ആനുകൂല്യങ്ങൾ ലഭിക്കുന്നതായി ഗവണ്മെൻറിന് അറിയാമോ?

(ഉത്തരമില്ല)

ശ്രീ. സി. സി. അയ്യപ്പൻ: ഈ ആനുകൂല്യങ്ങൾ ൧൯–൫൨ വർഷത്തിൽ കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കൊടുത്തിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. സി. സി അയ്യപ്പൻ: എറണാകുളം ലാക്കാളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ൧൯–൫൨ വർഷത്തിൽ സ്റ്റൈപ്പൻറിന് അപേക്ഷിച്ചിട്ട് കൊടുക്കാതെയിരുന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറിന് അറിവില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പട്ടികജാതിവിഭാഗത്തിൽപ്പെട്ട കാടൻ ജാതിയിൽനിന്നും—മലയരയർ—ഏതെങ്കിലും വിദ്യാർത്ഥികൾ ലാക്കാളേജിൽ പഠിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ലാക്കാളേജിൽ ഇൻറർമീഡിയററിന് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് സ്റ്റൈപ്പൻറ് അനുവദിച്ചിട്ടില്ലെന്ന് ഗവണ്മെൻറിന് അറിയാമോ?

(ഉത്തരമില്ല)

State Transport Department.

*445. [9] **Shri C. Sankar :** Will the Minister for State Transport be pleased to state :

(*a*) the number of employees newly recruited in the State Transport Department during 1952 ; and

(*b*) whether all of them were recruited on the advice of the Public Service Commission ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) 144.

(*b*) Yes.

Shri C. Sankar : Were all of them recruited only on the advice of the Public Service Commission ?

Shri Kalathil Velayudhan Nair : Yes.

Shri C. Sankar : May I know the reason why the Government have created a tradition of appointing police officers as Directors of Transport ?

Shri Kalathil Velayudhan Nair : There is no tradition. The best officer suited for the purpose is being appointed by the Government.

Shri C. Sankar : The Director of Transport ?

Mr. Speaker : The Director is not recruited by the Public Service Commission. Any other question about the 144 persons recruited by the Public Service Commission may be put.

Shri Nedumangad R. Kesavan Nair : Shall we take it that the drivers are also recruited by the Public Service Commission?

Shri Kalathil Velayudhan Nair : Yes.

ശ്രീ. ഇ. കൃഷ്ണൻനായർ : വല്ല പരീക്ഷയും നടത്തിയതിനുശേഷമാണോ റിക്രൂട്ടുമെന്റ് നടത്തിയതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തിയതിനു് ശേഷമാണോ റിക്രൂട്ട് ചെയ്തതു് എന്നു നിശ്ചയമില്ല.

Shri E. Krishnan Nair : May I know whether recruitment is made after any test ?

Mr. Speaker : The Public Service Commission recruits all sorts of persons. You put a definite question whether there is any test prescribed for drivers and conductors.

ശ്രീ. ഏ. കെ. ചെല്ലയ്യാ : ൧൪൪ ആളുകളിൽ ഡെയിലി വേജസിൽ ആരെങ്കിലും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഡെയിലി വേജസ്സുകാരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട് ചെയ്യുന്നില്ല.

Mr. Speaker : These are permanent servants of the department recruited by the Public Service Commission. There is no question of daily wages there.

ശ്രീ. പരീതു റാവുത്തർ : മൊത്തം എത്ര പേർ ഇതിനു് അപേക്ഷിച്ചിരുന്നു എന്നു പറയാമോ ?

Mr. Speaker : The Public Service Commission may be consulted.

Shri E. P. Varghese : May I know whether there is any examination for conductors ?

Shri Kalathil Velayudhan Nair : Not to my knowledge.

Shri E. P. Varghese : Is any minimun qualification prescribed for conductors ?

Shri Kalathil Velayudhan Nair : Yes, Sir. School Final is the minimum qualification prescribed for conductors.

ശ്രീ. ജെ. രാഘവൻപിള്ള : സ്റ്റേഫയനൽ പാസ്സാകാത്ത ആളുകളെ കണ്ടക്ടർമാരായി എടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളെ എടുത്തിട്ടുണ്ടാവാം. പിന്നോക്ക സമുദായത്തിൽപ്പെട്ട ആളുകൾക്കു് എക്സംപ്ഷൻ കൊടുത്തിട്ടുണ്ടു്.

ശ്രീ. ജെ. രാഘവൻപിള്ള : സ്റ്റേഫയനൽ പരീക്ഷയ്ക്കു് എഴുതിയാൽ മതിയെന്നു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സ്റ്റേ ഫയനൽ പരീക്ഷയ്ക്കു് എഴുതിയാൽ മതി.

ശ്രീ. ജെ. രാഘവൻപിള്ള : എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ള ആളുകൾക്കു് മുൻഗണന കൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പബ്ലിക്ക് സർവ്വീസു കമ്മീഷൻ അവർക്കു് മുൻഗണന കൊടുത്തിട്ടുണ്ടോ എന്നു് അറിയുവാൻ പാടില്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ : തലസ്ഥാന നഗരത്തിൽനിന്നു മാത്രമേ കണ്ടക്ടർമാരെ തിരഞ്ഞെടുക്കാറുള്ളോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും ആളുകളെ തിരഞ്ഞെടുക്കാറുണ്ടു്. അടുത്ത അവസരത്തിൽ എറണാകുളത്തുവച്ചു് തിരഞ്ഞെടുപ്പു നടത്തുകയുണ്ടായിട്ടുണ്ടു്.

Sea Erosion.

* 446 [10] **Shri P. V. Avira Tharakan :** Will the Minister for works be pleased to state :

(*a*) the measures taken by the Government to prevent the sea erosion in the year 1952 at Chellanam (Cochin District) and at Pallithode (Quilon District); and

(*b*) if taken, when do the Government expect to complete the works ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) Maintenance repairs for the existing groynes were carried out in 1952.

(*b*) Does not arise in view of the answer to part (*a*).

ശ്രീ. പി. വി. അവിരാതരകൻ : ഇക്കൊല്ലം അതായതു് ൧൯൫൩-ൽ എത്ര രൂപാ അവിടെ ചെലവാക്കാൻ ഉദ്ദേശിക്കുന്നുണ്ടു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൪ ലക്ഷം രൂപാ ചെലവാക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. വി. അവിരാതരകൻ: അതിന് പ്രത്യേകം ഒരു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലല്ലോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിന്റെ എസ്റ്റിമേറ്റ് ഫൈനൽ ആകാതിരുന്നതുകൊണ്ടാണ് കൊള്ളിക്കാതിരുന്നതു്.

ശ്രീ. പി. വി. അവിരാതരകൻ: എത്ര ഏക്കർ ഭൂമി അവിടെ നഷ്ടപ്പെട്ടിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ പറയാം.

Leepuram Bay.

*447 [11] **Shri T. S. Ramaswami :** Will the Minister for Works and Transport be pleased to state :

(*a*) when was the investigation of the Leepuram Bay in South Travancore made ?

(*b*) who conducted the enquiry ; and

(*c*) whether a report of the enquiry will be placed on the table ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) A preliminary investigation of the Leepuram Port was made in 1925-26.

(*b*) Captain Leveritt, the then Principal Port Officer.

(*c*) Such investigation reports are not generally made public.

Shri T. S. Ramaswami : What was the recommendation of Captain Leveritt ?

Shri Kalathil Velayudhan Nair : He was not in favour of reopening the Port.

ശ്രീ. എ. കുഞ്ഞൻനാടാർ: മൈനർപോർട്ട്സ് ഡവലപ്പു ചെയ്യുന്നതിന് ഈ ഗവണ്മെൻറിനോ, ഇൻഡ്യാ ഗവണ്മെൻറിനോ വല്ല സ്കീമും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സെൻട്രൽ ഗവണ്മെൻറിനു് സ്കീം ഉണ്ടു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ ഗവണ്മെൻറിൻെറ കീഴിലുള്ള എത്ര മൈനർ പോർട്ട്സ് ഡവലപ്പ് ചെയ്യുന്നതിനു് അതിൽപ്പെടുത്തിയിട്ടുണ്ടു് ?

Mr. Speaker : All those were answered on a previous occasion before this House, and a list was also given here. Probably, Mr. Nadar remembers that.

ശ്രീ. എ. കുഞ്ഞൻനാടാർ: വിജയപുരം ഹാർബർ ഇൻഡ്യാ ഗവൺമെന്റിന്റെ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഒരുകാലത്തു് അതു് വളരെ നല്ല നിലയിൽ ഫംക്ഷൻ ചെയ്തിരുന്ന ഒരു ഹാർബർ ആയിരുന്നുവെന്നു് ഗവൺമെന്റിനു് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിയാം.

ശ്രീ. എ. കുഞ്ഞൻനാടാർ: തിരുവിതാംകൂർ ഗവൺമെന്റു് അതു് ഒരു പോർട്ടായിട്ടു് ഉപയോഗിച്ചിരുന്നു എന്നു് ഗവൺമെന്റിനു് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് പോർട്ടായിട്ടു് ഉപയോഗിച്ചു കാണും.

Shri C. Sankar : Has any reason been stated by the person who investigated, for not reopening the Port ?

Shri Kalathil Velayudhan Nair : Sufficient reasons have been given.

Shri C. Sankar : May I know the reasons ?

Mr. Speaker : That cannot be published.

ശ്രീ. എ. കെ. ചെല്ലയ്യാ: വിജയപുരം ഹാർബർ ക്ലോസു ചെയ്യുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ ?

ശ്രീ കളത്തിൽ വേലായുധൻ നായർ: അതിനു് പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ക്ലോസ്സ് ചെയ്യാൻ പറഞ്ഞതു് ക്ലോസ്സ് ചെയ്തു. വർദ്ധിപ്പിക്കണം എന്നു പറഞ്ഞിട്ടുള്ളതു് വർദ്ധിപ്പിക്കുന്നതിനു നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് നടപടി നടത്തിയിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: കൊല്ലം പോർട്ടിന്റെ കാര്യത്തിൽ എന്തു നടപടി എടുത്തു ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

Transport Department.

*448 [12] **Shri T. S. Ramaswami :** Will the Minister for Works and Transport be pleased to state :

(a) is it a fact that the maximum profit they get in their industrial undertakings is from the Transport Department ; and

(*b*) the percentage of their profits in the Transport Department *vis a vis* their investment ?

Minister for Works and Transport (**Shri Kalathil Velayudhan Nair) :**

(*a*) No.

(*b*) The question is vague.

What is the information that is wanted?

Shri T. S. Ramaswami : The percentage of profit in relation to the capital invested.

Shri Kalathil Velayudhan Nair : In 1950-51 it is 22 per cent.

Shri E. P. Varghese : Is there any industrial investment from which we are getting more than 22 per cent ?

Shri Kalathil Velayudhan Nair : S. R. V. A. Pharmacy, Trichur, 73 per cent and the Travancore Rubber Works 24.9 per cent.

Budget of the Devaswom Board.

✻ 449 [13] **Shri T. S. Ramaswami :** Will the Minister for Local Self Government be pleased to state :

(*a*) are the Government consulted before the preparation of the annual budget of the Devaswom Board; and

(*b*) if not, are the Government supplied with their budget before or after the preparation of the Budget ?

Minister for Local Self Government (**Shri K. Kochukuttan) :**

(*a*) No.

(*b*) No.

Shri P. S. Nataraja Pillai : In view of the fact that this House happens to be the electorate for constituting the Board, is it not necessary to place its budget before this House ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇലക്ടറേറ്റ് ഈ ഹൗസല്ല. അതിൽ ഒരു മെംബറെ തിരഞ്ഞെടുക്കാനുള്ള അധികാരം ഈ ഹൗസിലുള്ള ഹിന്ദുമെംബറന്മാർക്ക് ഉണ്ട് എന്നേ ഉള്ളൂ.

ശ്രീ. പി. എസ്. നടരാജപിള്ള : മന്ത്രിസഭ ഒരാളെ തെരഞ്ഞെടുക്കുന്നില്ലേ ? മന്ത്രിമാർ ഈ സഭയിലെ ആളുകളല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മന്ത്രിമാർ ഒരാളെ തെരഞ്ഞെടുക്കുന്നുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : അപ്പോൾ ഈ അസംബ്ലിയിൽ ഉള്ള ആളുകളല്ലേ അവരെ തിരഞ്ഞെടുക്കുന്നത് ?

Mr. Speaker : Order, order, please. What is exactly the point, The hon. Member is aware of the provisions relating to the Devaswom Board.

Shri P. S. Nataraja Pillai : Yes, I know that. But is it not necessary that at least the Budget and the Administration Report be made public and made available to the Members of this House ? Since a few Members happen to be on the Board, they have a right to get it.

Mr. Speaker : I appreciate and understand all those things. But should the Budget proposals be made available to the Members or should the Budget be made available for discussion.

Shri P. S. Nataraja Pillai : No, Sir, not for discussion.

Mr. Speaker : It is a simple question whether it is to be published and made available to the Members.

Shri P. S. Nataraja Pillai : May I know whether the Budget can be made available to the Members of this House ?

Shri K. Kochukuttan : Government have no control over the Devaswom Budget.

Shri P. S. Nataraja Pillai : Is there any objection for the Government in informing the Board about the expression of opinion by the Members of this House ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ നിയമസഭ പാസ്സാക്കിയ ഒരു ആക്ടനുസരിച്ച് അങ്ങിനെ ഒരു നിയന്ത്രണം അവരുടെ മേൽ ചുമത്തുന്നതിനു ഗവണ്മെന്റിനു അധികാരമില്ല.

ശ്രീ. പി. എസ്. നടരാജപിള്ള: ഈ ആഗ്രഹം ഇവിടെ പ്രകടിപ്പിച്ചതു് അവരെ അറിയിക്കുന്നതിനു ഗവണ്മെന്റിനു തടസ്സമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു തടസ്സമില്ല. ഓരോ മെമ്പർക്കും അവരോടു പറയാവുന്നതാണ്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: ദേവസ്വംബോർഡിന്റെ ധനസംബന്ധമായ ചെയ്തികളെ സംബന്ധിച്ച് യാതൊന്നും ഈ ഗവണ്മെന്റിനെ അറിയിക്കുന്നില്ലെന്നാണോ പറയുന്നതു്?

Mr. Speaker : There are provisions in the Act under which Mr. Kesavan Nair may take steps.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: ബോർഡിന്റെ ധനസംബന്ധമായ ചെയ്തികളെ സംബന്ധിച്ച് എന്തെങ്കിലും ഗവണ്മെന്റിനെ അറിയിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഹിന്ദു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻ ആക്റ്റ് അനുസരിച്ച് അങ്ങനെ ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ടി. ടി. [illegible] : [illegible] ഗവണ്മെന്റിന് യാതൊരു നിയന്ത്രണാധികാരവും ഇല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെന്റിന് അധികാരമില്ല

Starting time of buses.

*450 [14] **Shri O. C. Ninan** : Will the Minister for Works and Transport be pleased to state :

(*a*) is there any rule that buses by private owners can be brought to the starting point only a few minutes before the time of starting ;

(*b*) what is the rule with reference to the same ;

(*c*) who is responsible to observe that these provisions are complied with ?

(*d*) are buses allowed to be kept in the road day and night ;

(*e*) are lorries allowed to be kept in road day and night causing obstruction to the traffic ;

(*f*) who is responsible to look after these things ; and

(*g*) why is it that action is not taken by officers for the breaches of these rules ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) There is no specific rule in the Motor Vehicles Rules regarding the detention of buses at starting points.

(*b*) The officers in charge of the control of traffic have prescribed certain rules in accordance with the number of buses starting from a point. A bus can be brought to the starting point either 10 minutes before its starting time or after one bus has left the starting point in which case the period of stay may not exceed 30 minutes.

(*c*) The Head Constable or Constable in charge of the checking station at the Bus Stands.

(*d*) No.

(*e*) No.

(*f*) The local Police.

(*g*) Action is taken by the Police whenever such offences are detected.

ശ്രീ. ഒ. സി. നൈനാൻ: തിരുവല്ലാ ബസ്സ്റ്റാൻറിൽ ഈ റൂൾ ശരിയായി പാലിക്കുന്നില്ലെന്ന് ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഒരു പരാതി ലഭിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ഒ. സി. നൈനാൻ: അതിനെസംബന്ധിച്ച് വേണ്ട നടപടി ഉടനെ നടത്തുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉടനെതന്നെ അതിനെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൈവററ്ബസിന് സ്റ്റാൻറ് ഉണ്ടാക്കുവാൻ ഗവണ്മെൻറിന് വല്ല പദ്ധതിയും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന് ഗവണ്മെൻറിന് പദ്ധതിയില്ല. ചില മുനിസിപ്പാലിററിക്ക് അങ്ങനെയുള്ള പദ്ധതിയുണ്ട്.

Shri C. Sankar : With reference to (*d*), are the transport buses allowed to be detained on public roads ?

Mr. Speaker : The answer was ' No. '

Shri C. Sankar : Is the Minister aware that transport buses are kept on the public roads in Trivandrum City and Nagercoil ?

Shri Kalathil Velayudhan Nair : Transport buses are not kept on the road.

Shri C. Sankar : Is the Minister aware that at Minakshipuram the transport buses are kept on the public road every night.

Shri Kalathil Velayudhan Nair : With regard to Meenakshipuram I have no information.

ശ്രീ. ടി. എ. മജീദ്: തിരുവനന്തപുരം റയിൽവേസ്റ്റേഷന് അടുത്തുള്ള റോഡിൽ ബസ്സുകളിട്ടിരിക്കുന്നതായി ഗവണ്മെൻറിന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റോഡിൽ അല്ലാ ബസ് ഇട്ടിരിക്കുന്നത്. റയിൽവേസ്റ്റേഷൻെറ അടുത്ത് മാററി ഇട്ടിരിക്കുകയാണ്.

റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം.

* ൪൫൨. [൨൫] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം അനുസരിച്ച് എത്ര ഗ്രാമങ്ങളിൽ ഈ സാമ്പത്തികവർഷത്തിൽ ഇലക്ട്രിസിറ്റി വിതരണം നടത്തി ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ൯൰ ഗ്രാമങ്ങളിൽ.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ സ്കീം തയ്യാറാക്കിയതു് ഏതു വർഷത്തിലാണെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതു വർഷമാണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ സ്കീമിൽ ഇത്ര ഗ്രാമങ്ങളിൽ ഇത്ര കൊല്ലംകൊണ്ടു് ഇലക്ട്രിഫൈ ചെയ്യണമെന്നു് വ്യവസ്ഥയുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ഒരു വ്യവസ്ഥ ഇല്ല. എല്ലാ ഗ്രാമങ്ങളിലും ഇലക്ട്രിഫൈ ചെയ്യുന്നതിനുള്ള ഒരു സ്കീമാണിതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ആദ്യം ഇന്നയിന്ന ഗ്രാമങ്ങൾ ഇലക്ട്രിഫൈ ചെയ്യണമെന്നു് നിശ്ചയിക്കുന്നതാരാണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു് ഇലക്ട്രിക്കൽ ചീഫ് എഞ്ചിനീയരാണ്.

ശ്രീ. എ. കെ. ചെല്ലപ്പാ: ഈ ൯൰ ഗ്രാമങ്ങളിൽ തെക്കൻതിരുവിതാംകൂറിലെ ഏതെങ്കിലും ഒരു സ്ഥലത്തിന്റെ പേരു് പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുളച്ചൽ.

കുഴൽക്കിണർ.

* ൪൫൨. [മൂ] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ:

കുട്ടനാട്ടിൽ കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള നടപടികൾ ഏതു നിലയിലിരിക്കുന്നു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): കുട്ടനാട്ടിൽ പരീക്ഷണാർത്ഥം കുമരകത്തും കൈനകരിയിലും ഓരോ കുഴൽകിണറുകൾ കുഴിപ്പിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. അവ പ്രയോറിട്ടി ലിസ്റ്റിൽ ൧൦-ം, ൧൧-ം ആണ്. ആദ്യത്തെ ൯ കിണറുകളുടെ പണി തീർന്നാലുടൻ ഇവിടെ ജോലി ആരംഭിക്കുന്നതാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: ൯ കിണറുകൾ അനുവദിച്ചിട്ടുള്ളതിൽ ആദ്യം പണി തുടങ്ങുന്നതു് എവിടെയാണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനാണ് പ്രയോറിട്ടി നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. കെ. ടി. കുമാരപിള്ള: ഈ പ്രയോറിട്ടി എന്നു നിശ്ചയിച്ചതാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൯൪൮-ൽ ഉള്ള ലിസ്റ്റിൽ ആണ്.

WRITTEN ANSWERS.

V. R. D. Report.

*453. [18] **Shri O. C. Ninan:** Will the Minister for Works and Transport be pleased to state:

(*a*) has the Government received representation that the list of roads attached to the V. R. D. Report is incomplete;

(*b*) has the Government added any road to the list subsequently;

(*c*) what are these roads and when they were included;

(*d*) will the Government consider the question of correcting the omission in it by calling for a report from all the Executive Divisions?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Yes.

(*b*) No.

(*c*) Does not arise in view of answer to (*b*).

(*d*) Yes. Insructions have been given to the Chief Engineer, P. W. D.

ഗ്രാൻറുകൾ.

*൪൫൪. [൧൮] ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗ്രാൻറിൻ-എയിഡ്, എൻക്വയറി കമ്മിററി അഭിപ്രായപ്പെടുകയും അംഗീകരിക്കുകയും അഡ്വൈസറി കമ്മിററി ശുപാർശ ചെയ്തപ്രകാരം പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിൽനിന്നും ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ഗ്രാൻറ നൽകപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ൧. ഹരിജൻസേവാസംഘം, നാഗർകോവിൽ.

൨. സിററിസ്സാവഞ്ചേഴ്സ് യൂണിയൻ, തിരുവനന്തപുരം.

൩. വില്ലേജ്കാട്ടേജ് ഇൻഡസ്ട്രീസ്, ഷേരീശപ്പട്ടം.

൪. ഇണ്ടയൻഓർഫനേജ്, പള്ളിക്കൽ.

Kanakam Boat enquiry.

*455. [21] Shri O. C. Ninan : Will the Minister for Works and Transport be pleased to state :

(*a*) when did the Government get the Kanakam Boat Enquiry Committee Report ;

(*b*) did the Committee find any Officer or Officers guilty ;

(*c*) what action has been taken by Government in the matter ; and

(*d*) have they made any constructive recommendations ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) The report was received on 3rd October 1952.

(*b*) Yes.

(*c*) Explanations have been called for from the officers concerned, in the first instance.

(*d*) Yes. They are under consideration of Government.

ട്രാൻസ്പോർട്ടതൊഴിലാളികളുടെ കാര്യം.

*൪൫൬. [൨൩] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട തൊഴിലാളികളെ പെൻഷണബിൾ ആക്കണമെന്ന് ട്രാൻസ്പോർട്ട തൊഴിലാളിയൂണിയൻ പ്രതിനിധികളോട ചെയ്തകരാർ ഇതുവരെ നടപ്പിലാക്കാതിരിക്കാൻ കാരണമെന്ത്?

(ബി) ട്രാൻസ്പോർട്ട തൊഴിലാളികളുടെ ഇടയിൽ ഡ്രൈവർമാർ, കണ്ടക്ടർമാർ, ഇവരുടെ എണ്ണമെത്ര?

(സി) ട്രാൻസ്പോർട്ട ബസ്സിലെ പോർട്ടർമാർക്ക യൂണിഫോമുണ്ടോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ കളത്തിൽ വേലായുധൻ നായർ):

(എ) കരാർ ഒന്നും ചെയ്തിട്ടില്ല.

(ബി) ഡ്രൈവർമാർ (൨൨൯) കണ്ടക്ടർമാർ—(൩൪൧)

(സി) ഡിപ്പാർട്ടുമെൻറ് ശമ്പളമില്ല—ക്ലിപ്ത്പ്പെടുത്തിയിട്ടുള്ള പോർട്ടറേജ് അവരുടെ സേവനം ആവശ്യപ്പെടുന്ന യാത്രക്കാരിൽ നിന്നും ലഭിക്കുന്നതാണ്.

കൊപ്രാമാർക്കററിംഗ് സൊസൈററി.

* ൪൩൧. [൨൪] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഏതെല്ലാം സ്ഥലങ്ങളിൽ കൊപ്രാമാർക്കററിംഗ് സൊസൈററികളുണ്ട്;

(ബി) വൈക്കത്തെ കൊപ്രാമാർക്കററിംഗ് സൊസൈററി സ്ഥാപിച്ചിട്ട് എത്ര വർഷമായി;

(സി) ഈ സൊസൈററിയുടെ പ്രവർത്തനം ലാഭമോ നഷ്ടമോ;

(ഡി) ഈ സംഘത്തിനു കേന്ദ്രത്തിൽനിന്നും സംസ്ഥാനഗവണ്മെൻറിൽനിന്നും ഇതുവരെ എന്തു തുക സഹായമായി നൽകിയിട്ടുണ്ട്;

(ഇ) ഈ വിധത്തിൽ സഹായങ്ങൾ നൽകിയിട്ടുള്ള മററു സൊസൈററികൾ ഉണ്ടോ? ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(എഫ്) ഈ സംഘത്തിൻെറ പ്രവർത്തനം ലാഭമാണെങ്കിൽ അതിൻെറ തുക എത്ര;

(ജി.) നഷ്ടമാണെങ്കിൽ ആ തുക എത്ര;

(എച്ച്) സംഘത്തിൻെറ പ്രധാനഉദ്യോഗിക ഭാരവാഹികൾ ആരെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ കെ. കൊച്ചുകുട്ടൻ):

(എ) വൈക്കത്തു് ഒരു കൊപ്രാമാർക്കററിംഗ് സൊസൈററിയുണ്ട്.

(ബി) ഏഴ് വർഷം

(സി) നഷ്ടം

(ഡി) കേന്ദ്രനാളികേരക്കമ്മിററിയിൽനിന്നും ൧൦,൪൬൪ രൂപയും, സംസ്ഥാനഗവണ്മെൻറിൽനിന്നും ൧൦,൪൬൪ രൂപയും നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്, ഞാറക്കൽ നാളികേര മാർക്കററിംഗ് സൊസൈററി.

(എഫ്) സി യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) സൊസൈററിയുടെ കണക്കുകൾ ആഡിററുചെയ്തുകൊണ്ടിരിക്കുകയാണ്. അതു് പൂർത്തിയായതിനുശേഷമേ സംഖ്യനിർണ്ണയിക്കുവാൻ സാധിക്കു.

(എച്ച്) ശ്രീ. കെ. വി. പുന്നൻ മാനേജർ–സെക്രട്ടറി (Inspec or of Co-operative Societies now retired)

ബോട്ട് ചാർജ്ജ് വർദ്ധനവ്.

*൪൫൮ [൨൮] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ആലപ്പുഴ-എറണാകുളം ലൈനിലും കോട്ടയം-ആലപ്പുഴ ലൈനിലും ബോട്ട് ചാർജ്ജ് യഥാക്രമം രണ്ടും, ഒന്നും അണവീതം ഈയിടെ വർദ്ധിപ്പിക്കാൻ ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഉണ്ട്.

സഹകരണസംഘങ്ങൾ.

*൪൫൯ [൨൯] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ സഹകരണസംഘങ്ങളിൽ അംഗമായിട്ടുള്ളവർക്കെല്ലാം സംഘത്തിലെ ഔദ്യോഗികസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടോ;

(ബി) ഏതൊരു സാധാരണ അംഗത്തിനും സൊസൈറ്റികളുടെ ഔദ്യോഗികസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ അനുവദിച്ചുകൊണ്ടുള്ള ചട്ടങ്ങൾ നിർമ്മിക്കണമെന്ന് ഗവണ്മെന്റിന് ഉദ്ദേശമുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.
(ബി) ഉണ്ട്.

பஞ்சாயத்து.

*460 [30] ஸ்ரீ. கணபதி: கீழ் காணும் வினாக்களுக்கு பிரதேச சுயாட்சி மந்திரி அவர்கள் விடை பகர்வார்களாக:

(எ) தேவிகுளம் தாலூகாவில் ஏன் பஞ்சாயத்து ஸ்தாபிக்கவில்லை;

(பி) அப்படி ஏற்படுத்தாமலிருப்பதற்கு பிரத்தியேக காரணம் என்ன;

(ஸி) முக்கியமாய் (கன்ஸெஷன்) ஏரியாவில் பஞ்சாயத்து ஏன் ஏற்படுத்தவில்லை;

(டி) தகுந்த காரணம் கூற முடியுமா?

Minister for Local Self-Government **(Shri K. Kochukuttan)**:

(a) Six Panchayats have been constituted in the Devicolam Taluk.

(b) (c) & (d) In the concession area there is no Panchayat, because in that area the Kannan Devan Hills Produce Company is providing most of the amenities which Panchayat is expected to provide and so there is not enough scope for the effective functioning of a panchayat in the area.

അടയ്ക്ക.

* ൪൩൧. [൩൧] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടയ്ക്കായുടെ വിൽപ്പന ക്രമീകരിക്കുന്നതിനു മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുന്നതിനു ഗവൺമെൻറ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്ത്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഒരു ആർഗനൈസറുടെ പ്രത്യേകമേൽനോട്ടത്തിൽ ആലപ്പുഴ ഫേംസെയിൽ സഹകരണസംഘം മുഖാന്തിരം അടയ്ക്കാ വിൽക്കുന്നതിനു ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി മൂന്നു വർഷങ്ങൾക്കാണ്. അതിൻെറ ചെലവ് സംസ്ഥാനഗവൺമെൻറും കേന്ദ്രഅടയ്ക്കാകമ്മിറ്റിയും ൫൦ : ൫൦ എന്ന ക്രമത്തിൽ വഹിക്കുന്നതായിരിക്കും. കേന്ദ്രഅടയ്ക്കാ കമ്മിറ്റി ഇവിടെനിന്നും അയച്ച പദ്ധതി അംഗീകരിക്കുകയും ഇൻഡ്യാഗവൺമെൻറിൻെറ അനുവാദത്തിനായി എടുക്കുകയും ചെയ്തിട്ടുണ്ട്.

UNSTARRED QUESTIONS

പബ്ലിക്ക് കക്കൂസുകൾ.

൨൫൪. [൨] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ–കോഴിക്കോട്ടും കടപ്പുറത്ത് മലമൂത്രവിസർജ്ജനത്തിന് സൗകര്യമില്ലാതെ അവിടത്തെ ആളുകൾ ബുദ്ധിമുട്ടുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉടനടി പബ്ലിക്ക് കക്കൂസുകൾ തീരപ്രദേശങ്ങളിൽ ഉണ്ടാക്കുന്നതിനുവേണ്ട സത്വരനടപടികൾ നടത്തുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) നടപടികൾ ഊർജ്ജിതത്തിലിരിക്കുന്നു.

Minor Irrigation Project.

255 [2] **Shri A. Samraj:** Will the Minister for Works and Transport be pleased to state:

(*a*) whether the Government have investigated the possibilities of minor irrigation projects like Mambazhathar Anai, Poigaiyar etc.; and

(*b*) if so, when was the investigation conducted and the details of the investigation.

Answer.

(*a*) Yes.

(*b*) Mambazhathar Anai in 1938. Poigai Reservoir in 1935. Details of investigation are contained in the report. Report as such is not made available to the public.

<u>ആസ്പത്രിയുടെ ആവശ്യം.</u>

൱൫൩. [൩] <u>ശ്രീ. എം. പി. വർഗ്ഗീസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മൂവാററുപുഴ താലൂക്കിൽ നേര്യമംഗലം എന്ന സ്ഥലത്തു ഒരു ആസ്പത്രി സ്ഥാപിക്കുന്നതിനു് ഗവൺമെൻറിൽനിന്നും അനുവദിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഏതുകൊല്ലത്തിലാണു്;

(സി) ഇപ്പോൾ ഗവൺമെൻറിൽനിന്നും അനുവാദം നിരോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ കാരണം എന്തു്?

<u>ഉത്തരം.</u>

(എ) അനുവദിച്ചിരുന്നു.

(ബി) ൧൧൨൩-ൽ.

(സി) ഉണ്ടു്.

(ഡി) നേര്യമംഗലത്തു് ഒരു ആസ്പത്രിയുടെ ആവശ്യമില്ലെന്നു് ബോദ്ധ്യംവന്നതിനാൽ.

<u>പിന്നാക്കവർഗ്ഗോദ്ധാരണം.</u>

൱൫൧. [൪] <u>ശ്രീ. ടി. ടി. കേശവൻശാസ്ത്രി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കഴിഞ്ഞ ബഡ്ജററു് വർഷത്തിൽ പിന്നാക്കവർഗ്ഗോദ്ധാരണത്തിനുവേണ്ടി അനുവദിച്ചിരുന്നതിൽ ഇതേവരെ എത്ര രൂപ ചിലവായി;

(ബി) വിദ്യാഭ്യാസച്ചെലവിനു ആകെ എത്ര രൂപയായിരുന്നു?

<u>ഉത്തരം.</u>

(എ) ൧൯൫൦ ജനുവരിവരെ ൭൧൫൪-൪-൦ ഉറപ്പിച്ചു ചെലവായി.

(ബി) ൩,൪൨,൨൭൭-൭-൦ രൂപ.

(സി) ൩൨൨൫൨-൧൭-൦ രൂപ.

Complaint against Medical Officer.

258 (6) **Shri E. Krishnan Nair :** Will the Minister for Medicine and Public Health be pleased to state :

(*a*) whether any complaint has been received against the present medical officer in the Kottarakara dispensary;

(*b*) whether any action has been taken in the matter;

(*c*) and if so, what is the result?

Answer.

(*a*) Yes.

(*b*) Yes.

(*c*) The Medical Officer has been ordered to be transferred Soon after schools close this year.

Dispensaries and Grant-in-aid Vaidyasalas.

259 (7) **Shri E. Krishnan Nair :** Will the Minister for Medicine and Public Health be pleased to state:

(*a*) How many Government Dispensaries and Grant-in-aid Vaidyasalas there are in the Kottarakara Taluk; and

(*b*) the names of places where they are situated?

Answer.

(*a*) There are 2 Government Allopathic Dispensaries and 8 Grant-in-aid Vaidyasalas in the Kottarakara Taluk.

(*b*) The two Government Allopathic Dispensaries are situated at Kadakkal and Kottarakara.

Grant-in-aid Vaidyasalas are situated in the following places:—

1. Ezhucone.
2. Kadakkal.
3. Ummannoor.
4. Chithara.
5. Velinellur.
6. Kottarakara.
7. Mannady.
8. Pangode-Puthur.

Insanitary condition of the Public Market.

260 (8) **Shri E. Krishnan Nair :** Will the Minister for Medicine and Public Health be pleased to state:

(*a*) whether the Government have received any representation regarding the insanitary condition of the Public market in the Kottarakara town; and..

(*b*) what steps the Government have taken in the matter?

Answer.

(*a*) Yes.

(*b*) Steps are being taken to abate the nuisance causing the insanitary condition.

ആശുപത്രി.

൨൬൭. [൧൧] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ അയ്യമ്പിള്ളി സർക്കാർ ആശുപത്രികളിൽ ൧൧൨൮-൧൧൨൯ എന്നീ വർഷത്തിൽ ചികിത്സയ്ക്കുവന്നിട്ടുള്ള രോഗികളുടെ എണ്ണം എത്ര;

(ബി) ൧൧൨൯-ൽ ഒടുവിലത്തെ നാലുമാസത്തിൽ ഔട്ട്പേഷ്യന്റ് ഇൻപേഷ്യന്റ് എന്നിവരുടെ ഓരോ ആശുപത്രിയിലെ എണ്ണം;

(സി) ഓരോന്നിലും ഡോക്ടേഴ്സിന്റെയും നേഴ്സിന്റെയും എണ്ണമെത്ര?

ഉത്തരം.

(എ) ൧൧൨൮-ൽ.

ഞാറയ്ക്കൽ ൫൪൪൭.
അയ്യമ്പിള്ളി ൨൩൮൪൦.
൧൧൨൯-ൽ
ഞാറയ്ക്കൽ ൩൭൩൭൨
അയ്യമ്പിള്ളി ൨൭൪൩൩.

(ബി) ഞാറയ്ക്കൽ ഇൻപേഷ്യന്റ് ൩൭൨.
അയ്യമ്പിള്ളി „ ൨൨൩.
ഞാറയ്ക്കൽ ഔട്ട്പേഷ്യന്റ് ൧൪൩൭൩.
അയ്യമ്പിള്ളി „ ൯൦൭൪.

(സി)	ഞാറയ്ക്കൽ	അയ്യമ്പിള്ളി
	ഡോക്ടേഴ്സ് ൨	൨
	നേഴ്സ് ൩	൨

കണിയാംതോട്.

൨൩൨. [൰൨] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കൃഷിക്കും ഗതാഗതത്തിനും ആവശ്യമായ വൈക്കത്തെ കണിയാംതോട് മിക്കവാറും ഇപ്പോൾ നികന്നുപോയിട്ടുള്ളതു ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തോടുവെട്ടിത്തെളിക്കുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേയ്ക്കു പണി ആരംഭിക്കുമെന്നു വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉദ്ദേശിക്കുന്നുണ്ടു്.

(സി) ഫണ്ടുണ്ടാകുന്നപക്ഷം ഈ ജോലി ൧൧൨൮-൨൯-ൽ ചെയ്യുന്നതാണു്.

(ഡി) ഉദിക്കുന്നില്ല.

പള്ളിപ്പുറം—കടുത്തുരുത്തി റോഡു്.

൨൩൩. [൰൩] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വൈക്കം വടക്കേമുറി പകുതിയിലെ നേരെകടവിൽനിന്നു കിഴക്കോട്ട് ഇറവേലിക്കനുവഴി കടുത്തുരുത്തിയിലേയ്ക്കുള്ള പള്ളിപ്പുറം-കടുത്തുരുത്തി റോഡിൻെറ പണി ഈ വർഷത്തിലെങ്കിലും ആരംഭിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ റോഡിൻെറ ആവശ്യകത ഗവണ്മെൻറ ശ്രദ്ധയിൽ പെട്ടിട്ടു് എത്ര വർഷങ്ങളായി?

ഉത്തരം.

(എ) ൧൧൨൮-൨൯-ൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) ഏകദേശം ൩ വർഷങ്ങളായി.

DISPOSED OF ADJOURNMENT MOTIONS.

12 Noon]

Mr. Speaker : Order, order. Question time is over.

Shri Ganapathi : Sir, a point of order. I would like to know what has happened to my adjournment motion.

Mr. Speaker : This is no point of order. I have received two adjournment motions and they have been duly disposed of.

VOTING ON DEMANDS FOR GRANTS (Contd)

DEMAND XVIII—EDUCATION.

Mr. Speaker : Now we will proceed with the Voting on Demands for Grants.

Chief Minister **(Shri A. J. John):** Sir, I move for a grant of Rs. 3,81,08,000 under Demand XVIII—Education.

Mr. Speaker : We shall first take motion No. 3 of Mr. Rajagopalan Nair.

Shri N. Rajagopalan Nair : Sir, I move:

To reduce the allotment of Rs. 25,00,000 for Block Grant to The Travancore University by Re. 1

സർ, വളരെക്കാലംമുമ്പു മുതൽതന്നെ തിരുവിതാംകൂറും കൊച്ചിയും വിദ്യാഭ്യാസകാര്യത്തിൽ ഇൻഡ്യയിലെ മററുഭാഗങ്ങളെ അപേക്ഷിച്ചിടത്തോളം വളരെ മുന്നണിയിൽ നിൽക്കുന്ന രാജ്യങ്ങളാണു്. വിദ്യാഭ്യാസത്തിൻെറ ശതമാനം നമ്മുടെ ഈ രാജ്യങ്ങളിൽ വളരെ ഏറെ കൂടുതലുമാണു്. നമ്മുടെ വിദ്യാഭ്യാസത്തിൻെറ പ്രത്യേകതയെപ്പററിയോ, അതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ഗുണഗണങ്ങളെപ്പററിയോ ചിന്തിച്ചില്ല നമ്മുടെ നാട്ടുകാർ കുട്ടികളെ വിദ്യാഭ്യാസം ചെയ്യുന്നതിനു് അയച്ചുവരുന്നതു്. ഏതെങ്ങനെയായാലും ഇന്നു വിദ്യാഭ്യാസംമൂലം കിട്ടുന്ന കഴിവുകൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു സമ്പാദിച്ചുകൊടുക്കുന്ന കാര്യത്തിൽ നമ്മുടെ നാട്ടുകാർ വളരെയേറെ ഔത്സുക്യം കാണിക്കുന്നുണ്ടു്. അതിൻെറ പ്രതിഫലമാണു ഉയർന്ന വിദ്യാഭ്യാസ ശതമാനത്തെ കാണിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. നമുക്കു ഇവിടെ ഒരു സർവകലാശാലയുണ്ടു്. അതിൻെറ ലക്ഷ്യങ്ങൾ എന്താണെന്നുള്ളതിനെപ്പററി ആരായുകയും, അതു എങ്ങനെ നടപ്പിലാക്കണമെന്നുള്ളതിനെപ്പററി ചിന്തിക്കുകയും ചെയ്യണമെന്നുള്ളതാണു എൻെറ ഉദ്ദേശം. നമ്മുടെ യൂനിവേഴ്സിററി ആക്ടിലെ പ്രിയാംബിളിൽതന്നെ യൂണിവേഴ്സിററിയുടെ ഉദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ടു്. അങ്ങയുടെ അനുമതിയോടുകൂടി പ്രസക്തമായ മൂന്നാമത്തെ പാരഗ്രാഫു് ഞാനിവിടെ വായിക്കണമെന്നു വിചാരിക്കുന്നു.

[ശ്രീ. എൻ. രാജഗോപാലൻ നായർ.]

"And whereas it is further desirable in the interests of the cultural and educational advancement of all classes of our subjects, to provide for the conservation and promotion of Kerala Art and Culture"

ഇതാണു ഏററവും പ്രധാനപ്പെട്ട സംഗതി.

"......And promotion of Kerala art and culture." ഇതു സഭ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ ഇവിടെ ഒരു സർവ്വകലാശാല സ്ഥാപിച്ചതിന്റെ ഉദ്ദേശം എന്തൊക്കെയാണെന്നു ആക്ടിൽതന്നെ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ഇന്നു നമ്മുടെ സർവകലാശാലയിൽ എന്താണു നടക്കുന്നതെന്നു നാം അറിയേണ്ടിയിരിക്കുന്നു. കേരളത്തിലെ കലയും മലയാളക്കരയിലെ സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനായി കുറച്ചുകാലം മുമ്പു ഇവിടെ സ്ഥാപിച്ച സർവ്വകലാശാലയിൽ മലയാളം അറിയാവുന്ന ഒരേ ഒരു വൈസ ചാൻസലറാണു ആകെക്കൂടി ഉണ്ടായിരുന്നതു്. ഈ യൂണിവേഴ്സിററി ആരംഭിച്ച കാലത്തു ഇതിന്റെ വൈസ ചാൻസലറായിരുന്നതു ദിവാൻ സർ സി. പി. രാമസ്വാമി അയ്യരായിരുന്നു. അതിനുശേഷം എച്ച്. സി. പാപ്പ്‌വർത്തായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം മലയാളം അറിയാവുന്ന ശ്രീമാൻ നന്ദൻമേനവൻ വളരെ ചുരുങ്ങിയ ഒരുകാലം വൈസ്ചാൻസലറായി ഇരുന്നിരുന്നു. ഇന്നു ഈ യൂണിവേഴ്സിററിയുടെ സാരഥ്യം വഹിക്കുന്നതു സർ, ആർക്കാട്ടു രാമസ്വാമിമുതലിയാരാണു്. ഈ വൈസ്ചാൻസലരെപ്പററി പറയുന്നതിനു മുമ്പുതന്നെ ഈ മലയാളക്കരയിൽ നമ്മുടെ സർവ്വകലാശാലാ വൈസ്ചാൻസലറായി ഇരിക്കാൻ തക്കവണ്ണം യോഗ്യതയുള്ള ഒരുത്തരും ഇല്ലെയെന്നുള്ളതിനെപററി ബഹുമാനപ്പെട്ട മെംബറന്മാർ പര്യാലോചിക്കേണ്ടതാണു്. നമ്മുടെ കേരളത്തിൽ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുംവിദ്യാഭ്യാസ ധുരന്ധരന്മാരുമായ ആളുകൾ ഇല്ലെയെന്നു നാം ആലോചിക്കേണ്ടതാണു്. ഉണ്ടു്. നമ്മുടെ നാട്ടുകാരുണ്ടു്. ആ നിലയിൽ മലയാളസംസ്കാരം എന്തെന്നു അറിയാവുന്ന ആളുകളുടെ മേൽനോട്ടത്തിൽ സർവ്വകലാശാല പ്രവർത്തനം നടത്തുന്നതിനു പകരം മറെറാരാളെയാണു അതിലേയ്ക്കു ചുമതലപ്പെടുത്തിയിട്ടുള്ളതു്.

<u>ശ്രീ. എ. കുഞ്ഞൻനാടാർ:</u> ഇവിടത്തെ തമിഴരെ സംബന്ധിച്ചിടത്തോളം എന്തുചെയ്യണമെന്നാണു മെംബറുടെ അഭിപ്രായം?

<u>ശ്രീ. എൻ. രാജഗോപാലൻനായർ:</u> തമിഴർ തമിഴ് പഠിക്കണം. അതോടൊപ്പം കഴിയുമെങ്കിൽ മലയാളവും പഠിക്കണം. മലയാളികൾ തമിഴും പഠിക്കാൻ ശ്രമിക്കണം. മലയാളകലയെ പ്രോത്സാഹിപ്പിക്കാനുള്ള അവസരം നൽകിയിരിക്കുന്നസർ ആർക്കാട്ടു രാമസ്വാമി മുതലിയാർ ആരാണെന്നും നാം അറിയേണ്ടതുണ്ടു്. കഴിഞ്ഞകൊല്ലം ഈ നിയമസഭയിൽ പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യമാണതു്. മൈസൂരിൽ സ്വാതന്ത്ര്യസമരം നടന്നിരുന്നകാലത്തു അവിടെയുള്ള ആളുകളെ കഴുതക്കാലിൽ കെട്ടി കവിഞ്ഞികൊണ്ടു അടിക്കേണ്ടതാണെന്നു അദ്ദേഹം പറഞ്ഞിട്ടുള്ളതു ഞാനിവിടെ ഇപ്പോൾ പ്രസ്താവിക്കുന്നില്ല.

Mr. Speaker : What cannot be done directly, the hon. Member is attempting to do indirectly, which I will have to prevent.

ശ്രീ. എൻ. രാജഗോപാലൻ നായർ: ൧൯൪൦-ൽ വെല്ലൂർ ജയിലിൽ കോൺഗ്രസ്സിന്റെ സന്നദ്ധഭടന്മാരും, സമരയോദ്ധാക്കളും കിടന്നിരുന്ന കാലത്ത്—

Mr. Speaker : I will give the hon. Member this advice. He can say that a man of this place, a more competent man, be appointed. But do not bring forward personal criticisms.

ശ്രീ. എൻ. രാജഗോപാലൻ നായർ: ൧൯൪൦-ൽ വെല്ലൂർ ജയിലിൽ ഇൻഡ്യൻ എക്സ്പ്രസ്സും ഹിന്ദുവും വളരെ പുരോഗമനപരമായ പത്രങ്ങളാണെന്നു പറഞ്ഞു രാഷ്ട്രീയതടവുകാർക്കു കൊടുക്കാതിരുന്ന കാലത്തു ബ്രിട്ടീഷ് ഗവൺമെന്റ് എല്ലാ തടവുകാരും ഒരു പത്രം വായിച്ചു കൊള്ളണമെന്നു പ്രസ്താവിച്ചിട്ടുണ്ട്. അതാണ് 'ക്ര...ിസ്' പത്രം. അതുമായി സർ ആർക്കോട്ടു രാമസ്വാമിമുതലിയാർക്കുള്ള ബന്ധം സാമ്രാജ്യസേവനം അദ്ദേഹം എന്നുമുതൽ ആരംഭിച്ചതാണ് എന്നു തെളിയിക്കും. നമ്മുടെ സർവകലാശാലയുടെ സാരഥ്യം അദ്ദേഹം വഹിക്കുന്നതുകൊണ്ടു അതിപ്പോൾ ഒരു ഫോസിൽസ് ഫാക്ടറിയായി മാറുകയാണു ചെയ്യുന്നത്. അധികം ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. മലയാള സാഹിത്യത്തിനും, കവിതയ്ക്കും അഭിമാനിക്കാവുന്നവണ്ണം നേട്ടം നൽകിയിട്ടുള്ള ശ്രീ. കെ. എൻ. പി. കുറുപ്പിനു മലയാളം എം. എ-യ്ക്കു പ്രവേശനം നിരോധിച്ചതു ഈ സഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. അതുപോലെതന്നെ ഇംഗ്ലീഷിനും സെക്കൻഡ് ലാംഗ്വേജിനും ഫസ്റ്റ്ക്ലാസ്സുള്ള ശ്രീ. വി. എസ്. കൃഷ്ണനെ എം. എ. ക്ലാസ്സിൽ അഡ്മിറ്റ് ചെയ്യാതെയിരുന്ന കാര്യവും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ യൂണിവേഴ്സിറ്റിയുടെ കീഴിൽ അനേകം കാളേജുകളുണ്ട്. സർ, അതിലൊന്നാണ് ചങ്ങനാശ്ശേരി കാളേജും. ആ കാളേജിൽ എസ്. ഡി. രാജൻ എന്നൊരു വിദ്യാർത്ഥി ഇന്റർമീഡിയറ്റ് ക്ലാസ്സിൽ പഠിച്ചിരുന്നു. ഒരു ദിവസം അവിടത്തെ പ്രിൻസിപ്പാളദ്ദേഹം വിദ്യാർത്ഥിയായ രാജനെ വിളിച്ചു അല്പം ചില ചോദ്യങ്ങൾ ചോദിച്ച വിവരം ഇവിടെ അറിയിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. അതു ഏററവും പ്രധാനപ്പെട്ട ഒരു സംഭവമായതുകൊണ്ടു ബഹുമാനപ്പെട്ട മെംബറന്മാർ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു എനിക്കൊരു അപേക്ഷയുണ്ട്. ആദ്യമായി പ്രിൻസിപ്പാൾ രാജനോടു ചോദിച്ചതു ഇങ്ങനെയാണ്. കുഞ്ഞിന്റെ വീടു എവിടെയാണ്? ആലപ്പുഴയാണെന്നു രാജൻ അതിനുത്തരം പറഞ്ഞു. പ്രിൻസിപ്പാളിൽനിന്നും ഉണ്ടായ അടുത്ത ചോദ്യം 'വയലാറിനു അടുത്താണോ' എന്നായിരുന്നു. ആണെന്നു രാജൻ ഉത്തരം കൊടുത്തപ്പോൾ അടുത്തതായി ചോദിച്ചതു 'വെടിയുടെ ശബ്ദം വല്ലതും കേട്ടിട്ടുണ്ടോ'യെന്നായിരുന്നു. അതിനു 'കേട്ടിട്ടുണ്ട്, വലിയ വെടിയാണു കേട്ടതു'' എന്നു രാജൻ ഉത്തരവും നൽകി.

ശ്രീ. ഗണപതി: ഇവിടെ ഒരു ഡ്രാമാ ആക്ട് ചെയ്യുകയാണോ?

ശ്രീ. എൻ. രാജഗോപാലൻനായർ : ഇതു കണ്ടെങ്കിലും കുറെ വിവരങ്ങൾ ബഹുമാനപ്പെട്ട മെംബറന്മാർ പഠിക്കുമല്ലോ.

അടുത്തതായി പ്രിൻസിപ്പാളിൽനിന്നും ഉണ്ടായ ചോദ്യം 'കഥയെഴുതുമോ കുഞ്ഞേ'യെന്നായിരുന്നു. കഥയെഴുതുമെന്നു പറഞ്ഞാൽ പ്രിൻസിപ്പാളദ്ദേഹത്തിനു ഇഷ്ടമായിരിക്കുമെന്നു വിചാരിച്ചു മൂന്നുനാലു കഥ എഴുതിയിട്ടുണ്ടെന്നു രാജൻ പറഞ്ഞു. ഈ ചോദ്യോത്തരങ്ങളുടെ ഫലമായി ഉണ്ടായതു എന്താണെന്നുവച്ചാൽ ആ തവണ ആ വിദ്യാർത്ഥിയെ പബ്ലിക് പരീക്ഷയ്ക്കു എഴുതാൻ അനുവദിച്ചില്ലായെന്നുള്ളതാണ്. ആരുടെയും അനുവാദം കൂടാതെ എഴുതാവുന്ന സെപ്റ്റംബർ പരീക്ഷക്കെഴുതി ഒന്നാമത്തെ ചാൻസിൽതന്നെ ആ കുട്ടി പാസ്സാകുകയും ചെയ്തു. ബി എ.–യ്ക്കു ആലപ്പുഴ എസ്. ഡി. കാളേജിൽ ചേരാമെന്നു വിചാരിച്ചു അവിടെ ചെന്നപ്പോഴാണു പരമപാതകനും മഹാ അക്രമിയുമായ ഒരു വിദ്യാർത്ഥി ആലപ്പുഴ കാളേജിലേയ്ക്കു ടി. സി. വാങ്ങിയിട്ടുണ്ടെന്നു ആലപ്പുഴകാളേജിൽ എഴുതി അയച്ചിട്ടുള്ളതായി അറിയുന്നതു്. ഇന്നത്തെ ദുഷിച്ചുനാറിയ വ്യവസ്ഥിതിക്കുവേണ്ടി ഇന്നത്തെ ഭരണാധികാരികളുടെ ചൊൽപ്പടിക്കു നിന്നുകൊണ്ടു് ഓരോ കാളേജുകളിലുമുള്ള പ്രിൻസിപ്പാളന്മാർ അമേരിക്കൻ സ്പൈകളെക്കാൾ കഷ്ടമായി അന്യോന്യം വിദ്യാർത്ഥികളെപ്പറ്റി സ്പൈവർക്കു് നടത്തുന്ന കാലമാണിതു്.

ശ്രീ. ഓ. സി. നൈനാൻ : കാളേജു പ്രിൻസിപ്പാളന്മാർക്കു് അവരുടെ കാളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്വഭാവത്തെപ്പറ്റി അന്വേഷിക്കേണ്ട ചുമതലയില്ലേ?

ശ്രീ. എൻ. രാജഗോപാലൻനായർ : നിശ്ചയമായും ഉണ്ടു്. അവരുടെ സംസ്കാരത്തിന്റെ വളർച്ചയെപ്പറ്റി അന്വേഷിക്കുകതന്നെ വേണം.

ശ്രീ. ഓ. സി നൈനാൻ : ഒരു കാളേജിൽ പഠിക്കുന്നതിനു ഏതെങ്കിലും വിദ്യാർത്ഥിക്കു യോഗ്യതയില്ലെന്നുകണ്ടാൽ അതു മററു കാളേജുകളിൽ അറിയിക്കേണ്ട ചുമതലയില്ലേ?

ശ്രീ. എൻ. രാജഗോപാലൻനായർ : ഉണ്ടു്. യോഗ്യതയെപ്പററിയാണു തക്കം.

അങ്ങനെ വിദ്യാർത്ഥികൾക്കു എതിരായിട്ടു നമ്മുടെ യൂണിവേഴ്സിററി അധികൃതരും, കാളേജു് അധികൃതരും ഇന്നു നടത്തുന്ന കയ്യേററങ്ങൾ അനവധിയാണു്. ഞാൻ കഴിഞ്ഞതവണ സൂചിപ്പിച്ചതുപോലെ വിജയശതമാനം ൪൧ ഉണ്ടായിരുന്നതു വ. വ. ആയി കുറഞ്ഞു് ഇരിക്കുകയാണു ചെയ്യുന്നതു്. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ കുറഞ്ഞുവരുന്നുവെന്നുള്ള കാര്യവും ഞാൻ മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ൧൫൦-ഓളം വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുള്ള ൭ കേസുകൾ ഇന്നു നടക്കുന്നുണ്ടു്. വെറും നിസ്സാരമായ ഒരു കഥ ഞാൻ പറയാം. പണ്ഡിററ് ജവഹരിലാൽ നെഹ്റുവാണു ഇൻഡ്യ ഭരിക്കുന്നതു്. റഷ്യൻ വിപ്ലവം നടന്നകാലത്തു് ജനിച്ചതിൽ നിന്നൊരു ... വതിയാണു മകളെ എന്നു പുത്രിക്കെഴുതിയ പണ്ഡിത ജവഹർലാൽ നെഹ്റുവാണു ഇൻഡ്യയെ ഇപ്പോൾ ഭരിക്കുന്നതു്. ഇവിടെ തിരുവന

ന്ത്യപുരത്തു ജവഹർലാൽ നെഹ്റുവിന്റെയും, ഗാന്ധിജിയുടെയും പേരിൽ ആണയിട്ടുകൊണ്ടു ഭരിക്കുന്ന മന്ത്രിമാരുടെ മൂക്കിന്റെ താഴെതന്നെ ഒരു കാളേജുണ്ട്. അതായതു് മാർ ഇവാനിയോസ് കാളേജ്. മദ്രാസ് സംസ്ഥാനത്തെ ആസ്ഥാന കവിയായിരുന്നു ഗവണ്മെന്റിൽനിന്നും 2000-രൂപ വേതനം പറ്റുന്ന ഏറ്റവും വലിയ ഒരു കവിയുമായ വള്ളത്തോളിനെക്കൊണ്ടു ആ കാളേജിൽ ഒന്നു പ്രസംഗിപ്പിക്കണമെന്നു അവിടെയുള്ള വിദ്യാർത്ഥികൾ ആഗ്രഹിച്ചു. അദ്ദേഹം റഷ്യയിൽ പോയിട്ടുള്ള ആളാണെന്നൊരു തടസ്സവും അതിനുണ്ടായി. അടുത്തതായി ജെ. സി. കുമരപ്പയെ ക്ഷണിക്കണമെന്നു പറഞ്ഞു.

<u>ശ്രീ. ഏ. എം. ഡി. ലൂയിസ്</u> : ബഹുമാനപ്പെട്ട മെംബർക്കു ഈ വിവരങ്ങൾ എങ്ങനെയാണു അറിവുകിട്ടിയതു്?

<u>ശ്രീ. എൻ. രാജഗോപാലൻനായർ</u> : എങ്ങനെയായാലും എനിക്കു ഇതെല്ലാം അറിവുണ്ടു്.

ശ്രീ. കുമരപ്പയാണെങ്കിൽ ചൈനയിൽപോയ ആളാണു്. അടുത്ത രാജ്യത്തെ ആസ്ഥാനകവിയേയും കാൺഗ്രസ്സുകാരനായ ജെ. സി. കുമരപ്പയേയും ഭയപ്പെടുന്ന ഒരന്തരീക്ഷമാണു ഇന്നു നമ്മുടെ കാളേജുകളിലുള്ളതു്. വിദ്യാർത്ഥികളുടെ നിയമാനുസൃതമായ സംഘടനകളെപ്പോലും നിരോധിച്ചിരിക്കയാണു് ചെയ്യുന്നതു്. ആ കാര്യങ്ങളെപ്പറ്റി ഞാനിപ്പോൾ ഒന്നും പറയുന്നില്ല. നമ്മുടെ വിദ്യാർത്ഥികൾക്കും കലയ്ക്കും സംസ്കാരത്തിനും എതിരായി എന്തിനാണു ഇങ്ങനെ കാളേജുകൾ നടത്തുന്നതെന്നാണു ഞാൻ ചോദിക്കുന്നതു്. ഇന്നയിന്ന പുസ്തകങ്ങളേ വായിക്കാവൂ, വായനശാലകളിൽ ഇന്നയിന്ന പുസ്തകങ്ങളേ വാങ്ങി വയ്ക്കാവൂ, ഇന്നയിന്നതേ എഴുതാവൂ എന്നെല്ലാമാണു ഇപ്പോഴുള്ള നിബന്ധനകൾ. തലച്ചോറിനു പൂട്ടു പണിയുന്ന പെരുംകൊല്ലന്മാർ ഭരിക്കുന്ന നാട്ടിൽ ഇങ്ങനെ നടക്കുകയുള്ളു. വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങളെയെല്ലാം അടിച്ചമർത്തി ഇവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ പിൻതിരിപ്പൻ ആക്കി സ്വസ്ഥമായി ഇവിടെയിരിക്കാമെന്നു വിചാരിക്കുന്നതു ഒരു ഭയങ്കര ജലപ്രവാഹത്തെ പഴമുറംകൊണ്ടു തടുക്കാമെന്നു വിചാരിക്കുന്നതുപോലെയാണു്. ഇതു കാണുമ്പോൾ ഹാ! കഷ്ടം എന്നല്ലാതെ മറ്റൊന്നും പറയാൻ എനിക്കു തോന്നുന്നില്ല. മലകളേ; നിങ്ങൾ ഞങ്ങളെ മൂടുവിൻ! എന്നു പറഞ്ഞാൽ മലകൾ വരികയില്ല. മലയിൽനിന്നു ഇപ്പോൾ ഒരു കാറ്റു അടിച്ചു തുടങ്ങിയിട്ടുണ്ടു്. അതു നിങ്ങൾക്കെതിരാണു്. പത്ത്യങ്ങളേ! നിങ്ങൾ ഞങ്ങളെ ഉണസ്സുവിൻ! എന്നു വിളിച്ചാൽ പത്ത്യങ്ങൾ ഇവരെ തുണക്കുകയില്ല. കുഴികളേ നിങ്ങൾ ഞങ്ങളെ വിഴുങ്ങുവിൻ! എന്നു ഇവർ വിളിക്കും. കുഴികൾ ഇവരെ വിഴുങ്ങും. അവസാനമായി എഴുന്നേറ്റമില്ലാതെ നിങ്ങളുടെ കുഴികളാൽതന്നെ വിഴുങ്ങപ്പെടും. ഞാൻ നിറുത്തുന്നു.

Mr. Speaker : There is a cut motion on the total amount of Rs. 27,14,000 relating to the University. The House will have the whole University open for discussion. Now, Mr. Ravindran will move his motion, that is, cut motion No. 12.

Shri P. Ravindran : Sir, I move :

To reduce the allotment of Rs. 27,14,000 for Grants to Universities by Rs. 100.

സർ, യൂനിവേഴ്സിററി വിദ്യാഭ്യാസത്തെ സ്പർശിച്ചുകൊണ്ടു് സഖാവു് രാജഗോപാലൻനായർ വളരെ ശക്തിയായ ഭാഷയിൽ ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹം സ്പർശിച്ചിട്ടുള്ള വിഷയങ്ങൾ വിട്ടു്, തിരുവിതാംകൂർ യൂനിവേഴ്സിററിയുടെ കീഴിൽ വിദ്യാർത്ഥികൾക്കു സാങ്കേതിക വിദ്യാഭ്യാസത്തിനു് എങ്ങനെ പ്രോത്സാഹനം കിട്ടുന്നുവെന്നു പറയുവാനാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുദ്ദേശിക്കുന്നതു്.

സർ, യൂനിവേഴ്സിററി ആക്ടിന്റെ പ്രിയാംബിളിൽ പറഞ്ഞിട്ടുണ്ടു്, സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും കൂടിയാണു് ഇവിടെ യൂനിവേഴ്സിററി സ്ഥാപിച്ചിട്ടുള്ളതെന്നു്. സാങ്കേതിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി, ഈ നാട്ടിൽ സാങ്കേതിക വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി, ആണു് ഈ യൂനിവേഴ്സിററി സ്ഥാപിച്ചിരിക്കുന്നതെന്നു് വ്യക്തമായി പറഞ്ഞിട്ടുണ്ടു്. എങ്കിലും ഇന്നു സാങ്കേതിക വിദ്യാഭ്യാസത്തിനു എന്തു പ്രോൽസാഹനമാണു ലഭിക്കുന്നതെന്നു് ശ്രദ്ധിച്ചുനോക്കിയാൽ മനസ്സിലാക്കാൻ കഴിയും. ഇന്നു് പഴയ വിദ്യാഭ്യാസ രീതിതന്നെ, അതായതു് മുൻപു് ഇംഗ്ലീഷുകാർ നടത്തിക്കൊണ്ടുവന്നിരുന്ന രീതി തന്നെ, അവിച്ഛിന്നം തുടർന്നുകൊണ്ടുപോവുകയാണെന്നുള്ളതു് ദുഃഖകരമായ ഒരു സത്യമാണു്. ആണ്ടുതോറും സഹസ്രക്കണക്കിനു ബിരുദധാരികളെ കാളേജുകളിൽനിന്നും പറഞ്ഞയച്ചുകൊണ്ടിരിക്കുകയാണു്. പറയത്തക്കയാതൊരു വ്യത്യാസവും പഴയ ഇംഗ്ലീഷു വിദ്യാഭ്യാസ രീതിയിൽനിന്നും നടപ്പിൽ വരുത്തിയിട്ടില്ല എന്നുള്ള കാര്യമാണു് ഈ സഭയുടെ ദൃഷ്ടിയിൽ എനിക്കു കൊണ്ടുവരുവാനുള്ളതു്. യൂണിവേഴ്സിററിയുടെ ൧൯൫൦—൫൧-ലെ ഭരണറിപ്പോർട്ടു പരിശോധിച്ചു നോക്കിയാൽ നമുക്കു ചില സംഗതികൾ മനസ്സിലാക്കാൻ കഴിയും. എല്ലാ കാളേജുകളിലും കൂടി ൧൯൪൯–൫൦-ൽ, ൧൬൩൨ വിദ്യാർത്ഥികൾ ഉണ്ടായിരുന്നതിൽ ൨൩൪ പേർക്കാണു സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചതു്. ൧൯൫൦–൫൧-ൽ, ൧൭൫൨ വിദ്യാർത്ഥികൾ ഉണ്ടായിരുന്നതിൽ ൧൯൯ പേർക്കു മാത്രമാണു് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളതു്. യൂണിവേഴ്സിററിയിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നിന്നുള്ള കണക്കുകളാണിതു്. ൧൯൪൯–൫൦-ൽ ൨൩൪ പേർക്കു സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിരിക്കെ, ൧൯൫൦–൫൧-ൽ അതു ൧൯൯ ആയി കുറഞ്ഞു. ഇതു നോക്കിയാൽ ആണ്ടുതോറും സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും പ്രോൽസാഹനവും കുറഞ്ഞു കുറഞ്ഞു വരികയാണു് എന്നു കാണാം.

ഈയിടെ എന്റെ നിയോജകമണ്ഡലത്തിലെ ഒരു ഭാഗമായ ചാത്തന്നൂർവച്ചു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു പ്രസംഗംചെയ്തു. അദ്ദേഹം പ്രസംഗിക്കുകയുണ്ടായി, നമ്മുടെ നാട്ടിൽ സാങ്കേതിക വിദ്യാഭ്യാസമുള്ള ധാരാളം ആളുകൾ വേണ്ടിയിരിക്കുന്നു എന്നു്, നമുക്കു് ഡാക്ടർമാർ വേണം, എഞ്ചിനീയറന്മാർ വേണം, അതിനുവേണ്ടി സാങ്കേതിക വിദ്യാഭ്യാസത്തിനു കഴിയുന്നത്ര പ്രോൽസാഹനം ഇവിടെ വേണം, വിദ്യാർത്ഥികൾ വഴി തെററിപ്പോകരുതു് എന്നും മററും അദ്ദേഹം പറഞ്ഞു. ആ പ്രസംഗത്തിന്റെ അലകൾ അവിടത്തെ അന്തരീക്ഷത്തിൽ അങ്ങനെ തങ്ങി

നിൽക്കുന്നുണ്ട്. അതേസമയം യൂണിവേഴ്സിററിയുടെ കീഴിൽ നടക്കുന്നതു എന്താണെന്നു നമുക്കു നോക്കാം. എനിക്കു തോന്നുന്നതു് ഇവിടെ സാങ്കേതിക വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിന്, നമുക്കാവശ്യമുള്ള എൻജിനീയർമാർ—ഡാക്ടർമാർ മുതലായ സാങ്കേതിക വിദഗ്ദ്ധന്മാരെ ലഭിക്കുന്നതിനു് ഇവിടെ ഒരു മെഡിക്കൽ കാളേജു തുടങ്ങിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല—പര്യാപ്തമായ, വ്യക്തമായ ഒരു പരിപാടി ഇല്ലായെന്നാണു്. സാങ്കേതിക വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രോൽസാഹനം ഈ മന്ത്രിസഭയുടേയും യൂണിവേഴ്സിററിയുടേയും കീഴിൽ ലഭിക്കുന്നില്ലെന്നാണു എനിക്കു തോന്നുന്നതു്.

മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, അഭ്യസ്ത വിദ്യരായ ആളുകളുടെ തൊഴിലില്ലായ്മയെപ്പററിയാണു്. തൊഴിൽ ശൂന്യരായ അഭ്യസ്ത വിദ്യരുടെ എണ്ണം അനുദിനം സംഭ്രമജനകമായ വിധം വർദ്ധിച്ചു വരുന്നുണ്ടെന്നു കാണാം. ഇങ്ങനെ നാൾക്കുനാൾ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിച്ചു വരുന്നതു അപകടമാണെന്നു കണ്ടു് ഗവണ്മെൻറു ചില നടപടികൾ അതിനെ തടയാൻ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. അതിനു് ചില ആയുധങ്ങൾ പ്രയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ഒന്നാമത്തെ ആയുധം ഡിററൻഷൻ സംപ്രദായമാണു്. കാളേജുകളിൽ പഠിക്കുന്നതിൽ വളരെ നല്ല പ്രോഗ്രസുള്ള വിദ്യാർത്ഥികളെ രാഷ്ട്രീയമായ കാരണങ്ങളും മററും പറഞ്ഞു ഡിറെറയിൻ ചെയ്യുന്നതിനുള്ള കഥ, ഇവിടെ ഈ സഭയിൽതന്നെ ചർച്ചചെയ്തു വന്നിട്ടുള്ളതാണു്. കൂടാതെ വിജയ ശതമാനം ആണ്ടുതോറും കുറയ്ക്കുക എന്നുള്ളതാണു് മറെറാരു കാര്യം. ൧൯൫൯-൬൦-ൽ ഇന്റർമീഡിയററിന്റെ വിജയ ശതമാനം ൪൩ ആയിരുന്നതു് ൧൯൬൦-൬൧-ൽ ൨൨ ശതമാനമായി കുറഞ്ഞിട്ടുണ്ട്. ബിരുദധാരികളുടെ എണ്ണം വെട്ടി കുറയ്ക്കാനുള്ള ഒരു വിദ്യയാണു ഇതെന്നു് എനിക്കു തോന്നുന്നു. രാഷ്ട്രീയ കക്ഷികളുടെ പ്രചാരണായുധമായി വിദ്യാർത്ഥികൾ മാറിയിട്ടുണ്ടെന്നും വിദ്യാഭ്യാസകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നും മററും ആണു സ്റ്റാൻഡേർഡു കുറയാൻ കാരണമായി പറയുന്നതു്. പക്ഷെ, അല്പം ശാന്തമായി ആലോചിച്ചാൽ, വിദ്യാർത്ഥികളോടുള്ള പക അല്പം മാററി വച്ചിട്ടു നോക്കിയാൽ, നമുക്കു ഇതിനുള്ള ശരിയായ കാരണം മനസ്സിലാക്കാൻ സാധിക്കും. ൧൯൪൨-ൽ വിദ്യാർത്ഥികൾ ഇവിടെ സമരം നടത്തി. ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ അവർ പങ്കെടുത്തു. അന്നു് കാൺഗ്രസു നേതാക്കന്മാർ വിദ്യാർത്ഥികളെ സമരത്തിനു ആഹ്വാനം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളെ അനുഗ്രഹിക്കയും ആശ്ലേഷിക്കുകയും ചെയ്തിട്ടുണ്ട്. അക്കാലത്തൊന്നും അവരുടെ സ്റ്റാൻേറർഡു് കുറഞ്ഞിട്ടുള്ളതായി പറഞ്ഞു കേട്ടിട്ടില്ല. എന്നാൽ ഇന്നു്, വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതുകൊണ്ടാണു അവരുടെ സ്റ്റാൻഡേർഡു്, കുറയുന്നതെന്നു ഒരു വാദം ഉന്നയിക്കുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. സ്റ്റാൻേറർഡു് കുറയുവാനുള്ള കാരണമെന്താണെന്നു നമുക്കു ഒന്നു പരിശോധിച്ചുനോക്കാം. പ്രധാനമായ ഒരു കാരണം സെക്കൻററി സ്കൂളുകളിലെ ബോധന ഭാഷ മലയാളമാക്കിയതാണു്. ഹൈസ്കൂളിൽ എല്ലാ ഐച്ഛിക വിഷയങ്ങളും മലയാളത്തിൽ പഠിച്ചതിനുശേഷം, കാളേജിൽ പോകുമ്പോൾ അതെല്ലാം ഇംഗ്ലീഷിൽ പഠിക്കേണ്ടിയിരിക്കുന്നു. അതു വിദ്യാർത്ഥികൾക്കു വളരെ പ്രയാസം നേരി

[ശ്രീ. പി. രവീന്ദ്രൻ]

ടുന്ന ഒരു സംഗതിയാണ്. ഇംഗ്ലീഷിൽ നല്ല സ്റ്റാൻഡേർഡില്ലാത്ത വിദ്യാർത്ഥികൾക്കു കാളേജിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ മനസ്സിലാക്കുന്നതിനു വിഷമമാണെന്ന് വിദ്യാർത്ഥികളും, അവരെ പഠിപ്പിക്കുന്നതിന് വിഷമമാണെന്ന് അദ്ധ്യാപകന്മാരും ഒരേസമയത്തു് പറയുന്നുണ്ട്.

Shri A. A. D. Luiz : Is it the opinion of the hon. Member that the standard of English in the High schools and Secondary Schools must be improved ?

ശ്രീ. പി. രവീന്ദ്രൻ : സെക്കൻററി സ്കൂളുകളിലും സ്റ്റാൻഡേർഡു ഇംപ്രൂവു ചെയ്യണമെന്നു എനിക്കഭിപ്രായമുണ്ട്. കാളേജുകളിൽ പഠിപ്പിക്കുന്നതിന് വേണ്ടത്ര സ്റ്റാഫ് ഇല്ലെന്നുള്ളതാണ് സ്റ്റാൻഡേർഡ് കുറയാനുള്ള മറ്റൊരു കാര്യം. ഇതു എല്ലാ കാളേജുകളിലും, പ്രത്യേകിച്ച് പ്രൈവററ കാളേജുകളിലും കണ്ടുവരുന്നതാണ്. ഉദാഹരണമായി എം. ജി. കാളേജിൽ ജൂനിയർ ഇൻറർ, എഫ്. ബാച്ചിൽ ഇംഗ്ലീഷു പഠിപ്പിക്കാൻ ഒരു കൊല്ലത്തിനിടയിൽ അഞ്ചു ലക്ചറന്മാരെ മാററി മാററി നിയമിച്ചിട്ടുള്ളതായി എനിക്കറിയാം. ഇങ്ങനെ ചെയ്യുന്നതും വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡു കുറയുന്നതിനു കാരണമാണ്. പ്രൈവററ കാളേജുകളിലെ അദ്ധ്യാപകന്മാൎക്കു ശരിയായ ശമ്പളം നൽകുന്നില്ല. ഇതിനെ സംബന്ധിച്ച് ഈ നിയമസഭയുടെ ആദ്യത്തെ സമ്മേളനത്തിൽ ഞാൻ ഒരു ചോദ്യം അയച്ചിരുന്നതിന് എനിക്കു കിട്ടിയ മറുപടി "Government had no occasion to consider it" എന്നാണ്. ൧൯൫൨ ജൂണിൽ സെനററ മീററിംഗ് കൂടിയപ്പോൾ പ്രൈവററ കാളേജുകളിലെ ററീച്ചിംഗ് സ്റ്റാഫിൻെറ ശമ്പളം കൂട്ടുന്ന കാര്യത്തെപ്പററിയുള്ള ഒരു പ്രമേയം ചർച്ചാ വിഷയമായി. ആ പ്രമേയം സംസാരിച്ചു തീൎക്കുകയുണ്ടായി. അതിന് യാതൊരു ഫലവുമുണ്ടായില്ല. വീണ്ടും ൧൯൫൩ മാർച്ചിൽ ഈ പ്രശ്നം സെനററിൽ ചർച്ചയ്ക്കുവന്നു. അന്നു പറഞ്ഞതു പ്രൈവററ കാളേജുകളിലെ സ്റ്റാഫിൻെറ സ്റ്റാററിസ്റ്റിക്സ് ശേഖരിക്കാൻ പോകുന്നു, അതു കിട്ടിയതിനുശേഷമേ ഈ കാര്യം പര്യാലോചിക്കാൻ സാധിക്കുകയുള്ളു എന്നാണ്. സർ, വേണമെങ്കിൽ ഒററദിവസംകൊണ്ട് ആവശ്യമുള്ള സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കാവുന്നതേയുള്ളു.

മിക്ക കാളേജുകളിലും ലാബറട്ടറികളും, ലൈബ്രറികളും സൗകര്യമായില്ലെന്നുള്ളതാണ് മറെറാരു സംഗതി. അതിൻെറ ചില കണക്കുകൾ ഞാൻ ഇവിടെ ഉദ്ധരിക്കാം. ൧൯൫൧-ൽ, യൂണിവേഴ്സിററി കാളേജിൽ ൧൮൧൨ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അവിടത്തെ ലൈബ്രറിയിൽ ൩൭,൭൧൧ പുസ്തകങ്ങൾ ഉണ്ടായിരുന്നു. ശ്രീ നാരായണകാളേജിൽ, ൧൫൭൯ വിദ്യാർത്ഥികളും, അവിടത്തെ ലൈബ്രറിയിൽ ൫൦൭൯ പുസ്തകങ്ങളും, മഹാത്മാഗാന്ധി കാളേജിൽ, ൧൮൫൭ വിദ്യാർത്ഥികളും, ലൈബ്രറിയിൽ ൨൨൮൯ പുസ്തകങ്ങളും ഉണ്ടായിരുന്നതായിട്ടാണു ഈ കണക്കുകൊണ്ട് കാണുന്നതു്. ഈ കണക്കിൽനിന്നും പ്രൈവററ കാളേജുകളിൽ ആവശ്യത്തിനുള്ള പുസ്തകങ്ങൾ ഇല്ലെന്നു കാണാൻ കഴിയും. ഈ കാരണങ്ങളാലാണ് വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡു കുറയുന്നതു്. അല്ലാതെ

രാഷ്ട്രീയ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾ ഇടപെടുന്നതുകൊണ്ടല്ല. വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾ സാധിച്ചു കൊടുക്കണമെന്നാണ് ഇന്നാട്ടിലെ ജനങ്ങൾ ആവശ്യപ്പെടുന്നത്.

ശ്രീ. പി. സദാശിവൻപിള്ള: സർ, ഒരന്നപാരമായി ഈ ഗവൺമെൻറിനു യാതൊരു കാര്യവുമില്ലാത്ത പ്രൈവററ കാളേജുകളുടെ കാര്യം ഈ സഭയിൽ പരാമർശിക്കാമോ?

Mr. Speaker : That has to be viewed from another aspect. All these colleges are supported by Government grants, therefore, matters relating to these colleges, can be discussed.

ശ്രീ. പി. രവീന്ദ്രൻ: സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. വിദ്യാർത്ഥികളുടെ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിന് യൂണിവേഴ്സിററിയെ പ്രേരിപ്പിക്കാൻ ഗവർമ്മെൻറിനു കടപ്പാടുണ്ടെന്നുള്ളതു നാം വിസ്മരിക്കാൻ പാടില്ലാത്തതാണ്. രണ്ടു ദിവസം മുമ്പ് യൂണിവേഴ്സിററി ഹോസ്റ്റലിൽനിന്നും രണ്ടു അദ്ധ്യാപകന്മാരെ വിദ്യാർത്ഥികളുടെ അവകാശസമരത്തിൽ സഹതാപം പ്രകടിപ്പിച്ചു കാരണത്താൽ പറഞ്ഞയക്കുകയുണ്ടായി എന്നുള്ള വസ്തുതയും ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഇന്നു വിദ്യാർത്ഥികളുടെ ന്യായമായ അവകാശവാദങ്ങൾ ചവുട്ടി മെതിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ നയം മാററണമെന്നുള്ളതാണ് എനിക്കു പറയുവാനുള്ളത്. സർ, ഞാൻ എന്റെ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Speaker : I would now ask Mr. Ramakrishnan to move his cut motion No. 27 so that the question of relevancy may not be again raised by points of orders.

Shri Ramakrishnan : Sir, I move: To reduce the allotment of Rs. 36, 45, 445 for University by Re. 1.

സർ, ഒരുപക്ഷെ രാഷ്ട്രമായി കെട്ടിപ്പടുക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെപ്പററി പ്രത്യേകം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇന്നു ലക്ഷക്കണക്കിനു ഉറപ്പിക ചെലവുചെയ്തു ഒരു സർവകലാശാലയും കാളേജുകളും നടത്തിവരുന്നു. അവയിൽ വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾക്കു എത്രത്തോളം സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട് എന്നുള്ള സംഗതി പരിശോധിക്കുമ്പോൾ അതു ഏററവും പരിതാപകരമാണെന്നു പറയാതെ നിവൃത്തിയില്ല. വിദ്യാർത്ഥികളുടെ താമസസൗകര്യങ്ങളെപ്പററിത്തന്നെ പല പരാതികൾ ഉണ്ടായിട്ടുണ്ട്. പല കാര്യങ്ങളിലും ജനങ്ങൾക്ക് ഗുണമുണ്ടാകുന്നുണ്ടോ എന്നുള്ള ഗണനയില്ലാതെതന്നെ ഉറപ്പിക ചെലവഴിച്ചു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ വിദ്യാർത്ഥികളെ പണിപ്പെട്ടു ഉന്നതവിദ്യാഭ്യാസത്തിനു അയയ്ക്കുമ്പോൾ ആ വിദ്യാർത്ഥികളോടു വാടക കൂടുതൽ മേടിക്കാതെതന്നെ അവരെ വിദ്യാഭ്യാസം ചെയ്യുന്നതിനു സഹായിക്കേണ്ട ചുമതല ഈ ഗവൺമെൻറിനുണ്ടെന്നുള്ളതു ഈ അവസരത്തിൽ ഗവൺമെൻറിനെ ഓർമ്മപ്പെടുത്തുന്നു.

[ശ്രീ. രാമകൃഷ്ണൻ]

ഒന്നാമത്തു ഇവിടെ ആർട്ട്സ് കാളേജുകളാണു അധികമായി സ്ഥാപിച്ചുകാണുന്നതു്. പണ്ടൊരിക്കൽ ശ്രീമൂലം അസംബ്ലിയിൽ ഇവിടെ ആദ്യമായി ജിറാഫിനെകൊണ്ടുവന്നു വളർത്തിയപ്പോൾ ഇവിടത്തെ ഒരു സമുദായത്തിനു സാമുദായിക പ്രാതിനിധ്യമനുസരിച്ചു് ആ സമുദായത്തിനും അതിനെ ആവശ്യപ്പെട്ടതായി കേട്ടിട്ടുണ്ടു്. അതുപോലെ ഇന്നു എസ്സ്. എൻ. ഡി. പി. യോഗത്തിനും, എൻ. എസ്സ്. എസ്സിനും, ക്രിസ്തീയ സമുദായങ്ങൾക്കും മററും മതത്തിന്റെ അടിസ്ഥാനത്തിൽ കാളേജുകൾ സ്ഥാപിച്ചു വരുന്നുണ്ടു്. നമ്മുടെ രാജ്യം ഒരു മതേതരരാഷ്ട്രമാണെന്നും അതിൽ വർഗ്ഗീയതയ്ക്കു യാതൊരു സ്ഥാനവുമില്ലെന്നും സ്ഥാനത്തും അസ്ഥാനത്തും ഘോഷിക്കുന്നവർ ഈ കാളേജുനിർമ്മാണത്തിൽ ഇത്ര ഔദാര്യവു കാണിക്കുന്നതു ഒരുപക്ഷെ വേറെ ചില കാര്യങ്ങളുടെ രക്ഷക്കും വേണ്ടിയായിരിക്കും. അങ്ങിനെ രാഷ്ട്രീയലക്ഷ്യങ്ങളോടുകൂടിയാണു ഈ വർഗ്ഗീയമായ പ്രൈവററ് കാളേജുകൾക്കു ഗ്രാൻറുകൊടുക്കുന്നതെന്നാണെനിക്കു തോന്നുന്നതു്.

ശ്രീ. കെ. മാധവനുണ്ണിത്താൻ: ഒരു വർഗ്ഗക്കാർമാത്രം പഠിക്കുന്ന കാളേജുകൾ ഈ രാജ്യത്തുണ്ടോ?

ശ്രീ. രാമകൃഷ്ണൻ: അക്കാര്യം മെമ്പർക്കും അറിവുള്ളതാണല്ലോ. പക്ഷെ ഒരു പ്രത്യേക അന്തരീക്ഷത്തിലാണു അവിടെ വിദ്യാഭ്യാസം നടന്നുകൊണ്ടിരിക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പർ അതു ഒരു പക്ഷെ മറന്നുപോയിരിക്കാം.

ശ്രീ. കുഞ്ഞിതൊമ്മൻ: മെമ്പർ ഏതു കാളേജിലാണു പഠിച്ചതു്?

ശ്രീ. രാമകൃഷ്ണൻ: 'പണ്ഡിററ്' ജവഹർലാൽ എഴുതിയിട്ടുള്ള ഒരു ബുക്കുപോലും അശാസ്ത്രീയമാണെന്നും അതു ക്ലാസിൽ ടെക്സ്ററ് ബുക്കാക്കാൻ പാടില്ലെന്നും പറഞ്ഞ ഒരു ജനവിഭാഗം ഇവിടെയുണ്ടു്. ഇന്നു ഇവിടെ സ്വയംഭരണം അനുവദിച്ചിട്ടുണ്ടു്. അതു നടക്കുന്നു എന്നും പറയുന്നു. അപ്പോൾ അങ്ങിനെ ചെയ്യുന്നതു ന്യായമാണോ എന്നു നാം ആലോചിക്കേണ്ടതാണു്. കാൺഗ്രസ്സിന്റെ പ്രസിഡൻറാണു് പണ്ഡിററ് ജവഹരിലാൽ നെഹ്റു. അദ്ദേഹം എഴുതിയ ഒരു പുസ്തകം ഇന്നു ഒരു വിഭാഗക്കാർ സ്വീകരിക്കുന്നതിനു തയാറില്ല. അങ്ങനെയുള്ള കാൺഗ്രസ്സുകാർക്കാണു ഇന്നു സമുദായത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കാളേജുകൾ അനുവദിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ ഇവിടത്തെ സംസ്കാരം വളരാൻ പോകുന്നില്ല എന്നുള്ള വാസ്തവം മറച്ചുവയ്ക്കേണ്ടതല്ല.

തിരുവനന്തപുരത്തു നടക്കുന്ന ഗവണ്മെൻറു ഹോസ്റ്റലിൽ നിന്നും അവിടത്തെ അഴിമതികളെ സംബന്ധിച്ച വിവരങ്ങൾ ഈ അവസരത്തിൽ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ മെസ്സിൽ ജോലിനോക്കുന്ന ഒരാളെ വാർഡന്റെ കാർ ഡ്രൈവറായി നിയമിച്ചിരിക്കയാണു്. ഒരു പോലീസുദ്യോഗസ്ഥനായിരുന്ന അസിസ്റ്റൻറു വാർഡന്റെ പാചകനാണു് മെസ്സിലെ ഒരു ബോയി. ഇവർക്കു രണ്ടുപേർക്കും മെസ്സിൽ ഭക്ഷണവും അവിടത്തെ കണക്കിൽ ശമ്പളവും കൊടുക്കുന്നു. ഇവരുടെ ചെലവുകളും വിദ്യാർത്ഥികളുടെ ചെലവിൽ ചേർത്തു വരുത്തുന്നതുകൊണ്ടു അവർ സഹിക്കേണ്ടിവരുന്നു.

ഈ അവസരത്തിൽ ഒരു കാര്യം കൂടി എനിക്കു പറയുവാനുള്ളതു ൯൰ ലക്ഷത്തോളം വരുന്ന ജനസംഖ്യയുള്ള ഈ രാജ്യത്തു ഉന്നതവിദ്യാഭ്യാസത്തിനു സൗകര്യം ലഭിക്കുന്നതു പതിനാറായിരമോ പതിനേഴായിരമോ വിദ്യാർത്ഥികൾക്കു മാത്രമാണു്. അതേ സമയത്തു ആകെ ജനസംഖ്യയുടെ എൺപതിഅഞ്ചു ശതമാനത്തിൻെറ ഉന്നതവിദ്യാഭ്യാസത്തെപ്പററി നമ്മുടെ ഭരണകർത്താക്കൾ ഗൗനിക്കുന്നില്ല. സർ, രാധാകൃഷ്ണൻെറ യൂണിവേഴ്സിററിയെ സംബന്ധിച്ചുള്ള റിപ്പോർട്ടിൽ ഇതു സംബന്ധിച്ചു എടുത്തു പറഞ്ഞിട്ടുണ്ടു്. സ്കാൻഡിനേവിയൻ രാജ്യത്തിൽ പ്രത്യേകിച്ചു ഡെന്മാർക്കിൽ സഹകരണ പ്രസ്ഥാനങ്ങൾ മുഖേന ഇതുപോലുള്ള സാംസ്കാരിക പദ്ധതികൾ വികസിപ്പിച്ചിട്ടുള്ളതു എല്ലാവരും സമ്മതിച്ചിട്ടുള്ള കാര്യമാണു്. അവിടെ പീപ്പിൾസ് യൂണിവേഴ്സിററിയും പീപ്പിൾസ് കാളേജുകളും ആരംഭിച്ചിട്ടു ഏകദേശം ഒരു നൂററാണ്ടു ആയിരിക്കും എന്നു തോന്നുന്നു. പക്ഷെ ഭാരതത്തിൽ അതു സംബന്ധിച്ചു ഇപ്പോൾ ആലോചിച്ചു തുടങ്ങിയതേയുള്ളു. അവിടെയുള്ള ജനങ്ങളിൽ ഏകദേശം മൂന്നിലൊന്നുഭാഗം പീപ്പിൾസ് കാളേജുകളിൽ ചേർന്നു പഠിച്ചുവരുന്നുണ്ടു്. ഈ കാളേജുകളിൽ നിന്നുള്ള ഗുണം പരോക്ഷമായി ബാക്കിയുള്ള മൂന്നിലൊന്നു ഭാഗത്തിനും ലഭിക്കുന്നുണ്ടു്. അതുകൊണ്ടെനിക്കീയവസരത്തിൽ ഗവണ്മെൻറിനെ അറിയിക്കാനുള്ളതു നമ്മുടെ ഗ്രാമീണർക്കു ഉന്നതവിദ്യാഭ്യാസവും സാമൂഹ്യവിദ്യാഭ്യാസവും ഉണ്ടാക്കുന്നതിനു ഡെന്മാർക്കിലെ പീപ്പിൾസ് കാളേജിൻെറ മാതൃകയിൽ ഉള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണു്.

(Shri R. Kesava Pillai rose to speak.)

Mr. Speaker : Have you sent a motion, Mr. Kesava Pillai?

Shri R. Kesava Pillai : Yes, Sir..

Mr. Speaker : Which is the motion?

Shri R. Kesava Pillai : Motion No. 6.

Mr. Speaker : Yes. You can speak.

ശ്രീ ആർ. കേശവപിള്ള: സർ, ഇവിടെ സർ ആർക്കാട്ടു രാമസ്വാമി മുതലിയാരെ യൂണിവേഴ്സിററി വൈസ്ചാൻസലറാക്കിയതിൽ പ്രതിപക്ഷകക്ഷിയിൽപെട്ട ഒരാൾ ചില പ്രതിഷേധങ്ങൾ നടത്തിയതു കേൾക്കുന്നതിനു ഇടയായി. സർ ആർക്കാട്ടു രാമസ്വാമി മുതലിയാരെപ്പോലെ ഒരു മഹാനെ ഇവിടത്തെ വൈസ്ചാൻസലറായി കിട്ടാൻ സാധിച്ചതു ഒരു വലിയ നേട്ടമായിട്ടാണു നാം കരുതുന്നതു്. അദ്ദേഹം അഖിലലോക പ്രശസ്തിയുള്ള ഒരാളാണു്. യു. എൻ. ഒ. യിൽ പല സമിതികളിലും പ്രസിഡൻറായിട്ടുണ്ടു്. അദ്ദേഹം ഇൻഡ്യയിൽ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമായിരുന്നു. മൈസൂർ സ്റ്റേറ്റിൽ ദിവാൻജിയായിരുന്നു. അങ്ങിനെ പല വലിയസ്ഥാനങ്ങളും വഹിച്ചിട്ടുള്ള ഒരു മാന്യപുരുഷനാണു അദ്ദേഹം. അദ്ദേഹത്തെപ്പോലെ ഒരു വൈസ്ചാൻസലറെ കിട്ടിയതുകൊണ്ടു് ഈ യൂണിവേഴ്സിററിക്കു സകലവിധത്തിലും ശ്രേയസ്സ് സിദ്ധിച്ചിട്ടുണ്ടു് എന്നാണു ഞാൻ അറിഞ്ഞിട്ടുള്ളതു്. സർ ആർക്കാട്ടു രാമസ്വാമി മുതലിയാരെ തിരുവിതാംകൂർ

[ശ്രീ. ആർ. കേശവപിള്ള]

യൂണിവേഴ്സിററിയിൽ വൈസ്ചാൻസലർ ആക്കിയതു ആരും പ്രതിഷേധിക്കാതിരുന്നതു ഈ രാജ്യം അത്ര സംസ്ക്കാരമുള്ളതുകൊണ്ടുമാത്രമാണു്. ഇതുപോലെതന്നെ സി. ആർ. റെഡ്ഡി മൈസൂർ യൂണിവേഴ്സിററിയിലും വൈസ്ചാൻസലറായിരുന്നു. അദ്ദേഹം ഒരു ആന്ധ്രാക്കാരനായിരുന്നു. മൈസൂർ കന്നഡ ഭാഷ സംസാരിക്കുന്ന രാജ്യമാണു്. എന്നിട്ടുകൂടി സി. ആർ. റെഡ്ഡി അവിടെ വൈസ്ചാൻസലറായി നിയമിച്ചതിൽ ആരും പ്രതിഷേധിച്ചില്ല. ഇങ്ങനെ വെറും പ്രാദേശികമായിട്ടുള്ള പ്രതിഷേധങ്ങൾ വച്ചുകൊണ്ടിരുന്നാൽ നമ്മുടെ രാജ്യം പുരോഗമിക്കാൻ പോകുന്നില്ല. രണ്ടാമതായി വിദ്യാർത്ഥികളെ സി. ഐ. ഡി. കൾവലയംചെയ്യുന്നു എന്നും ഒരു കാളേജിൽനിന്നും സർട്ടിഫിക്കററു വാങ്ങി മററു കാളേജുകളിൽ ചേരുന്നതിനു ചെല്ലുന്ന വിദ്യാർത്ഥികളെ കാളേജുകളിൽ പ്രവേശിപ്പിക്കുന്നില്ല എന്നും പറയുന്നതുകേട്ടു. സർ, ഇന്നു കുട്ടികളെ ചേർക്കുന്നകാര്യത്തിൽ ചില അനുഭവങ്ങൾ എനിക്കുമുണ്ടു്. കഴിഞ്ഞയാണ്ടിൽ കൊട്ടാരക്കര സുരേന്ദ്രൻ......

Mr. Speaker : Is he dead or alive?

Shri R. Kesava Pillai : He is alive.

Mr. Speaker : I am putting it in a general way. A professor or principal may be good or bad. But the particular professor or principal is not given any chance to reply to the charges made against him here.

Shri R. Kesava Pillai: What I want to state here is that the particular student was expelled from a certain college on the ground—

Mr. Speaker: Leave him alone. The University is not going to be affected either way because of this one particular student.

ശ്രീ. ആർ. കേശവപിള്ള: രണ്ടാമതെനിക്കു പറയാനുള്ളതു ഇന്നു ഈ കാളേജുകളിൽ പരിശീലനം കഴിഞ്ഞു പുറത്തുവരുന്നവർക്കു തൊഴിലില്ലായ്മ ധാരാളമായി ഉണ്ടായിട്ടുണ്ടു്. ഈ യൂണിവേഴ്സിററിയിൽ ൧൯൫൦–൫൧-ൽ ൧,൯൦൨ പുരുഷന്മാരും ൪,൦൭൦ സ്ത്രീകളും പഠിക്കുന്നുണ്ടായിരുന്നു എന്നു കാണുന്നു. ഇതിൽ സാങ്കേതികകാളേജുകളിൽ പഠനം നടത്തിയിട്ടുള്ള ആളുകൾ താരതമ്യേന കുറവായിരിക്കാനാണു എളുപ്പമുള്ളതു്. ഈ പരിതഃസ്ഥിതിയിൽ തൊഴിലില്ലായ്മ കൂടുതൽ വർദ്ധിക്കാനാണെളുപ്പം. അതുകൊണ്ടു ഈ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കൂടുതൽ സാങ്കേതിക പഠനം നടത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണമെന്നുള്ളതാണു എന്റെ വിനീതമായ അപേക്ഷ.

ഇന്നത്തെ മെഡിക്കൽ കാളേജു എടുക്കുകയാണെങ്കിൽ അവിടെ കഴിഞ്ഞകൊല്ലം ൩൦ വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളു. ൧൯൫൦–൫൧-ൽ ൨൦ വിദ്യാർത്ഥികൾക്കു പ്രവേശനമുണ്ടായിരുന്നു. ഈ കാളേജിനുവേണ്ടി ഒരു കോടി രൂപയോളം ചെലവാക്കിയതനുസരിച്ചു അഡ്മിഷൻ വർദ്ധിപ്പിക്കണമെന്നല്ല ഞാൻ പറയുന്നതു്.

നിവൃത്തിയുള്ളിടത്തോളം ഈ കാളേജിൽ കുട്ടികളെ കൂടുതലായി പ്രവേശിപ്പിക്കണം. മദ്രാസ്, വിശാഖപട്ടണം ഇവിടങ്ങളിലെ മെഡിക്കൽകാളേജുകളിൽ ഇതിൽ വളരെക്കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. ഈ വൃം കുട്ടികളെമാത്രമേ പ്രവേശിപ്പിക്കാൻ സാധിക്കയെങ്കിൽ അവിടെ ഷിഫ്റ്റ്സിസ്റ്റം അനുസരിച്ചു ക്ലാസ്സുകൾ നടത്തിയാൽ എന്താണ്. ശ്രീ. ലക്ഷ്മണസ്വാമി മുതലിയാർ തന്നെ ഷിഫ്റ്റ സമ്പ്രദായത്തെപ്പററി വിപരീതാഭിപ്രായമാണ പറഞ്ഞിട്ടുള്ളതു്. എന്നാൽ കേന്ദ്രത്തിൽ ചില വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു അതു തെററല്ല എന്നാണ്. ഇന്നു ഡാക്ടറന്മാരെ നാനാസ്ഥലങ്ങളിലും ആവശ്യമായി തീർന്നിട്ടുണ്ട്. ബർമ്മയിൽ നിന്നുതന്നെ ഇൻഡ്യയിലേക്കു പല അപേക്ഷകൾ വന്നിട്ടുണ്ട് ബർമ്മായിലേക്കു ഡാക്ടറന്മാരെ അയച്ചുകൊടുക്കണമെന്നു്. ഇങ്ങനെ ഡാക്ടറന്മാരുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നാം അതിനെ ശരിയാക്കാതിരിക്കുന്നതെന്താണ്. നമ്മുടെ മെഡിക്കൽ കാളേജിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനു കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അല്ലെങ്കിൽ എറണാകുളത്തു ഒരു മെഡിക്കൽകാളേജുകൂടി ഉണ്ടാക്കണം. ഈ തിരുവിതാംകൂർ-കൊച്ചിയിൽ എറണാകുളത്തുകൂടി ഒരു മെഡിക്കൽകാളേജു സ്ഥാപിക്കുന്നതു നന്നായിരിക്കും.

രണ്ടാമതായി എനിക്കു പറയാനുള്ളതു എൻജിനീയറിംഗു കാളേജിനെപ്പററിയാണ്. എൻജിനീയറിംഗ് കാളേജിൽ കഴിഞ്ഞ വർഷം ൧൨൦ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു എന്നാണെന്റെ അറിവ്. ഇന്നു ൯൦ ലക്ഷം ജനസംഖ്യയുള്ള മൈസൂർസ്റ്റേററിൽ നാലു എൻജിനീയറിംഗു കാളേജുകൾ ഉണ്ട്. ബാംഗ്ലൂരിൽ രണ്ട്, മൈസൂരിൽ ഒന്ന് മററ് ഒരു സ്ഥലത്തു ഒന്ന്, ഇങ്ങനെ നാലെണ്ണമാണ്. മൈസൂറിൽ ജനസംഖ്യ കുറവായ സ്ഥലത്തു നാലു കാളേജുള്ളസ്ഥിതിക്കു ഇവിടെ അതിൽ പകുതിയായ രണ്ടു കാളേജെങ്കിലും വേണ്ടതല്ലേ. ഇപ്പോൾ തൃശ്ശൂർ ഒരു ഡിപ്ലോമാകാളേജുണ്ട്. അതും ഒരു എൻജിനീയറിംഗ് കാളേജാക്കാൻ പാടുള്ളതല്ലേ. അതൊരു എൻജിനീയറിംഗ് കാളേജായി ഉയർത്തണം. നമുക്കു സാങ്കേതികമായ പരിഷ്കകൾ വളരെ ആവശ്യമുള്ള കാലമാണിതു്. കമ്മ്യൂണിററിപ്രോജക്ടുകളും ഇവിടെ വിജയപ്രദമാക്കുന്നതിനു അതു വളരെ സഹായിക്കും. ഈ അവസരം നാം പാഴാക്കാതെ സാങ്കേതികകാളേജുകൾ കൂടുതൽ സ്ഥാപിച്ച് നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു യൂണിവേഴ്സിററിയെ പ്രേരിപ്പിക്കുന്നതിനു ഗവണ്മെൻറു ശ്രമിക്കണം.

ഇന്നു നാം ആ വിധത്തിലുള്ള ശ്രമം വളരെ കുറച്ചുവച്ചിരിക്കയാണ്. ഈ വിധത്തിലല്ലാതെ മുമ്പോട്ടു പോകാൻ സാധിക്കുകയില്ല. ഇവിടെ ബി. കാം. കോഴ്സ് യൂണിവേഴ്സിററി കാളേജിൽ മാത്രമേ നടക്കുന്നുള്ളു എന്നാണെന്റെ അറിവ്. അവിടെ എല്ലാവർക്കും പ്രവേശിക്കുന്നതിനു സൗകര്യമില്ല. ധാരാളം അപേക്ഷകരുണ്ട്. ഈ കോഴ്സ് മററുള്ള കാളേജുകളിൽക്കൂടി ഏർപ്പെടുത്തുന്നതിനു യൂണിവേഴ്സിററിയെ പ്രേരിപ്പിക്കണം.

ശ്രീ. വാസുദേവൻപിള്ള: ഈ രാജ്യത്തു ഏതുമുന്നു കാളേജുകളിൽ ബി. കാം. കോഴ്സ് പഠിപ്പിക്കുന്നുണ്ടെന്നറിയാമോ?

Shri R. Kesava Pillai : I thank the hon. Member for the nformation.

ഇന്നെല്ലാവർക്കും ഉദ്യോഗം കിട്ടണമെന്നുള്ള ഒരാവേശം കാണുന്നുണ്ടു്. ഇതു് ആരോഗ്യകരമായ ഒരു നിലയല്ല. ഇന്നത്തെ വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയിൽ പ്രവേശിച്ചാൽ ദേഹാധ്വാനം ചെയ്യാൻ പ്രായേണ വിമുഖരായിത്തീർന്നിരിക്കുന്നു. ഇന്നു യൂണിവേഴ്സിറ്റി കോഴ്സിൽതന്നെ കുട്ടികൾക്കു ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഒരു സോഷ്യൽസർവ്വീസ് ഏർപ്പെടുത്തണമെന്നുള്ള ബലമായ അഭിപ്രായമുണ്ടു്. അതു നമ്മുടെ യൂണിവേഴ്സിറ്റിയിൽക്കൂടി ഏർപ്പെടുത്തുന്നതിനുള്ള പ്രോഗ്രാം തയാറാക്കുന്നതിനു ഈ ഗവണ്മെന്റു വേണ്ട കല്പനകൾ കൊടുക്കുമെന്നു വിശ്വസിക്കുന്നു.

Shri P. S. Nataraja Pillai : Sir, as far as the University education is concerned, or the constitution of the University itself is concerned, I think it is a fact now recognized and accepted by Government themselves, that the constitution and administration of the universities stand in need of some reform. Government have conceded that point and recognized the necessity for that and have already constituted a committee to revise the University Act. In that connection, Sir, I for one hold the view that universities as academic bodies should be autonomous and that full liberty of action should be given to them. But at the same time, to maintain that academic atmosphere and to have that liberty of action, they must disassociate themselves from the agency work which they are now doing in conducting the Government colleges. As long as our University is not a residential, teaching university, as constituted now,—it is only an examining university laying down the rules for the conduct of examinations, prescribing the syllabuses and purely confining itself to the academic side of it,—I think it will be better for the universities not to undertake the responsibility to control and manage the Government colleges as agents of Government. But at the same time, for the university to be effective and be really useful to the country, it must have post-graduate studies and research branches under the direct control of the University. Facilities for post-graduate studies and a research institute must be directly controlled by the University with a staff which is capable of directing research. One deplorable fact in our Travancore University has been so far, thisthat is, their activities on the side of research, have been very poor; not only that; they are not creditable. Therefore, I for one view that it is the duty of the University to concentrate its attention on the side of research branch and towards post-graduate studies. Even in the research side, it is not pure research on scientific or fundamental research. Research on the humanistic studies, on historical subjects, or research based

on history and literature and economics is also necessary. On this side too, unless there is an efficient co-ordinating director or professor who will be able to give adequate directions to the research students, the University will not be able to produce good results. For that, there must be a Director of Research not only for the scientific branch but also for the other 'humanities' branch. With these Directors on the research branches, the University may conduct post-graduate courses under its direct management and it will then be very useful.

In this connection, Sir, I would also refer to the research publications of the University. I am not quite sure whether this branch—Publication Branch—is attached to the University College or is under the University direct. Whatever that may be, this publication branch ought to go with the University and the oriental research and the publications thereunder must be done directly by the University and adequate facilities and adequate provision in the budget should also be made for that work. My friend who moved the motion laid emphasis on Kerala culture and all that. Sir, even for that, it is the research branch that should be strengthened. It is not merely a Malayalam-knowing or a Tamil-knowing or Andhra-knowing man......

Shri E. P. Varghese : What is this Andhra-knowing man?

Shri P. S. Nataraja Pillai : Telugu-knowing man-it is not a man knowing the language who will be able to revitalise the culture of a country. It is the all-round equipment of the man who controls the University that is wanted for it. Therefore, I think as a preliminary step, the publication of research on oriental studies and the publication branch as a whole may be strengthened and sufficient funds must be allocated for that.

Then, in maintaining the standard and discipline, the University has a primary responsibility. It must be amenable to public opinion as well. We are having a University and the University institutions with its controlling bodies such as the senate, syndicate and their various faculties are there. They must be amenable to public opinion. In my view, the Act now proposed may be so amended as to give opportunities for responsible public opinion on educational matters to be reflected in the several University bodies. Provision must be so made as to afford opportunities for this. It should not be an exclusive body, confined to appointing authorities, rather, employers and employees. One of the criticisms and charges now levelled against the University is that the senate or the syndicate is after all a combination of employers and employees where, very often, the opinion of the employer prevails. Inde-

[Shri P. S. Nataraja Pillai]

pendent opinion must be afforded the opportunity of expressing itself and putting forward its views on educational matters. Therefore, some radical changes will have to be made in the constitution of the senate and syndicate and the other bodies which control the University. That is an aspect which the Government and the University committee should remember before they finalise the revision of the present Act.

Shri N. P. Varghese : Are you suggesting that Government should have more control ?

Shri P. S. Nataraja Pillai : I am not for the Government as such directing the University. I am for an autonomous University body. But at the same time, I feel that the direction of the Government becomes inevitable as long as the University continues as an agent of the Government by running the Government Colleges. The University should dissociate itself from that work. Running the colleges must be the duty of the Government under the Director of Public Instruction. It is only post-graduate studies and research institutions that must be controlled by the University. In matters of University education and the proper field of University activities, the Government may express their opinion but it will not be a controlling factor, say with regard to an opinion that may be reflected in the University body by responsible public men from outside the Government.

Shri L. M. Pylee : May I ask the hon. Member as to how the senate is constituted on the basis of employer and employee?

Shri P. S. Nataraja Pillai : This is the prevailing opinion in the country. I am not fully aware of the present constitution of the University. But I am told, Sir, that there is the control of the University in respect of the University College and other colleges managed by the University and the private colleges, with a view to avoiding clash.

Shri L. M. Pylee : Is the hon. Member aware that there are many members in the senate who are employees?

Shri P. S. Nataraja Pillai : May be. I am not casting any reflection on any member of the senate the present senate or the previous one, but the prevailing opinion in the country is that.

Shri L. M. Pylee : May I assure the hon. Member that the senate, as he said, based on an employer-employee relationship, is not correct?

Shri P. S. Nataraja Pillai : May be. I do not think, however, that it is wholly correct. Since my friend has interrupted me—a man who is responsible enough and who is expected to know educational matters better than myself—I may go to the extent of saying that when particular propositions come up before the senate, the view of the executive is very often endorsed. The executive may be right, but the people think that simply because the executive puts up a particular proposition, it is accepted.

Mr. Speaker : The hon. Member may continue for some time after lunch. The House will now rise and meet again after lunch.

The House rose for lunch at 1.0 p. m. and reassembled at 2.0 p.m. with Mr. Speaker in the Chair.

[2 p. m.]

Shri P. S. Nataraja Pillai (*contd.*): Sir I was saying that the University should not undertake the responsibility of running the Government Colleges as Government's agent. Sir, even now the University has not taken up nor has been saddled with the responsibility of running all the Government Colleges. For example, the professional colleges are run by Government themselves—the Medical College, the Engineering College, and so on. I know there is a certain necessity also for that. The Medical College cannot be run efficiently without a hospital. In the same manner it may not be possible to run the Engineering College without a very good workshop or something like that.

Shri A. J. John : I may inform the hon. Member that the Engineering College is under the University.

Shri P. S. Nataraja Pillai : If I understand correctly, there are certain Arts Colleges run by Government, for example, the Arts Colleges run by the former Cochin Government directly. I say every Government institution must be run either directly by Government under the Director of Public Instruction or by the University. If all the colleges are to be under the control of the University, necessarily every college run and financed by our Government must be under the control of the University. What I want to say is this. When on the grants which are set apart for the University they are managing the colleges on behalf of the Government, certainly, Government will have the necessity to have a control over them. I will go to the extent of questioning their right in academic matters. But there may be a necessity for Government to control. That being so, the University will have to be under the control of Government. But at the same time, I may say that in

[Shri P. S. Nataraja Pillai]:

academic matters, there must be absolute autonomy and non-interference from anybody. I will go to the extent of saying that a research institute of its own should be established. In the Act when amended, a fixed University grant may be made a charge on the consolidated fund absolutely without any interference from Government. The minimum grant to the University may be made a charge on the consolidated fund of the State by a statutory provision and further provision for the development of the University will naturally be looked for from private endowments. That, I think, will make that body very effective and we will be guaranteeing it the autonomy which we wish such a body should have. That kind of arrangement will be more advantageous and more in the interests of higher education.

Then, coming to the question of the individual or the type of individual who is to control University activities, I should like to say that it is a matter of personal opinion. I for one, think, even in spite of the ardent nationalism which every one possesses, it will be necessary at times to request the services of international men if they are available to run educational institutions. So, Sir, it is the equipment, character and capacity that counts. If we get persons of such reputation, character and capacity, I think there is absolutely nothing wrong in putting them in charge of the University. Further, Sir, the question of cultural development of particular races or languages in the country too need not necessarily depend upon the mother-tongue, nor should it be confined to the members of a race or locality. In cultural development, any man may be interested. Take the case of the Malayalam language. The first dictionary was compiled by a European. Take the Dravidian languages. The first correlated grammar for Dravidian languages was written by that famous revered Bishop Caldwel. Nobody will forget that name. So, Sir, it does not depend upon the race or mother tongue of a particular scholar. I say that the present incumbent is a man of whom it cannot be said that he does not possess the required qualifications to fill that place with dignity nor be of service to the country. On the other hand, I do believe that he has the reputation of being one of the very few Indians who has had international reputation and commands respect in foreign countries.

I would like once more to emphasise the necessity to strengthen the research branch of the University. The science and the research branches should be co-ordinated by putting in charge even at a very high cost efficient Directors who will be able to direct research work in those branches.

With these words, I support the motion.

ശ്രീ. എം. കെ. മത്തായി: സർ, ഈ ഗവണ്മെന്റ് ആർട്ട്സ് കാളേജുകൾക്കുവേണ്ടി ആവശ്യത്തിൽക്കവിഞ്ഞ പ്രോത്സാഹനം നൽകുകയും അതേ സമയത്തു സാങ്കേതിക വിദ്യാലയങ്ങൾക്കു അർഹിക്കുന്ന പ്രോൽസാഹനം കൊടുക്കാതെയുമാണിരിക്കുന്നതു്. ഇപ്പോൾ തന്നെ തിരുവിതാംകൂർ-കൊച്ചിയിൽ ആവശ്യത്തിൽ കവിഞ്ഞു് കാളേജുകൾ ഉണ്ടായിരിക്കുകയാണു്. ഇൻഡ്യയിൽ മാത്രമല്ല, ലോകത്തു് ഏതു ഭാഗത്തേക്കാളും വിദ്യാർത്ഥികൾ നമ്മുടെ സംസ്ഥാനത്താണു കൂടുതൽ ഉള്ളതെന്നു ആർക്കും അറിയാവുന്നതാണു്. അപ്രകാരം ആണ്ടുതോറും കാളേജുവിദ്യാർത്ഥികളെ വർദ്ധിപ്പിക്കുന്നതു് ഒരു വഴിപിഴച്ച പുരോഗമനമാണു്. നമ്മുടെ സംസ്ഥാനത്തു് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിവുള്ള അനവധി യുവാക്കന്മാരെ കാളേജുകളിൽ പ്രവേശിപ്പിച്ചു് അവരുടെ കായശക്തിയും, മാനസികശക്തിയും ഇല്ലാതാക്കിത്തീർക്കുകയാണു്. കാളേജുകളിൽ നിന്നും പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ മടിയന്മാരായി, ശരീരംകൊണ്ടു് ജോലിചെയ്യാൻ കെൽപ്പില്ലാത്തവരായി തീരുന്നു. ഈ നിലയാണു് നമ്മുടെ ഗവണ്മെന്റ് തുടർന്നു വരുന്നതു്. കൃഷി, വാണിജ്യം മുതലായ കാര്യങ്ങൾക്കു് വേണ്ടത്ര പരിശീലനം കൊടുത്തു നാട്ടിനു അത്യന്തം ഉപയോഗപ്രദമാക്കുകയാണു വേണ്ടതു്. യുവാക്കന്മാർക്ക് ആവശ്യമുള്ള സ്കൂൾവിദ്യാഭ്യാസം കൊടുത്തു കഴിഞ്ഞാൽ സാങ്കേതികമായ വിദ്യാഭ്യാസം പരിശീലിപ്പിച്ചു് നമ്മുടെ സാമ്പത്തികനിലയെ ഉയർത്താൻ കഴിവുള്ള പല തുറകളിലേക്കും അവരെ പ്രവേശിപ്പിക്കണം. എന്നാൽ, നമ്മുടെ സംസ്ഥാനം അല്ലെങ്കിൽ ഗവണ്മെന്റ് നേരെ മറിച്ചാണു ചെയ്യുന്നതു്. ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിനെപ്പററിയുള്ള മുറവിളി ഒരു വശത്തു്, ദൈനംദിനം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ മറുവശത്തു്. ഇങ്ങനെയിരിക്കെ കാളേജു വിദ്യാഭ്യാസത്തിനുവേണ്ടി, നാട്ടിൽ പല സ്ഥലങ്ങളിലും കാളേജു സ്ഥാപിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് ഉത്സാഹം ചെയ്യുന്നു. രാജ്യത്തു ക്ഷാമമില്ലാതാകണമെങ്കിൽ രാജ്യം സാമ്പത്തികമായി പുരോഗമിക്കണം, രാജ്യം പുരോഗമിക്കണമെങ്കിൽ കമേഴ്സ്യലായിട്ടുള്ള സ്ഥാപനങ്ങൾ വർദ്ധിക്കണം. രാജ്യം കമേഴ്സ്യൽ ആകുംതോറും നമ്മുടെ സാമ്പത്തികനില ഉയരുമെന്നുള്ളതു് നിശ്ചയമാണു്. നമ്മുടെ സംസ്ഥാനത്തെക്കാൾ വളരെ ചെറിയ സംസ്ഥാനങ്ങൾപോലും വാണിജ്യപരമായ കാര്യങ്ങളിൽ വളരെ പുരോഗതിയിലെത്തിച്ചേർന്നിട്ടുണ്ടു്. നമുക്കു് എന്നാണു ഈ സമ്പ്രദായത്തിൽ ഒരു പുരോഗമനം ലഭിക്കാൻ പോകുന്നതെന്നു എനിക്കു് മനസ്സിലാകുന്നില്ല, സർ. പലവിധ അസംസ്കൃത സാധനങ്ങളും നമ്മുടെ നാട്ടിൽ സുലഭമാണു്. ഈ സാധനങ്ങൾകൊണ്ടു് പലതരത്തിലുള്ള വ്യവസായങ്ങളും നടത്താൻ സാധിക്കും. പക്ഷെ, അങ്ങനെ വ്യവസായം നടത്തുന്നതിനുള്ള ഒരു പരിതഃസ്ഥിതിയാണു് സൃഷ്ടിക്കാതിരിക്കുന്നതു്. രാജ്യം വ്യാവസായികവും കാർഷികവുമായി പുരോഗമിക്കുന്നതുകൊണ്ടു്, നമ്മുടെ സാമ്പത്തികനിലയ്ക്കു സാരമായ അഭിവൃദ്ധിയുണ്ടാകുമെന്നുള്ളതു് പാശ്ചാത്യരാജ്യങ്ങളുടെ നിലപാടിനെ കണ്ടു മനസ്സിലാക്കാൻ സാധിക്കുന്നതാണു്. നിശ്ചയമായും നാം പാശ്ചാത്യരാജ്യങ്ങളെ കണ്ടു പഠിക്കേണ്ടതാണു്. ഇംഗ്ലണ്ടിലാണെങ്കിൽ ആവശ്യമുള്ള സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞാലുടൻ തന്നെ വിദ്യാർത്ഥികളെ സാങ്കേതിക വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നു, മാത്രമല്ല, അപ്രകാരം സാങ്കേതിക വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികൾ അവരവരുടെ രുചിക്കനുസരണമായ പന്ഥാവു് അവലംബി

[ശ്രീ. എം. കെ. മത്തായി.]

ക്കുന്നു. സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയായാലുടൻ അവർ വെളിയിൽ വന്നു് പലവിധ തൊഴിലുകളിലും പ്രവേശിക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെ പ്രവേശിക്കാനുള്ള സൗകര്യം ഇംഗ്ലണ്ടിൽ ഗവണ്മെന്റു മുഖേന ചെയ്തുകൊടുക്കുന്നു. ഇവിടെയാകട്ടെ, ഈവക കാര്യങ്ങൾക്കു് സൗകര്യമില്ലെന്നു മാത്രമല്ല, ടെക്ക്നിക്കലായിട്ടുള്ള വിദ്യാലയങ്ങൾ തന്നെ വളരെ വിരളമാണു്. ഏറ്റിൽക്കൂടുതൽ വിദ്യാർത്ഥികൾക്കു് പ്രവേശനം കൊടുക്കാനുള്ള സാങ്കേതികവിദ്യാലയങ്ങൾ തന്നെ ഇല്ല. അഥവാ ഉള്ള വിദ്യാലയങ്ങളിൽ നിന്നും പരിശീലനം കഴിഞ്ഞു പുറത്തുവന്നിട്ടുള്ളവർക്കുതന്നെ ശരിയായ പ്രോത്സാഹനം കൊടുക്കുന്നുമില്ല. ഈ നില മാറണം. ആയിരക്കണക്കിനുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള വിദ്യാലയങ്ങൾ സംസ്ഥാനത്തു് ധാരാളമായി ഉണ്ടാകണം. ഉണ്ടായാൽമാത്രം പോരാ, സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞുവരുന്ന വിദ്യാർത്ഥികളെ നിർബന്ധവ്യവസ്ഥയിൽ സാങ്കേതികവിദ്യാഭ്യാസം പഠിപ്പിക്കാൻ ഏർപ്പാടുചെയ്യണം. ഇങ്ങനെ വരുമ്പോൾ ആർട്ട്സ് കാളേജിൽ പോകാനുദ്ദേശിക്കുന്ന പല വിദ്യാർത്ഥികളും സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി തയാറാകും. ഇന്നത്തെ ആർട്ട്സ് കാളേജുകളിൽ നിന്നും വിദ്യാർത്ഥികൾ ബിരുദങ്ങളും കൊണ്ടു പുറത്തുവന്നാൽതന്നെ അവരിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമെ, ഗവണ്മെന്റു് സർവ്വീസിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളു. അപൂർവ്വം ചിലർ വക്കീലന്മാരായിട്ടും മററു തിരിഞ്ഞുപോകും. എന്നാലും, ആണ്ടുതോറും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ബിരുദധാരികൾ ജോലിയില്ലാതെ അലഞ്ഞുതിരിയുകയാണു്. നിവൃത്തിയില്ലാത്തമട്ടിലെത്തുമ്പോൾ വളരെ നൈരാശ്യത്തോടുകൂടി ഇക്കൂട്ടർ കാറൽമാർക്സിനെ അഭയം പ്രാപിക്കും. അങ്ങനെ അഭയംപ്രാപിച്ചതിനുശേഷം നാട്ടിൽ വരുത്തിക്കൂട്ടുന്ന അസ്വസ്ഥതകൾ എന്തെല്ലാമാണെന്നു് ഞാൻ പറയണമെന്നു് വിചാരിക്കുന്നില്ല. അഭ്യസ്തവിദ്യരായ ഒരു വലിയ ജനതതിയെ തൊഴിലില്ലാതെ അലഞ്ഞുനടക്കാൻ ഒരു പരിഷ്കൃതഗവണ്മെന്റും അനുവദിച്ചുകൂടാത്തതാണു്.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു്, ഈ നാട്ടിൽ സമുദായനീതിയുടെ മാനദണ്ഡത്തിൽ ചില സമുദായവാദികൾ വിദ്യാഭ്യാസത്തിന്റെ പേരിൽ മുതലെടുക്കുന്നതിനെപ്പററിയാണു്. വിശേഷിച്ചും രാഷ്ട്രീയരംഗത്തു സ്വാധീനം ചെലുത്താൻ സാധിക്കുന്ന വ്യക്തികളാണെന്നു് മുഖ്യമന്ത്രിക്കു മനസ്സിലായാൽ അവർക്കു് എത്ര പള്ളിക്കൂടങ്ങൾ കെട്ടുന്നതിനും ഗ്രാന്റുകൊടുക്കുന്നതിനും ചീഫ്മന്ത്രി മടിക്കുകയില്ല. കഴിഞ്ഞകൊല്ലം ഇപ്രകാരം ചില വ്യക്തികൾക്കു് ഗ്രാന്റു കൊടുത്തിട്ടുള്ളതായി എനിക്കറിയാം.

ശ്രീ. എം. വി. ചെറിയാൻ: സർ സി. പി. യുടെ കാലത്തു് രാഷ്ട്രീയ രംഗത്തു് സ്വാധീനമുള്ളവർക്കു് സഹായങ്ങൾ ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എം. കെ. മത്തായി: സർ സി. പി. അവരെ സഹായിച്ചിട്ടുണ്ടെങ്കിലും മററു കാര്യങ്ങളിൽ അദ്ദേഹം കൊടുക്കുന്ന വാഗ്ദാനങ്ങൾ നിറവേററാതിരുന്നിട്ടില്ല.. എന്നാൽ നമ്മുടെ ചീഫ്മന്ത്രി നേരെമറിച്ചാണു്. ഒരു പള്ളിക്കൂടം വേണമെന്നു് ഒരു സംഘം ആളുകൾ നിവേദന

ങ്ങളുമായി അദ്ദേഹത്തെ സമീപിച്ചപ്പോൾ "ഞാൻ വിദ്യാഭ്യാസമന്ത്രിയും ധനകാര്യമന്ത്രിയുംകൂടി ആയതുകൊണ്ട് ഈ പള്ളിക്കൂടത്തിനുവേണ്ടി സകല ഒത്താശകളും ചെയ്യാം" എന്ന് വാഗ്ദാനം ചെയ്തിരുന്നു. അത്രതന്നെ.

സർ, എനിക്കവസാനമായി പറയാനുള്ളത് ഒരു കാളേജിനോ, ഒരു സ്കൂളിനോ കൊടുക്കുന്ന പരിഗണന എല്ലാ കാളേജുകൾക്കും എല്ലാ സ്കൂളുകൾക്കും കൊടുക്കേണ്ടതാണെന്നാണ്. നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ പേരിൽ മതപ്രചരണം നടത്തുന്ന ഒരു സക്കാർ ഉണ്ട്. ഇതിനും പുറമെ, എസ്. സി. എം. എന്ന പേരിൽ ഒരു സംഘം ആളുകളും ഉണ്ട്. ഇവരുടെ എല്ലാം പ്രവൃത്തി വിദ്യാർത്ഥികൾക്ക് ജാതിമത ചിന്തകൾ കുത്തിവെയ്ക്കുകയാണ്. എസ്. സി. എം. സംഘടന അഭ്യസ്തവിദ്യരായ അനവധി ചെറുപ്പക്കാരെ മതപരമായ വിദ്യാഭ്യാസം പരിശീലിപ്പിക്കുകയാണ്. ഇപ്രകാരം മതത്തിന്റെയും ജാതിയുടേയും നിലനിൽപ്പിനുവേണ്ടി വിദ്യാഭ്യാസത്തിനെ ആയുധമാക്കി മുതലെടുക്കുന്ന കുറെ ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവരെ വളർത്തിക്കൊണ്ടുവരുന്നതുതന്നെ രാജ്യത്തിന് ആപൽക്കരമാണെന്നുള്ള വസ്തുതകൂടി ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ട് തിരുവിതാംകൂർ സർവ്വകലാശാലയുടെ നയത്തെപ്പററി ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കണമെന്നാണ് ഞാനുദ്ദേശിക്കുന്നത്. തിരുവിതാംകൂർ യൂണിവേഴ്സിററി ആക്ററപ്രകാരം പ്രവർത്തിക്കുന്ന ഇവിടത്തെ സർവ്വകലാശാലയെപ്പററി സംസാരിക്കുമ്പോൾ, നമ്മുടെ ഗവണ്മെൻറിൽ നിന്നും ഗ്രാൻറ നൽകിവരുന്ന ഒരു സ്ഥാപനമായ സർവ്വകലാശാലയെപ്പററി സംസാരിക്കുമ്പോൾ, തീർച്ചയായും, പ്രൈവററ കാളേജുകളുൾപ്പെടെ നമ്മുടെ സർവ്വകലാശാലയുടെ വിവിധഘടകങ്ങളെക്കുറിച്ചും എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചും പറയേണ്ട അവകാശം നമുക്കുണ്ട്. പ്രൈവററകോളേജുകളുടെ വികടപ്രവർത്തനങ്ങളെ വിമർശിക്കുമ്പോൾ ചെകിളപിടിച്ചു ചിലർ ഗോഗ്വാവിളിക്കുന്നത് നമുക്കു മനസ്സിലാക്കുവാൻ കഴിയും. വിദ്യാഭ്യാസം മത്സ്യക്കച്ചവടവും തടിക്കച്ചവടവും പോലെയുള്ള ഒന്നാണെന്നു വിചാരിക്കുന്ന രാഷ്ട്രീയ മല്ലന്മാർ ഈ രാജ്യത്തുണ്ട്. വിദ്യാഭ്യാസത്തെ രാഷ്ട്രീയവടംവലിക്കും വർഗ്ഗീയ പ്രവർത്തനത്തിനും വേണ്ടിമാത്രമാണ് അവർ ഉപയോഗിക്കുന്നത്. എന്താണിന്നത്തെ നില? തിരുവിതാംകൂർ-കൊച്ചിയിലെ വിദ്യാഭ്യാസം ഏററവും കുഴഞ്ഞു മറിഞ്ഞ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. ഈ രാജ്യത്ത് വിദ്യാഭ്യാസമുള്ളവരിലും തൊഴിലില്ലായ്മ ധാരാളം വർദ്ധിച്ചിട്ടുണ്ട്. അവർ സമരോൽസുകരായി കാണപ്പെടുന്നു. അദ്ധ്യാപകർ അസംതൃപ്തരാണ്. വിദ്യാഭ്യാസവിദഗ്ദ്ധന്മാർ തലയും വാലും കാണാതെ മിഴിച്ചു നിൽക്കുകയാണ്. മാതാപിതാക്കളും തഥൈവ. എവിടെയും കുഴപ്പം, എല്ലായിടത്തും അസംതൃപ്തി, എന്താണിതിനു കാരണം? ഈ കാരണം കണ്ടുപിടിക്കാൻ മുകൾപ്പരപ്പിൽ തട്ടിനടന്നാൽ പോരാ. ഉള്ളിലേയ്ക്കു ചുഴിഞ്ഞിറങ്ങണം. അതിനു ഇന്നത്തെ ഭരണാധികാരികൾ തയ്യാറാകുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. മാത്രമല്ല, ഈ കെട്ടുപിണഞ്ഞ പ്രശ്നത്തിന് നമ്മുടെ ഭാവിയെ മുഴുവൻ നിർണ്ണായകമായി ബാധിക്കുന്ന ഈ

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

പ്രശ്നത്തിനു, അതർഹിക്കുന്ന ഗൗരവം നൽകുന്നതിനു പകരം അവർ മുഖപത്രങ്ങളിലിരുന്നു് അസംബന്ധങ്ങൾ എഴുന്നള്ളിക്കുകയാണു്. അവരുടെ കുററകരമായ അനാസ്ഥയുടേയും ദയനീയമായ അജ്ഞതയുടേയും ഒരു സാമ്പിൾ നോക്കുക. ഈ മന്ത്രിസഭയിൽപ്പെട്ട ഒരാൾ, വോട്ടുകിട്ടാൻ വേണ്ടി വിലകുറഞ്ഞ, അന്തസ്സുകെട്ട, ഒരു പ്രചരണം ചവറയിൽ വച്ചു നടത്തി. വിദ്യാർത്ഥിഫെഡറേഷൻകാർ യുവതികളായ അദ്ധ്യാപികമാരോടു് ശൃംഗരിക്കുവാൻ വിദ്യാർത്ഥികളെ ഉപദേശിച്ചുവെന്നു്. ശാന്തം പാപം, സർ, വോട്ടുകിട്ടാൻ വേണ്ടിയായാൽപോലും ഒരു വ്യക്തി അതും മന്ത്രിസഭയിൽപ്പെട്ട ഉത്തരവാദിത്വസ്ഥാനത്തിലിരിക്കുന്ന ഒരു വ്യക്തി, ഇത്ര അധഃപതിക്കാമോ?

Mr. Speaker: These are matters which took place outside the House.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതെ, സർ, ഗൗരവമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇക്കൂട്ടർ കാണിക്കുന്ന ലാഘവവും, അവരുടെ കുററകരമായ കൃത്യവിലോപവും ഉദാഹരിക്കുകയാണു് ഞാൻ ചെയ്തതു്. അങ്ങു ക്ഷമിക്കണം. സർ, സർവ്വകലാശാലയെപ്പററി പറയുമ്പോൾ ആദ്യമായി നമുക്കു് അതിന്റെ തലവനായ വൈസ് ചാൻസലറുടെ കാര്യംതന്നെ എടുക്കുക. മലയാളഭാഷയുടെയും കേരളകലയുടെയും ഉന്നമനത്തിനു വേണ്ടി സ്ഥാപിച്ച തിരുവിതാംകൂർ സർവ്വകലാശാലയുടെ വൈസ് ചാൻസലറായി ഒരു തമിഴൻ വന്നതിനെ പലരും ആക്ഷേപിച്ചു. അതിനു മറുപടി പറയുന്നതിനുപകരം മുതലിയാർ സർവ്വലോക പ്രശസ്തനാണെന്നു പറഞ്ഞു് ചടയമംഗലം മെമ്പറെപ്പോലുള്ളവർ ഒഴിഞ്ഞുമാറുകയാണു്. വാദത്തിനുവേണ്ടി മുതലിയാർ പ്രശസ്തനെന്നുതന്നെ കരുതുക. എന്നാൽ പ്രശസ്തിമാത്രമാണോ വൈസ് ചാൻസലർ സ്ഥാനത്തിനുള്ള മാനദണ്ഡം? ഒരു വിദ്യാകേന്ദ്രത്തിന്റെ തലവനു് വെറും അഖിലലോകപ്രശസ്തിയേക്കാൾ ആവശ്യം വിദ്യാഭ്യാസകാര്യത്തിലുള്ള തഴക്കവും പരിചയവുമാണു്. മുതലിയാരെ ചിലർ സി. ആർ. റെഡ്ഡിയോടും രാധാകൃഷ്ണനോടും താരതമ്യപ്പെടുത്തുന്നതു് കേട്ടപ്പോൾ ചിരിവന്നുപോയി. ഡോക്ടർ റെഡ്ഡിയും ഡോ: രാധാകൃഷ്ണനും വിദ്യാഭ്യാസരംഗത്തു ചെയ്തിട്ടുള്ള സേവനങ്ങളുടെ മുമ്പിൽ ഈ മുതലിയാർക്കു എന്തു സ്ഥാനമാണുള്ളതു്? മൈസൂറിലെ ദിവാനായിരുന്നപ്പോൾ ആ സ്ഥാനം ഉപയോഗിച്ചുകൊണ്ടു് ഈ സാമ്രാജ്യദാസൻ പിന്നാംവാതിലിലൂടെ ഏതെങ്കിലും വിദ്യാലയാധികാരസ്ഥാനങ്ങളിലിരുന്നിട്ടുണ്ടോ എന്നു രൂപമില്ല. അല്ലാതെ ഒരു വിദ്യാസ്ഥാപനവുമായിട്ടും മുതലിയാർക്കു ബന്ധമില്ലായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ കച്ചവടനിവേദകസംഘങ്ങളിലും, വിദേശസ്തുതി പാടുന്ന ശത്രുപ്രവർത്തനത്തിലും അതുപോലെ സംസ്കാരവും വിദ്യാഭ്യാസവുമായി യാതൊരു ബന്ധവുമില്ലാത്ത തുറകളിലാണു് ചിലവായിട്ടുള്ളതു്. വിദ്യാഭ്യാസരംഗത്തിൽ ഒരധികപ്പററം ഇഴച്ചുകെട്ടുമാണു് മുതലിയാർ. മറെറാന്നു് ഒരു വിദ്യാകേന്ദ്രത്തിന്റെ തലവൻ, ആദർശനിഷ്ഠയിലും ജീവിതശുദ്ധിയിലും വിജ്ഞാനതൃഷ്ണയിലും നിലയെടുപ്പുള്ള ഒരു വ്യക്തിയായിരിക്കണം. വളരുന്ന തലമുറയിലെ ആദർശശാലികളായ

യുവാക്കന്മാൎക്കു് അദ്ദേഹം ഒരു മാതൃകാപുരുഷനായിരിക്കണം. എന്നാൽ മാത്രമേ യുവലോകത്തിന്റെ ബഹുമതിയും സ്നേഹവും അദ്ദേഹത്തിനു ലഭിക്കൂ. സർ, ആർക്കാട്ടു രാമസ്വാമി മുതലിയാരെ ഈ തരത്തിൽപ്പെടുത്താൻ കഴിയുമോ എന്നാലോചിക്കുക. ആദർശശൂന്യനും സ്വാൎത്ഥജടിലനും ആയ മുതലിയാരുടെ ജീവിതം ദേശാഭിമാനികളായ നമ്മുടെ വിദ്യാൎത്ഥികളിൽ വെറുപ്പും പുഛവുമാണുണ്ടാക്കുന്നതു് എങ്കിൽ നാം അവരെ അഭിമാനിക്കാനാണു് ചെയ്യുള്ളതു്.

അടുത്തതായി നമ്മുടെ സർവ്വകലാശാല ആക്ടിനെക്കുറിച്ചു സംസാരിക്കാം. നമ്മുടെ ആക്ടു് ഒരു ജനാധിപത്യരീതിക്കു യോജിച്ചതല്ല. സ്വേച്ഛാധിപത്യപരമാണു്. ഉദാഹരിക്കാം. സാധാരണ എല്ലാ സർവ്വകലാശാലകളിലും എക്സിക്യൂട്ടീവും ലജിസ്ലേററീവും ബോഡിയും കൂടാതെ മറെറാരു ഘടനയുണ്ടു്. അക്കാഡമിക്കു് കൗൺസിൽ, വിദ്യാഭ്യാസത്തിലെ പാഠപദ്ധതി, തുടങ്ങിയ കാൎയ്യങ്ങളിൽ അക്കാഡമിക്കു് കൗൺസിലിനു് എക്സിക്യൂട്ടീവിനോടു് സമാന്തരമായ അധികാരമാണുള്ളതു്. അതായതു് വിദ്യാഭ്യാസകാൎയ്യങ്ങളിൽ, അധികാരികളെക്കാൾ കൂടുതൽ അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം അധികാരികളോളമെങ്കിലും നിയന്ത്രണവും സ്വാധീനവും ചെലുത്താൻ പ്രൊഫസന്മാൎക്കും മററും സാധിക്കുവാനുള്ള സംഘടന നമ്മുടെ ഫാക്കൽട്ടികൾക്കു് ഈ കൃത്യം നിർവ്വഹിക്കുവാൻ സാദ്ധ്യമില്ല. കാരണം അവൎക്കു് ഉപദേശാധികാരം മാത്രമേയുള്ളൂ. മാത്രമല്ല, ഫാക്കൽട്ടികളുടെ പ്രവൎത്തനം തമ്മിൽ ബന്ധപ്പെടുത്താനും പൊതുനയങ്ങൾ രൂപീകരിക്കാനും ഫാക്കൽട്ടികളുടെ പോലും ഒരു കേന്ദ്രസംഘടനയില്ല. അതുകാരണം വിദ്യാഭ്യാസനയരൂപീകരണത്തിൽ, യഥാൎത്ഥ വിദ്യാഭ്യാസപ്രവൎത്തകരുടെ ശബ്ദം അടിച്ചമൎത്തപ്പെടുകയും അധികാരികളുടെ സ്വേച്ഛാധികാരത്തിനു് ഇടപെടാൻ സൗകൎയ്യം ഉണ്ടാകുകയും ചെയ്യുന്നു.

ശ്രീ. എ. താണുപിള്ള: യൂണിവേഴ്സിററി ആക്ടനുസരിച്ചു് ഇന്നു് സ്വേച്ഛാധികാരം ഏതു ബോഡിയ്ക്കാണു് നടത്തുവാൻ കൂടുതൽ അധികാരമുള്ളതായി ബഹുമാനപ്പെട്ട മെംബർ പറയുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതുതന്നെയാണു് ഞാൻ വിശദീകരിച്ചതു്. അക്കാഡമിക്കു് കൗൺസിലിന്റെ അഭാവം നമ്മുടെ അദ്ധ്യാപകന്മാരും മററു വിദ്യാവിചക്ഷണന്മാരും കൈകാൎയ്യം ചെയ്യേണ്ടതും അതിനെപ്പററി ഒന്നും അറിഞ്ഞുകൂടാത്തവരുടെ കയ്യിൽ സ്ഥിതി ചെയ്യുവാൻ കാരണമായിരിക്കുന്നു. ഇതു് ജനാധിപത്യപരമല്ല. പല പാശ്ചാത്യ സർവ്വകലാശാലകളിലും ഞാൻ പരിശോധിച്ച നാലഞ്ചു് ഇൻഡ്യൻ സർവ്വകലാശാലയിലും ഈ ഏർപ്പാടുണ്ടു്. അതു് ഇവിടെ വേണ്ടതാണു്. അതു ജനാധിപത്യപരമായ ഒന്നായിരിക്കുമെന്നു മാത്രമല്ല, ഇന്നത്തെ തകരാറുകൾ തീൎക്കുവാൻ വിദ്യാഭ്യാസത്തെക്കുറിച്ചു പറയാൻ അധികാരമുള്ള അദ്ധ്യാപകന്മാൎക്കു് യൂണിവേഴ്സിററി നടത്തിപ്പിൽ കാൎയ്യമായ പങ്കു് വഹിക്കുവാൻ സാധിക്കുകയും ചെയ്യും. മറെറാന്നു് ൧൯൨൪-ൽ പ്രസിദ്ധീകരിച്ച തിരുവിതാംകൂർ യൂണിവേഴ്സിററി കമ്മിററിയുടെ റിപ്പോർട്ടിൽ ൨൬-ാമത്തെ നിർദ്ദേശത്തിൽ ഒരു സ്ററുഡൻസ് റെപ്രസെൻറേററീവ് ബോഡി വേണമെന്നു പ്രസ്താവിച്ചി

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ട്ടുണ്ടു്. പരീക്ഷ വേണ്ടെന്നു വയ്ക്കുവാനോ, അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുവാനോ അല്ല ഈ ബോഡി, വിദ്യാർത്ഥികളുടെ ആവശ്യങ്ങളും പരാതികളും പറയാൻ അവർ തിരഞ്ഞെടുക്കുന്ന ഒരു ബോഡിയാണിതു്. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ വിദ്യാർത്ഥികളല്ല, അവരുടെ മാതാപിതാക്കന്മാർ മാത്രമാണു് പറയേണ്ടതു് എന്നു പറയാറുള്ള മി. ജാൺ ഇതേക്കുറിച്ചു പറയാനർഹതയുള്ളവരുടെ അഭിപ്രായം വായിക്കുന്നതു കൊള്ളാം. ഇവിടെ ഒരു സർവ്വകലാശാലായൂണിയനുണ്ടു്. സ്ഥാനത്തും അസ്ഥാനത്തും അതിന്റെ പ്രവർത്തനങ്ങളിൽ കൈകടത്തുകയും അതിന്റെ സ്വതന്ത്രമായ വളർച്ചയെ നിയന്ത്രിക്കുകയും ചെയ്യുക എന്നതു് അധികാരികളുടെ ഒരു പതിവായി തീർന്നിരിക്കുന്നു. പാർലമെന്റിലെ പ്രതിപക്ഷത്തിന്റെ ഡെപ്യൂട്ടി നേതാവായ പ്രൊഫസർ ഹിരൺമുക്കർജിയെ വരുത്തുവാൻ വിദ്യാർത്ഥികളാഗ്രഹിച്ചപ്പോൾ അധികാരികൾ യൂണിയൻഫണ്ടിൽ നിന്നു പണം കൊടുക്കുവാൻ വിസമ്മതിച്ചു. അങ്ങനെ ഒരു പ്രശ്നത്തിലേക്കു് പങ്കെടുക്കുവാൻ സാധിച്ചില്ല. ഡാക്ടർ രാധാകൃഷ്ണന്റെ റിപ്പോർട്ടിൽ സംശയാതീതമായ രീതിയിൽ പറയുന്നുണ്ടു്, യൂണിവേഴ്സിററി യൂണിയൻ, വിദ്യാർത്ഥികൾക്കു വേണ്ടി വിദ്യാർത്ഥികൾ മാത്രം യാതൊരു പുറം പ്രേരണകളും, സ്വാധീനശക്തികളും ഇല്ലാതെ നടത്തേണ്ട സ്ഥാപനമാണു് എന്നു്. ഈ നിർദ്ദേശത്തെ ചവിട്ടി തേച്ചുകൊണ്ടാണു് നമ്മുടെ യൂണിവേഴ്സിററി യൂണിയനിൽ അധികാരികൾ അനാവശ്യമായി ഇടപെടുന്നതു്.

സർ, നമ്മുടെ സർവ്വകലാശാല ജീവിതത്തെ അങ്ങേയററം വികലപ്പെടുത്തുന്ന മറെറാരു ഘടകം കത്തോലിക്കാ പൗരോഹിത്യ മേധാവിത്വമാണു്. പിന്തിരിപ്പന്മാരായ കത്തോലിക്കാ പുരോഹിതന്മാർ പഴയ അന്ധകാരയുഗത്തിലേക്കു നമ്മേ വലിച്ചിഴയ്ക്കുവാൻ ശ്രമിക്കുന്ന അന്ധവിശ്വാസികളാണു്. ഇവരുടെ ചരിത്രം നമുക്കറിയാവുന്നതാണു്. ൧൭-ാം ശതകത്തിൽ ഭൂമി ഉരുണ്ടതാണെന്നും അതു് സൂര്യനെക്കാൾ ചെറുതാണെന്നും പ്രഖ്യാപിച്ച മഹാനായ ഗലിലിയോയെ കർദ്ദിനാളന്മാർ കൂടി ഏഴു ദിവസത്തിലൊരിക്കൽ ഏഴു സങ്കീർത്തനം പാടണമെന്നു പറഞ്ഞു് ഏഴുകൊല്ലത്തേയ്ക്കു ജയിലിലിട്ടു. കഴിഞ്ഞ ശതകത്തിൽ പരിണാമവാദം ബൈബിളിലെ ഉൽപ്പത്തിപുസ്തകത്തിലെ സൃഷ്ടിക്രമവുമായി യോജിക്കുന്നില്ലെന്നു പറഞ്ഞു് ഡാർവ്വിന്നെതിരായി ചന്ദ്രഹാസം ഇളക്കി. ശാസ്ത്രത്തേയും വിജ്ഞാനത്തേയും മഹറോൻ ചൊല്ലുന്ന ഇക്കൂട്ടരുടെ കയ്യിൽ വിദ്യാഭ്യാസം സുരക്ഷിതമല്ല. ഇൻഡ്യയിൽ കത്തോലിക്കർ വിദ്യാഭ്യാസത്തിനു വേണ്ടി വലിയ സേവനങ്ങൾ നടത്തിയിട്ടുണ്ടെന്നു കത്തോലിക്കരും അവരുടെ സ്തുതിപാഠകരും പറയാറുണ്ടു്. ഞാനതു നിഷേധിക്കുന്നു. അവരുടെ വിദ്യാഭ്യാസപ്രവർത്തനം സങ്കുചിതമായ സ്വാർത്ഥോദ്ദേശത്താൽ പ്രേരിതമായിരുന്നു. ഒരു വിദേശശക്തിക്കു വേണ്ടിയുള്ള പ്രചരണവും മതപരിവർത്തനവുമായിരുന്നു മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനത്തിന്റെ ഉദ്ദേശം. പാശ്ചാത്യരായ അക്രമികൾ ഇൻഡ്യൻ വൻകരയിലിറങ്ങിയതു് ഒരു കയ്യിൽ വാളും മറുകയ്യിൽ ബൈബിളുമായിട്ടാണു്. അവരുടെ ഭരണത്തിന്റെയും ആക്രമണത്തിന്റെയും അവിഭാജ്യഘടകമായിരുന്ന മതപ്രചരണം പട്ടാളക്കാർ വാളുകൊണ്ടും തോക്കുകൊണ്ടും വെട്ടിത്തുറ

പ്പിക്കാൻ പുറകെ വിദ്യാഭ്യാസത്തിന്റെ മറവിൽ മതപ്രചരണവുമായി ക്രിസ്ത്യൻ മിഷനറിമാർ ഇറങ്ങി. നിഷ്പക്ഷമതിയായ ഡാക്ടർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ കുലങ്കഷമായ പഠനത്തിൽ നിന്നും എടുത്തിട്ടുള്ള തീരുമാനം നോക്കുക. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പതിനാലാംപേജിൽ പറയുന്നു.

"Even when they took up educational work they paid more attention in the beginning to the study of modern Indian languages than to English. When they started English schools (one of the pioneers being Dr. Alexander Duff in 1830) it was mainly to have an opportunity of preaching the gospel to the upper classes of society. By 1840 these mission workers had almost universally come to accept the view that English education would lead to the spread of Christianity; and so institutions for the teaching of English and western knowledge were started in all parts of the country."

ഇന്ത്യയിലെ ക്രിസ്ത്യൻ വിദ്യാഭ്യാസത്തിന്റെ ആരംഭപ്രവർത്തകരിൽ പ്രമാണിയായ ഡാക്ടർ അലക്സാണ്ടർ ഡഫ് കൂടെയും തുറന്നുതന്നെ പറയുന്നതു നോക്കുക.

"One great object was to convey, as largely as possible, a knowledge of our ordinary improved literature and science to the young persons, but another, and a more vital object was........to convey a thorough knowledge of Christianity with its evidences and doctrines" Quoted in University Commission's Report P. 14.)

ഇംഗ്ലീഷ് പഠനം കൊള്ളാമെന്ന് അലക്സാണ്ടർ ഡഫിന് അഭിപ്രായമുണ്ടെങ്കിലും ക്രിസ്ത്യാനിറ്റിയുടെ പ്രചരണമാണ് അതിൽ ഏററവും പ്രധാനമായി മുന്നിട്ടു നിൽക്കുന്നതെന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്.

<u>ശ്രീ. ഇ. പി. വർഗ്ഗീസ്:</u> അദ്ദേഹം കത്തോലിക്കനാണോ?

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള:</u> അദ്ദേഹം കത്തോലിക്കനല്ല. പക്ഷെ വിദ്യാഭ്യാസപ്രവർത്തകനായിരുന്ന ക്രിസ്ത്യൻമിഷനറിയാണ്. ഇതിൽ നിന്നെല്ലാം സിദ്ധിക്കുന്നതു്, പുരോഹിതമേധാവിത്വം, പ്രത്യേകിച്ചും കത്തോലിക്കരുടേതു് നമ്മുടെ ശാസ്ത്രത്തിനും നമ്മുടെ പുരോഗതിക്കും നമ്മുടെ സംസ്കാരത്തിനും എതിരായിട്ടുള്ളതാണ്. ലോകം ഉരുണ്ടതാണെന്നും, ഭൂമി സൂര്യനെക്കാൾ ചെറുതാണെന്നും പറഞ്ഞതിന് ഗലീലിയോവെ ജയിലിലേക്ക് അയച്ചവർ ശാസ്ത്രത്തെയും വിജ്ഞാനത്തെയും കുറിച്ച് എന്തു് പഠിപ്പിക്കണം? സൂര്യനെക്കാൾ വലിയ ഒരു ഗോളമാണ് ഭൂമി എന്നും ഭൂമി പരന്നതാണെന്നും അവർ പ്രചരിപ്പിച്ചുകൊള്ളട്ടെ. എനിക്ക് അതിൽ യാതൊരു വിരോധവും ഇല്ല. എന്നാൽ ഇളംപ്രായത്തിലുള്ള നമ്മുടെ യുവതീ യുവാക്കന്മാരെ ഇവർക്കടിയറവയ്ക്കുന്നതിന് സർവ്വകലാശാല കൂട്ടുനിൽക്കുന്നതെന്തിന്? നാമതിനു സമ്മതം മൂളുന്നതെന്തിന്?

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

കത്തോലിക്കാ ഏർപ്പാടുകളെ വിമർശിക്കുന്നതോടൊപ്പം നായന്മാരുടെ മാർപ്പാപ്പയായ ശ്രീ. മന്നത്തു പത്മനാഭന്റെ കാളേജുകളെപ്പററിയും എനിക്കു ചിലതു വിമർശിക്കുവാനുണ്ട്. "Imitation is the best form of praise" എന്നു പറഞ്ഞതുപോലെ അദ്ദേഹം കത്തോലിക്കരെ അനുകരിക്കാൻ സാഹസപ്പെടുകയാണ്. കത്തോലിക്കാ കാളേജുകളുടെ പ്രവർത്തനത്തേക്കാൾ വളരെ കഷ്ടമായ രീതിയിലാണ് എൻ. എസ്. എസ്. കാളേജുകളുടെ പ്രവർത്തനം ഇന്നു നടക്കുന്നത്. കത്തോലിക്കാ കാളേജിൽ അബദ്ധമില്ലെങ്കിലും വ്യാകരണപ്പിശകുകൂടാതെ എഴുതാനറിയാവുന്നവർ കാണും. ഞാൻ ഒരു കത്തോലിക്കാ കാളേജിൽ പഠിച്ച ആളാണ്. എന്നാൽ എൻ. എസ്. എസ്. കാളേജിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ വളരെ അധഃപതിച്ച നിലയിലുള്ള അദ്ധ്യയനരീതിയാണ് അവിടെയുള്ളത്. അവിടെയുള്ള അദ്ധ്യാപകന്മാർക്ക് ജോലിസ്ഥിരതയില്ല. പരീക്ഷ പാസ്സായിക്കഴിഞ്ഞാൽ ഒരു ജോലി കിട്ടുന്നതുവരെ തൽക്കാലം ഒരു ജോലി നോക്കുന്നതിനുവേണ്ടിയാണ് എൻ. എസ്. എസ്. കാളേജിലും ശ്രീ. നാരായണകാളേജിലും ഇന്ന് അദ്ധ്യാപകന്മാർ ജോലി നോക്കുന്നത്. പഠിപ്പിക്കാൻ യോഗ്യതയുള്ളവനാണോ എന്നല്ല, അല്പശമ്പളത്തിന് ചൊല്പടിക്ക് നില്ക്കുന്നവനാണോ എന്നാണവർ നോക്കുന്നത്.

നമ്മുടെ സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ വലിയൊരുഭാഗം വിദ്യാഭ്യാസേതരമായ താല്പര്യങ്ങൾക്കുവേണ്ടി, രാഷ്ട്രീയവും വർഗ്ഗീയവുമായ അധികാര വടംവലികൾക്കും മതപ്രചരണത്തിനും വേണ്ടി ഉപയോഗിക്കുന്ന ഏജൻസികളിൽനിന്നും മോചനം നേടണം. ഇവിടത്തെ സാങ്കേതിക വിദ്യാഭ്യാസത്തെപ്പററി പറയുമ്പോൾ ഒരു ഒററ ദിവസംകൊണ്ടുതന്നെ ഈ നാട്ടിലെ സാങ്കേതികവിദ്യാഭ്യാസം പരിപൂർണ്ണമായി വികസിപ്പിക്കുവാൻ സാധിക്കയില്ലെന്നു എനിക്കറിയാം. ഇവിടെ സാങ്കേതികവിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നില്ലെന്നു മാത്രമല്ല ഉള്ളതുതന്നെ ശരിയായി നടത്തുന്നുമില്ല കുറച്ചുകളയുന്നുണ്ടുതാനും. ഇവിടെയുള്ള സാങ്കേതികവിദ്യാഭ്യാസംതന്നെ കൊല്ലംതോറും പുരോഗമിക്കുന്നുണ്ടോ എന്നും അതു് ശരിയായിട്ട് നടത്തുന്നുണ്ടോ എന്നും നമുക്കു നോക്കാം. ഇവിടത്തെ സാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മൂന്നു കൊല്ലത്തെ കണക്ക് ഞാൻ ഇവിടെ എടുത്തുകാണിക്കാം. അതായത് ൧൧൨൫-൨൬; ൧൧൨൬-൨൭; ൧൧൨൭-൨൮ എന്നീ മൂന്നുകൊല്ലങ്ങളിലെ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പുരോഗതി എങ്ങനെ ഇരിക്കുന്നു എന്നു നോക്കാം. ഇഞ്ചിനീയറിംഗ് കാളേജിൽ ആദ്യത്തെ വർഷം ൧൩൫-ം പിന്നത്തെ വർഷം ൧൩൧-ം അവസാനം ൧൦൬-ം പേരേയാണ് അഡ്മിററു ചെയ്തതു്. ടെക്സ്ററയിൽ ടെക്നാളജിക്കൽ ഇൻസ്ററിററ്യൂട്ടിൽ ആദ്യകൊല്ലം ൩൧ പേരെ എടുത്തിട്ടുണ്ടായിരുന്നു. പിന്നത്തെ കൊല്ലത്തിൽ ൨൫ പേരെ എടുത്തിട്ടുണ്ടായിരുന്നു. അവസാന കൊല്ലത്തിൽ ൨൦ പേരേ എടുത്തുള്ളു. എം. എസ്. സി റിസർച്ച് ഇൻസ്ററിററ്യൂട്ടിൽ ൧൧൨൫-൨൬-ൽ ൬ പേരേയും, ൧൧൨൬-൨൭-ൽ ൧൨ പേരേയും, ൧൧൨൭-൨൮-ൽ ൧൫ പേരേയും എടുത്തു. ഷാർട്ടുഹാൻഡും ടൈപ്പ്റൈററിംഗും ഡിപ്ലോമ കോഴ്സിനു് ൧൧൨൫-൨൬-ൽ

൨൦ പേരേയും, എൻ.ടി.സി.യിൽ ൧൯ പേരേയും, എൻ.സി.സി.ഇ.എൽ ൧൮ പേരേയും എടുത്തിരുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സാങ്കേതിക വിദ്യാഭ്യാസത്തിന് കൊല്ലംതോറും ആളുകൾ കുറഞ്ഞുവരുന്നത്? സാങ്കേതികവിദ്യാഭ്യാസം ഇവിടെ പുരോഗമിപ്പിക്കുവാൻ ഗവൺമെൻറിന് ആഗ്രഹമില്ലാത്തതുകൊണ്ടോ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസം പുരോഗമിപ്പിക്കുന്നതിന് ഗവൺമെൻറ് പരിശ്രമിക്കാത്തതുകൊണ്ടോ ആണ്, ഇങ്ങനെ കൊല്ലംതോറും ആളുകൾ സാങ്കേതിക വിദ്യാഭ്യാസത്തിന് കുറഞ്ഞുവരുന്നത്. ആലുവാ പോളിടെക്ക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ജൂണിൽ തുറക്കുമെന്ന് ഗവൺമെൻറ ആദ്യം പറഞ്ഞു. പിന്നീട് ആഗസ്റ്റിൽ തുറക്കുമെന്നു പറഞ്ഞു. അവസാനം സെപ്റ്റംബറിൽ തുറന്നപ്പോൾ അവിടെ ശരിക്കു പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ലക്ച്ചറേഴ്സ് വന്നിട്ടില്ല. എൻജിനീയറിങ്ങ് കോളേജിൽ വിദ്യാർത്ഥികൾ എക്സ്കർഷൻ നടത്തുന്നതിന് മുമ്പ് കൊടുത്തിരുന്ന അലവൻസ് പിൻവലിച്ചു. പിന്നെ അവിടെയുള്ളവർക്ക് അപ്രൻറിസ് കോഴ്സ് കൊടുക്കണമെന്നുണ്ട്. അപ്രൻറിസിന് സൗകര്യം കൊടുക്കുന്നത് സർക്കാരിൻെറ ചുമതലയല്ലെന്നു വന്നിരിക്കുന്നു. അവിടെയുള്ള ആളുകളിൽ പലർക്കും അപ്രൻറിസ് കോഴ്സ് കിട്ടുവാൻ ഇന്നു പലരും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അവർക്ക് അപ്രൻറിസ് കോഴ്സിന് വേണ്ടതായ സൗകര്യം ചെയ്തുകൊടുക്കുവാൻ ഗവൺമെൻറ വിചാരിച്ചാൽ വളരെ എളുപ്പമുണ്ട്. നമ്മുടെ സർക്കാർവകതന്നെ പല ഫാക്ടറികളുമുണ്ട്. അപ്രൻറിസ് കോഴ്സിനുള്ള സൗകര്യം ഗവൺമെൻറ് ചെയ്തുകൊടുക്കുന്നുമില്ല, അപ്രൻറിസ് കോഴ്സ് വേണമെന്ന് ഗവൺമെൻറ നിഷ്കർഷിക്കുന്നുമുണ്ട്. ഇങ്ങനെ നോക്കുകയാണെങ്കിൽ ഈ രാജ്യത്തെ സാങ്കേതിക വിദ്യാഭ്യാസം അധഃപതനത്തിലേയ്ക്കും തകരാറിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുകയാണെന്നു കാണാം. ഇവിടെ തൊഴിലില്ലായ്മ വർദ്ധിക്കുവാൻ കാരണമെന്താണ്? സാങ്കേതിക വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രോൽസാഹനങ്ങൾ കൊടുക്കാത്തതുകൊണ്ടും സാങ്കേതികവിദ്യാഭ്യാസം ആവശ്യമായവിധത്തിൽ പുരോഗമിക്കാത്തതുകൊണ്ടുമാണ് പ്രധാനമായി ഇവിടെ തൊഴിലില്ലായ്മ വർദ്ധിക്കുവാൻ കാരണം മാത്രമല്ല, സർ, സാങ്കേതികമായ വിദ്യാഭ്യാസത്തിൻെറ കുറവ് നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയെ ആകെ അധഃപതിപ്പിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസത്തിൻ തത്വവും പ്രയോഗവും തമ്മിലുള്ള ഈ അന്തരവും വൈരുദ്ധ്യവും വിനാശകരമാണ്. സുപ്രസിദ്ധ വിദ്യാഭ്യാസ പ്രവർത്തകനും ശാസ്ത്രകാരനും ഗ്രന്ഥകാരനുമായ ലാൻസ്ലട്ട് ഹോഗ്ബൻ പറയുന്നതു് കേൾക്കുക.

> "Great formative periods in the record of science have occurred when scientific investigators have been interested in the social uses to which their discoveries are put. If there is any lesson to be learnt from the history of modern science it is this. Professional exaltation of theory to the detriment of practice is the hall mark of cultural decay."

സാംസ്കാരികമായ അധഃപതനം നമ്മുടെ വിദ്യാഭ്യാസത്തിൽ ഇന്നു കണ്ടുകൂടിയിരിക്കയാണ്. അതിന് എന്തുപരിഹാരമാണ് ഗവൺമെൻറ ചെയ്യുവാൻ ഉദ്ദേശിക്കുന്നതു്? സാങ്കേതികമായ വിദ്യാഭ്യാസ

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ത്തിന്റെനില ഇങ്ങിനെ ഇരിക്കുമ്പോൾ മററു വിദ്യാശാഖകൾ തകർന്നു വരികയാണു്. ഇന്നു നമ്മുടെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡാർഡ് നോക്കുകയാണെങ്കിൽ അതു് കൊല്ലംതോറും കുറഞ്ഞു വരുന്നതായിട്ടാണു് കാണുന്നതു്. വിജയ ശതമാനം ആണ്ടുതോറും കുറഞ്ഞു വരികയാണു്. ൧൯൫൩ മാർച്ചിൽ ഇന്റർമീഡിയേററു് പരീക്ഷയിൽ ൩൫.൯ ശതമാനം കുട്ടികൾ ജയിച്ചു. ൧൯൫൩ സെപ്റ്റംബറിൽ അതു് ൪൩.൪ ശതമാനമായിരുന്നു. ൧൯൫൪ മാർച്ചിൽ ൩൪.൭ ശതമാനം കുട്ടികളാണു് ജയിച്ചതു്. ൧൯൫൪ സെപ്റ്റംബറിൽ അതു് ൩൨.൫ ശതമാനം ആയിരുന്നു. ൧൯൫൫ മാർച്ചിൽ ൩൫.൨ ശതമാനം ആണു് വിജയികളായതു്. എന്താണിങ്ങനെ സംഭവിക്കാൻ കാരണം? ഇന്നു് സ്റ്റാൻഡാർഡ് കുറഞ്ഞു എന്നൊരു മുറവിളി കേൾക്കുന്നുണ്ടു്. എന്താണു് ഈ സ്റ്റാൻഡാർഡ് എന്നുവച്ചാൽ അർത്ഥം? എന്നു് ആരുംതന്നെ പറഞ്ഞുകേൾക്കുന്നില്ല. രണ്ടുമൂന്നു വർഷത്തെ പരീക്ഷാഫലങ്ങൾ സൂക്ഷ്മമായി പരിശോധിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞതു്, പരാജിതരിൽ ൭൫%-ൽ കൂടുതൽ ഇംഗ്ലീഷിനാണു് പൊട്ടിയതു് എന്നാണു്. അപ്പോൾ സ്റ്റാൻഡാർഡ് എന്നു പറയുന്നതിനർത്ഥം ഇംഗ്ലീഷറിയുക എന്നാണോ? നമ്മുടെ വിദ്യാഭ്യാസത്തെ മുഴുവൻ തന്നെ ഒരു പ്രത്യേകഭാഷാ, അതും ഒരു വിദേശഭാഷ പഠിക്കുക എന്നതാക്കി ചുരുക്കിഎന്നാണോ ധരിക്കേണ്ടതു്? ആ അധഃപ്പതനത്തിനുള്ള ശരിയായ കാരണം എന്താണെന്നു കണ്ടുപിടിക്കുന്നതിനു പകരം വിദ്യാർത്ഥികൾക്കു് ഡിസിപ്ലിൻ ഇല്ലാ എന്നു പറഞ്ഞു തടിതപ്പുകയാണു് അധികൃതർ ചെയ്യുന്നതു്. ഡിസിപ്ലിൻ ഉണ്ടാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനുമുമ്പു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പത്തനംതിട്ട മെമ്പർ ശ്രീ. വാസുദേവൻ പിള്ളയും മററും നമ്മുടെ സർവ്വകലാശാലകളിൽ ഇൻഡിസിപ്ലിൻ വരുവാനുള്ള കാരണം എന്താണെന്നു അന്വേഷിക്കുന്നതു് അവർക്കും നമ്മുടെ കുഞ്ഞുകുട്ടികൾക്കും കൊള്ളാമെന്നാണു് എനിക്കു പറയുവാനുള്ളതു്. എനിക്കു് ഈ കാര്യത്തിൽ പാണ്ഡിത്യം ഉള്ളതുകൊണ്ടല്ല ഞാൻ ഇതു് പറയുന്നതു്. ഈ കാര്യത്തിൽ നിങ്ങൾക്കു് കൂടുതൽ പാണ്ഡിത്യം ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. നിങ്ങളുടെ പാണ്ഡിത്യത്തിന്റെ മുമ്പിൽ വളരെ എളിമയോടുകൂടി ഞാൻ പറയുകയാണു്. ഡാക്ടർ രാധാകൃഷ്ണൻ സർവ്വകലാശാലകളിൽ ഡിസിപ്ലിൻ ഇല്ലാതാകുന്നതിനെപ്പററി പറഞ്ഞിട്ടുള്ള ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം.

> "The sources of indiscipline are many, but among the most general though indirect causes often cited by our witnesses were meagre finances and consequent lack of amenities required for healthy college life."

വേണ്ടത്ര സൗകര്യങ്ങൾ കാളേജുകളിൽ ഇല്ലാത്തതുകൊണ്ടാണു് ഇൻഡിസിപ്ലിൻ കാളേജുകളിൽ ഉണ്ടാകുവാൻ കാരണമെന്നു് ഡാക്ടർ രാധാകൃഷ്ണൻ പറയുന്നു. ഇവിടത്തെ കാളേജുകളിൽ ഇൻഡിസിപ്ലിൻ ഉണ്ടാകുന്നതു് അതിന്റെ പിന്നിൽ കമ്മ്യൂണിസ്ററുകാർ പ്രവർത്തിക്കുന്നതുകൊണ്ടാണു്, അവരുടെ പ്രേരണയുടെ ഫലമായിട്ടാണു്, എന്നുള്ള

അ...ിൻ പലരും പ്രസംഗിച്ചുനടക്കാറുണ്ട്. അദ്ധ്യാപകരില്ലാത്ത ക്ലാസ്സ്മുറികളും ഉപകരണങ്ങളില്ലാത്ത ലാബറട്ടറികളും പുസ്തകങ്ങളില്ലാത്ത ലൈബ്രറികളും ഹോസ്റ്റലില്ലാത്ത കാളേജുകളുമാണ് അച്ചടക്കരാഹിത്യത്തിനു കാരണം. ഇവിടെ ഇൻഡിസിപ്ലിൻ ഇല്ലാതാകണമെന്നുണ്ടെങ്കിൽ ഇവിടത്തെ ഇന്നത്തെ കലാശാല വിദ്യാഭ്യാസത്തിൽ ഒരു സമൂലപരിവർത്തനം വരുത്താതെ സാദ്ധ്യമല്ല. അതിനുവേണ്ടി നിങ്ങൾ ശ്രമിക്കണം. നമ്മുടെ വിദ്യാഭ്യാസത്തിലെ മറ്റൊരു ദുർബലമായ കണ്ണി ഇവിടത്തെ എക്സാമിനേഷൻ സിസ്റ്റമാണ്. ഇന്നത്തെ എക്സാമിനേഷൻ സിസ്റ്റം ഇൻഡ്യയ്ക്കു ഒട്ടാകെയുള്ള ഒരു ശാപമാണെന്ന് ഡാക്ടർ രാധാകൃഷ്ണൻ പറയുന്നു. ഇന്നത്തെ എക്സാമിനേഷൻ സിസ്റ്റത്തിലുള്ള ദോഷം വർദ്ധിപ്പിക്കുവാനാണ് ഗവൺമെന്റ് നോക്കുന്നത്. അതാണ് ഡിറ്റെൻഷൻ സമ്പ്രദായം. പരീക്ഷ സമ്പ്രദായത്തിലുള്ള തകരാറുകൾ തീർക്കുന്നതിനു പകരം പരീക്ഷകളുടെ എണ്ണം വർദ്ധിപ്പിച്ച്, ഒരാണ്ടിൽ രണ്ടുമൂന്നു തവണയായി കടിച്ചു ചവച്ചു കരിമ്പിൻ ചണ്ടിപോലെ വിദ്യാർത്ഥികളെ പുറന്തള്ളുന്ന ഡിറ്റെൻഷൻ സമ്പ്രദായം വിപുലമാക്കുകയാണിന്നത്തെ നയമെന്നു കാണുന്നു. എക്സാമിനേഷൻ സിസ്റ്റത്തിലുള്ള തകരാറുകൾ പരിഹരിക്കുവാൻ നോക്കാത്ത കാലത്തോളം ഈ കുഴപ്പങ്ങൾക്ക് ഒരു പരിഹാരവും ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. ഇതിനെപ്പറ്റി സുപ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനായ ഓക്സ്ഫോർഡിലെ ഏ. ഡി. ലിൻഡ്സേ പറഞ്ഞിട്ടുള്ള അഭിപ്രായം ഞാൻ ഇവിടെ വായിക്കാം.

> "We have recent years constructed a ladder from the primary school to the University, but the conditions under which the boys of poor parents have to climb that ladder are long and excessive pre-occupation with examinations and nothing but examinations,. and almost enforced neglect of the other sides of education, the training of body and character."

ഇങ്ങനെ നമ്മുടെ പരീക്ഷകൾ നമ്മുടെ വിദ്യാലയങ്ങളെ മുഴുവൻ തകരാറിലാക്കിക്കൊണ്ട് നമ്മുടെ വിദ്യാഭ്യാസത്തെ പരിപൂർണ്ണമായി അടിപ്പെടുത്തിയിരിക്കുകയാണ്. ഇന്നുനമ്മുടെ വിദ്യാർത്ഥികൾ പാസാകുന്നതു് കാളേജിൽ പഠിച്ചിട്ടില്ല, ട്യൂടോറിയൽ കാളേജിൽ പഠിച്ചിട്ടാണ് അവർ ഇന്നു പാസാകുന്നതു്. ഇന്റർ മീഡിയേററ് പരീക്ഷയിൽ അധികം ആളുകളും തോററതു് ഏതുവിഷയത്തിന്നാണ്. ൭൫ ശതമാനം ആളുകളും ഇംഗ്ലീഷിലാണ് തോററതു്. ഇങ്ങനെ അശാസ്ത്രീയമായ പരീക്ഷയിൽ കുടുക്കി അനേകം വിദ്യാർത്ഥികളെ തോല്പിച്ച് അവർക്കു ധനനഷ്ടവും സമയനഷ്ടവും ഉണ്ടാക്കിയതുകൊണ്ടു സ്റ്റാൻഡാർഡ് കൂടുന്നുണ്ടോ? ഇല്ല. ഇവിടെ തോററ മിക്ക വിദ്യാർത്ഥികളും മററു വിഷമം കുറഞ്ഞ കോഴ്സുകൾ അന്വേഷിച്ചു പോയി പിൻവാതിലിൽ കൂടി വീണ്ടുവരികയാണ്. നമ്മുടെവിദ്യാർത്ഥികളിൽ വളരെ അധികം ആളുകൾ രക്ഷപ്പെട്ടാണ യൂണിവേഴ്സിററിയുടെ ഇൻററിന് ചേരുകയാണ്. അവിടെക്ലാസിൽ അറ്റൻഡു ചെയ്യേണ്ടകാര്യമില്ല മിക്കവാറും ഒരു വർഷംകൊണ്ടു പഠിക്കാവുന്ന പാഠങ്ങൾ എങ്ങിനെയും വശമാക്കി പരീക്ഷക്കിരുന്നാൽമതി. ഈ വർഷം തന്നെ ആയിരത്തിൽപരം വിദ്യാർത്ഥികൾ ഇവിടെനിന്ന് രക്ഷപ്പെട്ടാണ പരീക്ഷക്കുപോയി

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ഇവിടത്തെ കാളേജിൽ തോററുകഴിഞ്ഞാൽ അവർ അവിടെപ്പോയി ഇൻറർ പാസായാൽ ഇവിടെ ബി എക്കു് ചേരാൻ വിരോധമില്ല. ഇൻറർമീഡിയററ ക്ലാസിൽ അററൻറ ചെയ്യണമെന്നുള്ളതുതന്നെ ആവശ്യമാണോ എന്നാലോചിക്കണം. എൻെറ ഓർമ്മ ശരിയാണെങ്കിൽ U. P. യിലും ഇൻററിനു് ക്ലാസിൽപോകേണ്ട. അതുകൊണ്ടു് ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ ഒരു സമൂലപരിവർത്തനം വരുത്തേണ്ടതു് ഏററവും അത്യാവശ്യമായി തീർന്നിരിക്കുകയാണു്. അങ്ങനെ ഒരു സമൂലപരിവർത്തനം വരുത്തുവാൻ നോക്കുന്നതിനുപകരം അർത്ഥമില്ലാതെ വെറുതെ ഇരിക്കുന്ന ആളുകളെ ആക്ഷേപിക്കുന്നതുകൊണ്ടും മററു രാഷ്ട്രീയ പാർട്ടികളുടെ മേൽ ദോഷാരോപണങ്ങൾ ചെലുത്തുന്നതുകൊണ്ടും യാതൊരു ഫലവുമുണ്ടാകുകയില്ല.

Mr. Speaker: : If we close the discussion on University Education, we can pass later on to primary and secondary education and I will see that some cut on total allotment is moved on which hon. Members can speak on general educational policy to any extent they like. If the House is agreeable, this discussion can be closed now.

(The House agreed to the suggestion.)

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ): സർ, യൂണിവേഴ്സിററിക്കു വേണ്ടിയുള്ള ൫ ലക്ഷം രൂപയുടെ ബ്ലോക്കു ഗ്രാൻറിനെപ്പററി പത്തനാപുരം മെംബർ ചില സംഗതികളെല്ലാം ഇവിടെ പ്രസ്താവിക്കയുണ്ടായി. അദ്ദേഹത്തിൻെറ ചില അഭിപ്രായങ്ങളോടു ബഹുമാനപ്പെട്ട പെരുമ്പാവൂർ മെമ്പറും യോജിച്ചുകണ്ടു. അതായതു്, ഇപ്പോഴുള്ള യൂണിവേഴ്സിററി വൈസ് ചാൻസലറുടെ നിയമനം ഒട്ടുംതന്നെ ശരിയല്ലെന്നായിരുന്നു ആ ബഹുമാനപ്പെട്ട മെമ്പറന്മാർ അഭിപ്രായപ്പെട്ടതു്. ഒരു വൈസ് ചാൻസലറായിരിക്കുന്നതിനുള്ള യോഗ്യതകൾ ഒന്നും ഇപ്പോഴത്തെ വൈസ് ചാൻസലർക്കു ഇല്ലെന്നാണു് ബഹുമാനപ്പെട്ട പെരുമ്പാവൂർ മെമ്പർ പ്രസ്താവിച്ചതു്. അതു സംബന്ധമായി ബഹുമാനപ്പെട്ട ചടയമംഗലം മെമ്പറും ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറും പറഞ്ഞതിൽ കൂടുതലായി ഒന്നുംതന്നെ പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും ഒരു വാക്കു അതിനെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല. സർ. രാമസ്വാമി മുതലിയാർ ലോകം മുഴുവൻ കേൾവി കേട്ടിട്ടുള്ള ഒരാളാണു്. അദ്ദേഹം യു. എൻ. ഓ. യിൽ പല കമ്മിററികളുടെയും ചെയർമാനായി ഇരുന്നിട്ടുള്ള വ്യക്തിയാണു്. അദ്ദേഹത്തിനു വിദ്യാഭ്യാസവിഷയത്തിൽ വളരെ പഴക്കവും പ്രാവീണ്യവും സിദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആ സ്ഥിതിക്കു അദ്ദേഹത്തിനെ തിരുവിതാംകൂർ സർവ്വകലാശാലയിലെ വൈസ് ചാൻസലറായി കിട്ടിയതു ഒരു ഭാഗ്യമായി കരുതണമെന്നാണു് എനിക്കു പറയാനുള്ളതു്.

ചില പ്രൈവററുകാളേജുകളിൽ നടക്കുന്ന സംഗതികളെ പരാമർശിച്ചും ബഹുമാനപ്പെട്ട പത്തനാപുരം മെമ്പർ ഇവിടെ ചിലതെല്ലാം പ്രസ്താവിക്കയുണ്ടായി. അതായതു ചങ്ങനാശ്ശേരി കാളേജിലെ പ്രിൻസിപ്പാൾ ഒരു കുട്ടിയെ ഏതോ ചില കാരണങ്ങൾ പറഞ്ഞു കാളേജിൽ

ചേർത്തില്ലെന്നും, ആ കുട്ടി ആലപ്പുഴയുള്ള എസ്സ്. എൻ. കാളേജിൽ ചേരുന്നതിനു ചെന്നപ്പോൾ ആ കുട്ടിയെപ്പറ്റി ചില വിവരമെല്ലാം ചങ്ങനാശ്ശേരി കാളേജു പ്രിൻസിപ്പാൾ എസ്സ്. എൻ. കാളേജിലേക്കു എഴുതി അയച്ചിരുന്നുവെന്നുമാണു പ്രധാനമായി അദ്ദേഹം കൊണ്ടുവന്നിട്ടുള്ള ചാർജ്ജ്. ഒരു കാളേജിൽ ആയിരവും രണ്ടായിരവുംവരെ വിദ്യാർത്ഥികളെ വച്ച് ശരിയായ ശിക്ഷണബോധത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടുമൂന്നുപേർ കമ്മ്യൂണിസ്റ്റു സഖാക്കളുടെ പ്രേരണകൊണ്ടു ബാക്കിയുള്ള കുട്ടികൾക്കുകൂടി വിഷബീജം കലർത്തുന്നതിനെ തടയുന്നുവെങ്കിൽ അങ്ങനെയുള്ള ഒരു പ്രിൻസിപ്പാളിനെ അനുമോദിക്കയാണു വേണ്ടതു്. ആ പ്രിൻസിപ്പാൾ അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി എനിക്കറിവില്ല. ഏതായാലും ബഹുമാനപ്പെട്ട പത്തനാപുരം മെംബർ പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തിനു് യാതൊരു ബന്ധവുമില്ലാത്ത എസ്സ്. ഡി കാളേജിലേക്കു എഴുതിഅയച്ചിട്ടുണ്ടെങ്കിൽ അതു അദ്ദേഹത്തിന്റെ ധർമ്മബോധത്തെയാണു് വെളിപ്പെടുത്തുന്നതു്. എസ്സ്. ഡി. കാളേജിൽ ചെന്നു അവിടെയുള്ള കുട്ടികളെ കൂടി ഡിസിപ്ലിൻ ഇല്ലാത്തവരാക്കാതിരിക്കാനാണു അദ്ദേഹം ആ എഴുത്തുമൂലം ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: വിഷബീജം കലർത്തുമെന്നു പറഞ്ഞു. വല്ല രോഗത്തിന്റെയും വിഷബീജമാണോ ഉദ്ദേശിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: സാധാരണ കമ്മ്യൂണിസ്റ്റുകൾ കുത്തിവയ്ക്കുന്ന വിഷബീജം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞങ്ങൾ ഡാക്ടർമാരല്ല. പിന്നെയെങ്ങനെയാണു ഞങ്ങൾ വിഷബീജം കുത്തിവയ്ക്കുന്നതു്?

Mr. Speaker: That is all said in common language. You can understand it.

Shri N. Raghava Kurup: It don't understand i, Sir.

ശ്രീ. എ. ജെ. ജാൺ: ഇതൊന്നും ഇവിടെ അനുവദിക്കാൻ സാദ്ധ്യമല്ലെന്നും, ഒരു ജലപ്രവാഹത്തെ ഒരു ചെറിയ മുറംകൊണ്ടു തടയാൻ ശ്രമിക്കുന്നതു വ്യർത്ഥമാണെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ൧൯൪൮ മുതൽ കാളേജുകളിലും, സ്കൂളുകളിലും, ഡിസിപ്ലിൻ ഇല്ലാതാക്കുന്നതിലേക്കു കമ്മ്യൂണിസ്റ്റു സഖാക്കൾ വളരെ ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കയായിരുന്നു. അവർ കുറെ സ്ഥലങ്ങളിൽ കുറെയെല്ലാം വിജയിക്കുകയും ചെയ്തു. അപ്രകാരം മുമ്പോട്ടുപോയി സാധുക്കളും നിരപരാധികളുമായ വിദ്യാർത്ഥികളെ അവരുടെ ആയുധമാക്കിത്തീർക്കാമെന്നു അവർ വ്യാമോഹിച്ചിരുന്നു. കഴിഞ്ഞതവണ വിദ്യാഭ്യാസബഡ്ജറ്റ് അവതരിപ്പിച്ചിരുന്നപ്പോൾ ഞാൻ ഇതിനെപ്പറ്റി അസംബ്ലിയിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. കമ്മ്യൂണിസ്റ്റുകളുടെ ആയുധമായി തീരുന്നതു വളരെ ആപത്താണെന്നു വിദ്യാർത്ഥികൾ മനസ്സിലാക്കിയതിന്റെ ഫലമായി തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള സ്കൂളുകളിലും കാളേജുകളിലും ഡിസിപ്ലിൻ അനുസരിച്ചു അദ്ധ്യയനം നടത്താൻ സാധിക്കുന്നുണ്ടെന്നുള്ള വിവരം വളരെ

[ശ്രീ. എ. ജെ. ജാൺ.]

സന്തോഷത്തോടുകൂടി ഞാനിവിടെ അറിയിച്ചുകൊള്ളുന്നു. അവർ ഉദ്ദേശിച്ചിരുന്ന പ്ലാൻ അനുസരിച്ചു കാര്യങ്ങൾ മുമ്പോട്ടുപോകാതെ വിദ്യാർത്ഥികൾ അച്ചടക്കത്തോടുകൂടി അദ്ധ്യയനം നടത്തുന്നതു കണ്ടപ്പോൾ അദ്ദേഹത്തിനു സഹിക്കവയ്യാത്ത നിരാശയുണ്ടായതിന്റെ ഫലമായിട്ടാണു അദ്ദേഹം ഗവൺമെന്റിനെ ശപിക്കുന്നതിനു ഇടയായിട്ടുള്ളതു്. സാധാരണ ഗതിയിൽ നല്ല സംഗതികളെ കാണുമ്പോൾ അതിനെ ശപിക്കുകയും ചീത്ത സംഗതിയെ കാണുമ്പോൾ അതിനെ സ്തുതിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യം കമ്മ്യൂണിസ്റ്റുകാർക്കുള്ളതായി ഞാൻ കണ്ടിട്ടുണ്ടു്. മാതാപിതാക്കന്മാർ വളരെ കഷ്ടപ്പെട്ടും പ്രയത്നിച്ചും പണം ചെലവാക്കി കുട്ടികളെ പഠിപ്പിക്കുന്നതു അവർക്കും, അവരുടെ കുടുംബത്തിനും, ഗുണമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. അതനുസരിച്ചു വിദ്യാർത്ഥികൾ നേർവഴിക്കു തിരിഞ്ഞതിൽ കമ്മ്യൂണിസ്റ്റു സഖാക്കൾക്കു നിരാശയുണ്ടാകുന്നതു സ്വാഭാവികമാണു്. അതിൽ ഞാനൊരു അതിശയവും കാണുന്നില്ലെന്നുള്ള വിവരം ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ എത്ര ഉച്ചത്തിൽ പ്രസംഗിച്ചാലും തിരുവിതാംകൂർ-കൊച്ചിയിലുള്ള സ്കൂളുകളിലും കാളേജുകളിലും ഡിസിപ്ളിൻ പരിപാലിക്കണമെന്നാണു ഗവൺമെന്റു ഉദ്ദേശിക്കുന്നതു്. അപ്രകാരം ഡിസിപ്ളിൻ പരിപാലിക്കുകയും ചെയ്യും.

സാധാരണ ഗതിയിൽനിന്നും കുറെ വ്യത്യസ്ഥമായി പറവൂർ മെമ്പർ ശ്രീ. രവീന്ദ്രൻ ചില നല്ല കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതായതു് സെക്കൻഡറി സ്കൂളുകളിൽ മലയാളഭാഷ അദ്ധ്യയനഭാഷയായി സ്വീകരിച്ചിരിക്കുന്നതുകൊണ്ടും, ചില കാളേജുകളിൽ പ്രഫസറന്മാരും ലക്ചറന്മാരും ശരിയായി ഇല്ലാത്തതുകൊണ്ടും, ഉള്ളിടത്തുതന്നെ ശരിയായ ശമ്പളം കൊടുക്കാത്തതുകൊണ്ടും, ചിലടത്തു ലൈബ്രറിയും ലാബറട്ടറിയും ഇല്ലാത്തതുകൊണ്ടുമാണു അദ്ധ്യയനരീതി അത്രത്തോളം നന്നാകാത്തതെന്നു അദ്ദേഹം പറഞ്ഞതിനോടു ഞാനും കുറെയൊക്കെ യോജിക്കുന്നുണ്ടു്. ഇക്കാരണങ്ങൾ കൊണ്ടാണു കാളേജുകളിലെ വിജയശതമാനം കുറയുന്നതിനു കാരണമായിട്ടുള്ളതെന്നും, അദ്ദേഹം പ്രസ്താവിക്കയുണ്ടായി. എന്നാൽ കാളേജു നടത്തിപ്പു സംബന്ധിച്ചു ഗവൺമെന്റിനു പറയത്തക്ക യാതൊരു അധികാരവുമില്ലെന്നു ഞാൻ ആദ്യമായി അറിയിച്ചുകൊള്ളുന്നു. ഈ കാളേജുകൾക്കു ഗവൺമെന്റിൽനിന്നും പറയത്തക്ക യാതൊരു ധനസഹായവും ചെയ്യുന്നില്ല. പുതുതായി കാളേജുകൾ ഉണ്ടാക്കുമ്പോൾ ചില സഹായങ്ങൾ ഗവൺമെന്റു ചെയ്തുകൊടുത്തിട്ടുണ്ടെന്നല്ലാതെ മററു സഹായങ്ങളൊന്നും നൽകുന്നില്ല. അദ്ധ്യയനരീതിയെപ്പററിയോ, കാളേജുകൾ നടത്തുന്നതിനെപ്പററിയോ ഗവൺമെന്റിനു ഒന്നും തന്നെ ചെയ്യാൻ സാദ്ധ്യമല്ല.

ഞാറക്കൽ മെമ്പർ ശ്രീ. രാമകൃഷ്ണൻ യൂണിവേഴ്സിററി ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിച്ചതിനെ സംബന്ധിച്ചു ഇവിടെ പ്രസ്താവിക്കയുണ്ടായി. ഈ സെഷനിൽതന്നെ രണ്ടുമൂന്നു പ്രാവശ്യം ഞാൻ അതു സംബന്ധിച്ചുള്ള വിവരം പറഞ്ഞിട്ടുള്ളതാണു്. ൧൧൨൭-൨൮ വർഷം മദ്ധ്യത്തിൽ ഹോസ്റ്റൽ ഫീസു് യൂണിവേഴ്സിററിയിൽനിന്നും കൂട്ടുകയുണ്ടായി. അതു സംബന്ധിച്ചു കുട്ടികളും രക്ഷകർത്താക്കളും നേരത്തെ നോട്ടീസു തരാതെ

കൂട്ടിയ ഫീസ് കുറയ്ക്കണമെന്നു ആവശ്യപ്പെടുകയും ആ സംഗതിയെപ്പററി സെനററും സിൻഡിക്കേററും ആലോചിച്ചശേഷം വർഷത്തിന്റെ ഇടയ്ക്കു വച്ചു ഫീസു കൂട്ടുന്നതു ശരിയല്ലെന്നുകണ്ടു കൂടുതൽ വാങ്ങിയ ഫീസ് തിരിച്ചു കൊടുക്കുകയുമുണ്ടായി. എന്നാൽ ഇപ്പോഠം അദ്ധ്യയനവർഷത്തിനു രണ്ടു മൂന്നു മാസങ്ങഠംക്കുമുമ്പുതന്നെ ഫീസു ഇന്നതാണെന്നു പരസ്യം ചെയ്കയും ആ ഫീസ് തന്നുകൊള്ളാമെന്നു വിദ്യാർത്ഥികളും രക്ഷകർത്താക്കളും എഴുതി വയ്ക്കുകയും ചെയ്തതിനുശേഷമാണു വിദ്യാർത്ഥികളെ ഹോസ്റ്റലിൽ പ്രവേശിപ്പിച്ചിട്ടുള്ളതു്. ഇതിൽ എന്തു അനീതിയാണു യൂണിവേഴ്സിററി പ്രവത്തിച്ചിട്ടുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഫീസു കൂട്ടിയതു ആറു രൂപായെന്നുള്ളതു ഏഴുരൂപയാക്കിയതാണ്. യൂണിവേഴ്സിററി ഹോസ്റ്റൽ നടത്തുന്നതിലേക്കു ഏകദേശം നാല്പതിനായിരം രൂപയ്ക്കു താഴെയുള്ള ചെലവു വരുന്നുണ്ടു്. ആ ചിലവു കുറെ കുറയ്ക്കണമെന്നു വിചാരിച്ചു സ്വല്പമായ വിധത്തിൽ ഹോസ്റ്റൽഫീസു കൂട്ടിയതിനെ എങ്ങനെയാണു ആക്ഷേപിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഹോസ്റ്റൽ ഫീസ് കൂട്ടിയെന്ന കാരണമുണ്ടാക്കി യൂണിവേഴ്സിററി കാളേജിലും മററും ഒരു കുഴപ്പമുണ്ടാക്കാമെന്നു ചില കമ്മ്യൂണിസ്ററു സഖാക്കഠം വിചാരിച്ചു. അതിലേക്കു ചില പ്രേരണകളും അവർ ചെലുത്തിനോക്കി. അതിന്റെ റിങ്ങ് ലീഡറന്മാരായ ൨൦ കുട്ടികളെ ഹോസ്റ്റലിൽനിന്നു വെളിക്കിറക്കുകയും ചെയ്തു. ഇപ്പോഠം ശാന്തമായി ഹോസ്റ്റൽ നടക്കുന്നുണ്ടു്. ഇനിയും വല്ല കുഴപ്പവും ഉണ്ടാക്കുന്നതിനു മാർഗ്ഗമുണ്ടോയെന്നു നോക്കുന്നതിനാണു ഇവിടെ ഇതു ഇപ്പോഠം പ്രസ്താവിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു.

ഇപ്പോഴുള്ള യൂണിവേഴ്സിററി ആക്ടിൽ ചില ഭേദഗതികഠം വരുത്തേണ്ടതു് ഇന്നത്തെ സ്ഥിതിഗതികളിൽ ആവശ്യമാണെന്നു കണ്ടുകൊണ്ടാണു ഒരു യൂണിവേഴ്സിററി ആക്ട് റിവിഷൻ കമ്മിററി നിയമിച്ചിട്ടുള്ളതു്. ആ കമ്മിററിക്കു ഇപ്പോഴുള്ള ആക്ടിലെ എല്ലാ കാര്യങ്ങളും പരിശോധിച്ചു ആവശ്യമുള്ള ഭേദഗതികഠം റെക്കമെൻറു ചെയ്യുന്നതിനു പരിപൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതാണ്. യൂണിവേഴ്സിററി അദ്ധ്യയനത്തെ സംബന്ധിച്ചും എന്തെങ്കിലും ഭേദഗതികഠം വരുത്തണമെന്നുണ്ടെങ്കിൽ അതും റെക്കമെൻറു ചെയ്യുന്നതിനു ആ കമ്മിററിക്കു അധികാരമുണ്ടായിരിക്കുന്നതാണ്. ഇൻഡ്യയിലുള്ള യൂണിവേഴ്സിററികഠംക്കു എല്ലാംതന്നെ ഇപ്പോഴത്തെ അദ്ധ്യയനരീതി മാററണമെന്നു അഭിപ്രായമുണ്ടെന്നു ചില ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതു വളരെ ശരിയാണ്. അതു ഇൻഡ്യാഗവമ്മെൻറിനു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ഒരു യൂണിവേഴ്സിററി കമ്മിഷനെ നിയമിക്കയും അതു സംബന്ധിച്ചു് ഒരു ബിൽ ഏതാനും മാസങ്ങഠംക്കുമുമ്പു പാർലമെൻറിൽ അവതരിപ്പിക്കുകയും ചെയ്തതു്. എന്നാൽ വൈസ് ചാൻസലറന്മാർ എല്ലാവരുംകൂടി ആലോചിച്ചതിന്റെശേഷം ആ ബിൽ ഭേദഗതി വരുത്തണമെന്നു് ആവശ്യപ്പെട്ടതിന്റെ ഫലമായി ആ ബിൽ മുമ്പോട്ടുനീങ്ങിയിട്ടില്ല. ഏതെല്ലാം വിധത്തിലുള്ള പരിഷ്കാരങ്ങളാണ് കാളേജുവിദ്യാഭ്യാസത്തിൽ വരുത്തേണ്ടതു് എന്നുള്ളതിനെപ്പററി ഏപ്രിൽ മാസം ൨൯-ാംനു-യോ മററോ ഇൻഡ്യയിലുള്ള വൈസ് ചാൻസലറന്മാരേയും വിദ്യാഭ്യാസ മന്ത്രിമാരേയും വിളിച്ചുവരുത്തി ഒരു ആലോചനായോഗം നടത്തണമെന്നു ഇൻഡ്യാഗവമ്മെൻറു തീരുമാനിച്ചിരിക്കയാണ്.

[ശ്രീ. ഏ. ജെ. ജാൺ.]

ഇപ്പോഴത്തെപോലെയുള്ള അക്കാഡമി വിദ്യാഭ്യാസം മതിയോയെന്നും സ്കൂളുകളിലും കാളേജുകളിലും സാങ്കേതിക പരിശീലനം നൽകണമോയെന്നുമുള്ള എല്ലാ സംഗതികളെപ്പററിയും ആ കാൺഫറൻസിൽ ആലോചിക്കുമെന്നാണ് തോന്നേണ്ടതു്. അതിനാൽ ഇക്കാര്യത്തെപ്പററി കൂടുതലായി എനിക്കൊന്നും പറയാനില്ല.]

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ എക്സിക്യൂട്ടീവ്, യൂണിവേഴ്സിററിയുടെ അധികാരപരിധിയിൽ പ്രവേശിക്കുന്നു എന്നു പറഞ്ഞതു ശരിയല്ലെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. യൂണിവേഴ്സിററി ആക്ടനുസരിച്ചു് ചില സംഗതികൾ യൂണിവേഴ്സിററിക്കു തനിച്ചു ചെയ്യാൻ സാദ്ധ്യമല്ല. അതിനെപ്പററി ഗവണ്മെൻറിനോടുകൂടി ആലോചിക്കണം. അങ്ങനെ ഗവണ്മെൻറുമായി ആലോചിക്കേണ്ട കാര്യങ്ങൾ ഗവണ്മെൻറിൽ അയച്ചിട്ടുള്ളതിനാൽ ഗവണ്മെൻറിൻെറ അഭിപ്രായം രേഖപ്പെടുത്തുക മാത്രമേ ചെയ്തിട്ടുള്ളു. ഓരോ കൊല്ലവും തുകകൾ അനുവദിക്കുന്നതുസംബന്ധിച്ചു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകരുതെന്നു കരുതി യൂണിവേഴ്സിററിക്കു ൨൫ ലക്ഷം രൂപയുടെ ഒരു ബ്ലോക്ക് ഗ്രാൻറു കൊടുക്കുകയാണു ചെയ്യുന്നതു്. ഗവണ്മെൻറു യൂണിവേഴ്സിററിയുടെ യാതൊരു അധികാരങ്ങളിലും ഇടപെടുന്നില്ല.

<u>ശ്രീ. ഏ. താണുപിള്ള</u>: ഏപ്രിൽ ൧൯-ാംനു-യോ ൨൨-ാംനു-യോ ഒരു കാൺഫറൻസ് ഡൽഹിയിൽ വച്ചിട്ടുണ്ടെന്നു പറഞ്ഞല്ലോ. അതിനുമുമ്പ് സെക്കൻററി എഡ്യൂക്കേഷൻ കമ്മിററിയുടെ റിപ്പോർട്ടു വരുമെന്നു വിചാരിക്കുന്നുണ്ടോ?

<u>ശ്രീ. ഏ. ജെ. ജാൺ</u>: അതിനുമുമ്പ് വരുമെന്നാണു തോന്നുന്നതു്. അവരുടെ അന്വേഷണങ്ങളെല്ലാം കഴിഞ്ഞിരിക്കയാണ്; ഈ കാൺഫറൻസ് ഒരു മാസത്തിനുമുമ്പ് വച്ചിരുന്നതാണ്. ഇപ്പോൾ മാററിവച്ചിരിക്കുകയാണ്.

ഈ യൂണിവേഴ്സിററിയുടെ കീഴിൽ ചില കാളേജുകൾ ഉണ്ടു്. കൊച്ചിയിലുള്ള മൂന്നു കാളേജുകൾ ഗവണ്മെൻറിൻെറ കീഴിലാണ്. ഈ കാളേജുകൾ, ഒന്നുകിൽ യൂണിവേഴ്സിററിയുടെ കീഴി

3 P. M. ലാക്കണമെന്നും, അല്ലാത്തപക്ഷം എല്ലാ കാളേജുകളും ഗവണ്മെൻറിലേക്കു ഏറെടുക്കണമെന്നും അദ്ദേഹം പറകയുണ്ടായി. അതു സംബന്ധിച്ചു ഗവണ്മെൻറു ഒരു തീരുമാനവും ഇതുവരെ എടുത്തിട്ടില്ല. അക്കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്. മറെറാന്നു അദ്ദേഹം പറഞ്ഞതു യൂണിവേഴ്സിററിക്കു കൊടുക്കുന്ന ഗ്രാൻറു കൺസാളിഡേററഡ് ഫണ്ടിൽ ചാർജുചെയ്യണമെന്നാണ്. ഭരണഘടനയിലെ ൨൨൪-ാം വകുപ്പിനു വിധേയമായി ഒരു ബിൽ പാസാക്കിയാൽ അങ്ങനെ ചെയ്യാൻ കഴിയും. അതിൻെറ ഫലം ഇപ്പോഴത്തെ ബ്ലോക്കു ഗ്രാൻറുകൊണ്ടുതന്നെ ഉണ്ടാകുന്നുണ്ടെന്നാണു എനിക്കു പറയുവാനുള്ളതു്.

ബഹുമാനപ്പെട്ട കുന്നത്തുനാടു മെംബർ സാങ്കേതികവിദ്യാലയങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനുള്ള പ്രോത്സാഹനം നൽകണമെന്നു പ്രസ്താവിക്കുകയുണ്ടായി, അതുസംബന്ധിച്ചു ഖണ്ഡിതമായ ഒരഭിപ്രായം പറയാൻ

നിവൃത്തിയില്ല. ഇൻഡ്യയിൽ സാർവ്വത്രികമായി എന്തു നയമാണു് സ്വീകരിക്കുന്നതെന്നുനോക്കി അതനുസരിച്ചു പ്രവർത്തിക്കാനാണുദ്ദേശിക്കുന്നതു്. സാങ്കേതിക വിദ്യാലയങ്ങൾ വേണമെന്നു പറയുന്നതിനോടു മിക്കവാറും ഗവർമ്മെൻറു യോജിക്കുകയാണു ചെയ്യുന്നതു്. കാളേജുകൾക്കു ഗ്രാൻറു കൊടുക്കുന്നതിനെ സംബന്ധിച്ചും അദ്ദേഹം സംസാരിക്കയുണ്ടായി. അഞ്ചാറുകൊല്ലം മുൻപുമുതൽ പുതുതായി കാളേജുകൾ തുടങ്ങിയാൽ, അതു തൃപ്തികരമായ നിലയിൽ നടത്തിക്കൊണ്ടു പോകുന്നതിലേക്കു അഞ്ചു ലക്ഷം രൂപ ബാങ്കിലോ ട്രഷറിയിലോ ഡിപ്പാസിററുചെയ്യണമെന്നു ഗവർമ്മെൻറു ഒരു തീരുമാനം ചെയ്യുകയുണ്ടായി. പുതിയതായി തുടങ്ങുന്ന കാളേജുകൾക്കു്, കെട്ടിടം കെട്ടുക മുതലായ കാര്യങ്ങൾക്കായി പലയിനങ്ങളിലുമുള്ള ചെലവുകൾ ഉള്ളതുകൊണ്ടു്, അഞ്ചുലക്ഷം രൂപ കെട്ടിവയ്ക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞതുകൊണ്ടു്, കാളേജുകൾക്കു് ഈ അഞ്ചുലക്ഷം കൊടുക്കണമെന്നും എന്നാൽ രൂപ വാങ്ങി ഉപയോഗിക്കാൻ സാദ്ധ്യമല്ലെന്നും, ആ രൂപയുടെ പലിശ വാങ്ങി ചെലവു ചെയ്യണമെന്നും ഗവർമ്മെൻറു തീരുമാനിച്ചിട്ടുണ്ടു്. മൂന്നോ നാലോ കാളേജുകൾക്കു് ഇതിനു മുൻപു കൊടുത്തിട്ടുണ്ടു്. പിന്നീടു്, മേലാൽ തുടങ്ങുന്ന കാളേജുകൾക്കു് ഈ അഞ്ചു ലക്ഷം രൂപ കൊടുക്കുന്നതല്ലെന്നും, നേരത്തെയുള്ള കാളേജുകൾക്കു് മാത്രം കൊടുത്താൽ മതിയെന്നും തീരുമാനിച്ചു. കഴിഞ്ഞ കൊല്ലത്തിലും ഇക്കൊല്ലത്തിലും, പുതിയ കെട്ടിടങ്ങൾക്കുവേണ്ടി കുറെ രൂപ ആറോ ഏഴോ കാളേജുകൾക്കു് കൊടുത്തിട്ടുണ്ടു്. കൂടാതെ, ഗവർമ്മെൻറു വാക്കു ശരിയായി പാലിക്കുന്നില്ല എന്നും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. കുന്നത്തുനാട്ടു് ഒരു ഹൈസ്കൂൾ കൊടുക്കാമെന്നു പറഞ്ഞിരുന്നു; അതു് പാലിച്ചിട്ടില്ല എന്നാണു് അദ്ദേഹം പറഞ്ഞതു്. ഹൈസ്കൂളുകൾ വേണമെന്നു് ആവശ്യപ്പെട്ടപ്പോൾ, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ഡിവിഷൻ ഇൻസ്പെക്ടറൊ, ഡയറക്ടറൊ പോയി അന്വേഷണം നടത്തിയതിനുശേഷം റിപ്പോർട്ടു അയക്കും. ഹൈസ്കൂൾ അനുവദിക്കേണ്ടസ്ഥലങ്ങളിൽ അനുവദിക്കും, അല്ലാത്ത സ്ഥലങ്ങളിൽ അനുവദിക്കുകയില്ല എന്നാണു എനിക്കു പറയുവാനുള്ളതു്. പെരുമ്പാവൂർ മെംബർ പല അതാറിട്ടികളും ഉദ്ധരിച്ചു ഇവിടെ ഒരു കേസു വാദിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ആരോപണങ്ങൾക്കെല്ലാം ഞാൻ മറുപടി പറയണമെന്നു തൽക്കാലം വിചാരിക്കുന്നില്ല. ഇത്ര വലിയ ഒരു തുക അലവൻസു കൊടുത്തു് ഒരു വൈസ്ചാൻസലറെ ഇവിടെ നിയമിക്കേണ്ട ആവശ്യമെന്താണെന്നു് അദ്ദേഹം ചോദിച്ചു. ഗവർമ്മെൻറിൻെറ നടപടികളെപ്പററി ഈ സഭയിൽ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ, അവയിൽ വല്ലതും യഥാർത്ഥ്യമുണ്ടോ എന്നു അന്വേഷിക്കേണ്ടതു ബഹുമാനപ്പെട്ട മെംബറന്മാരുടെ കടമയാണു്. അങ്ങനെ ചെയ്യാത്തതുകൊണ്ടാണു് ഈ വിധത്തിൽ ഒരു വൈസ്ചാൻസലറെ അന്യനാട്ടിൽനിന്നും വരുത്തി ഇത്ര വലിയ ശമ്പളംകൊടുക്കുന്നതു എന്തിനാണെന്നു അദ്ദേഹം ചോദിച്ചതു്.

ശ്രീ. ജെ. രാഘവൻ പിള്ള: ശമ്പളമായിട്ടല്ലെങ്കിൽ ഓണറേറിയമായിട്ടു കൊടുക്കുകയാണോ?

ശ്രീ. എ. ജെ. ജാൺ: ശമ്പളവും ആണറേറിയവും ഒന്നും കൊടുക്കുന്നില്ല.

മറെറാന്ന്, പെരുമ്പാവൂർ മെംബർ, ഇവിടെ കത്തോലിക്കാ കാളേജുകളോടും സ്കൂളുകളോടും വളരെ ആനുകൂല്യങ്ങൾ കാണിക്കുന്നുണ്ടെന്ന് പറയുകയുണ്ടായി. അദ്ദേഹത്തിന് കത്തോലിക്കാ കാളേജുകളോട് പ്രത്യേക വിരോധമുള്ളതായി തോന്നുന്നു. ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രശസ്തമായ രീതിയിൽ കത്തോലിക്കർ കാളേജുകൾ നടത്തുന്നുണ്ട്. എന്നാണ് എന്റെ അറിവ്. പെരുമ്പാവൂർ മെംബറുടെ അഭിപ്രായം അനുസരിച്ച് അവർ ഈ സംരംഭത്തിൽനിന്നും പിൻവാങ്ങുമെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: റഷ്യയിൽ കത്തോലിക്കർ കാളേജുകൾ നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവിടെ നടത്തുന്നുണ്ടോ എന്നറിവില്ല. അവിടെ പെരുമ്പാവൂർ മെംബറുടെ കൂട്ടുകാരാണുള്ളത്.

ശ്രീ. ടി. കെ. കൃഷ്ണൻ: മുഖ്യമന്ത്രി കത്തോലിക്കരുടെ വക്താവാണോ?

ശ്രീ. എ. ജെ. ജാൺ: കത്തോലിക്കരുടെ മാത്രമല്ല, തിരുവിതാംകൂർ കൊച്ചിയിലെ എല്ലാ ജനങ്ങളുടേയും വക്താവായിട്ടാണു ഇവിടെ നിൽക്കുന്നത്. പെരുമ്പാവൂർ മെംബറുടെ ഈ അഭിപ്രായം പോപ്പുതിരുമേനിയെ അറിയിച്ചാൽകൊള്ളാമെന്നു ഞാൻ ആദ്യം വിചാരിച്ചു. ഇപ്പോൾ അതു വേണ്ടെന്നുവച്ചിരിക്കുകയാണ്.

ഇൻഡ്യയിലെ ഉയർന്നനിലയിലുള്ള രാഷ്ട്രീയനേതാക്കന്മാരും മററു പല ഉന്നതവ്യക്തികളും, കത്തോലിക്കർ വിദ്യാഭ്യാസപരമായി ചെയ്തിട്ടുള്ള സേവനങ്ങളെ വളരെ അധികം പ്രശംസിച്ചിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബർ അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ഇന്നും പണ്ഡിത ജവഹർലാൽനെഹ്റു, മുതലായ പലയാളുകളും ക്രസ്ത്യാനികൾ വിദ്യാഭ്യാസസംബന്ധമായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെപ്പററി അഭിനന്ദിക്കുന്നുണ്ടെന്നുള്ള വിവരം ഞാൻ പെരുമ്പാവൂർ മെംബറെ അറിയിച്ചുകൊള്ളുന്നു.

സർ, ഇതിൽ കൂടുതലായി ഒന്നുംതന്നെ യൂണിവേഴ്സിററിയെപ്പററി പറയുന്നതിന് ഞാനാഗ്രഹിക്കുന്നില്ല.

The motions moved by Shri N. Rajagopalan Nair and Shri P. Ravindran were, by leave, withdrawn.

The motion moved by Shri Ramakrishnan was put and lost.

Mr. Speaker: Some of the hon. Members wanted to speak generally on the educational policy including secondary and primary education. Therefore, I call upon the hon. Member for Chavara to move his motion, No. 160 in the list.

Shri Prakkulam Bhasi : Sir, I move:

> To reduce the total allotment of Rs. 3,81,08,000 under Demand XVIII by Rs. 5.

സർ, ഇവിടെ ധനകാര്യമന്ത്രി ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടു പ്രസംഗിച്ച സന്ദർഭത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസത്തെക്കുറിച്ചു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി:

> "In the sphere of education, our State stands foremost in India. Out of the children in the age-group of 6 to 11 in the State, 98.8 per cent are actually attending schools. From Rs. 237·89 lakhs in 1948-49, the expenditure on education has progressively increased to Rs. 381·08 lakhs in 1953-54, which is more than 22 per cent. of the total revenues of the State."

സാധാരണയായി, നമ്മുടെ ധനകാര്യമന്ത്രി പറയാറുള്ളതുപോലെ തന്നെയാണു ഈ പ്രസംഗത്തിലും പറഞ്ഞിരിക്കുന്നതെന്നു ഞാൻ കരുതുന്നു. ഇതു ശരിയാണോ എന്നാണു് ഈ സഭയിലെ മെംബറന്മാർ ആലോചിക്കേണ്ടതു്. ഈ സംസ്ഥാനത്തിന്റെ വരവിന്റെ ൨൨ ശതമാനം ആണു് എഡ്യൂക്കേഷനുവേണ്ടി കൊള്ളിച്ചിട്ടുള്ളതെന്നു അദ്ദേഹം സമ്മതിച്ചിട്ടുണ്ടു്. എഡ്യൂക്കേഷനുവേണ്ടി കോടികണക്കിനു പണം കൊള്ളിച്ചിട്ടു് അതു ചെലവാക്കാതെ ഇരിക്കുന്നതായി കാണാം. ൧൯൫൧-൫൨-ൽ സംസ്ഥാനത്തിന്റെ വരവിൽ ൨൫ ശതമാനമായിരുന്നു ചിലവഴിക്കാൻ ഉദ്ദേശിച്ചിരുന്നതു്. പക്ഷെ ൪൧ ലക്ഷത്തിൽ ചില്വാനം രൂപ അതിൽ ചിലവാക്കിയിട്ടില്ലെന്നു് Administration Report-ൽ നിന്നു് കാണാം. ൧൯൫൧-൫൨-ൽ വരവു് ൪൦·൩൯ ആയിരുന്നെങ്കിൽ, ൧൯൫൩-൫൪-ൽ ഉദ്ദേശിക്കുന്ന വരവു് ൫൩·൦൦ Explanatory Memorandum on Budget 1953-54 Page ൩൨-ൽ പറയുന്ന ഭാഗം "Explanation of Variations. Enhanced receipts are expected from the sale of text-books this year and the next. Examination fees and the fees from Government Arts Colleges and schools are also expected to be higher in 1953-54. Hence the increase in the Revised and Budget Estimates." ഇങ്ങനെയാണു്.

ഇതിൽ ടെക്സ്റ്റ്‌ബുക്കു കച്ചവടത്തെപ്പറ്റി ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം. സർ, ഇപ്പോൾ ഇവിടെ ഏതു കാര്യത്തെപ്പറ്റി പറഞ്ഞാലും, അതു പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നോ, ഉൾപ്പെടുത്തുമെന്നോ പറയുക ഒരു പതിവായിട്ടുണ്ടു്. എന്നാൽ വിദ്യാഭ്യാസത്തെപ്പറ്റിയും ഈ പഞ്ചവത്സരപദ്ധതിയിൽ ഇപ്രകാരം പറഞ്ഞുകാണുന്നു. (പക്ഷെ ഈ ബഡ്ജറ്റ് പഞ്ചവത്സരപദ്ധതിക്കനുസരിച്ചല്ലാ രൂപീകരിച്ചിരിക്കുന്നതു്).

> "The Five Year Plan provides about Rs. 156 crores–Rs. 39 crores at the Centre and Rs. 117 crores in the States for educational development over the five-year period."

[ശ്രീ. പ്രാക്കുളം ഭാസി]

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ വിദ്യാഭ്യാസം വളരെ കാലംമുൻപുതന്നെ വളരെ പുരോഗമിച്ചിട്ടുണ്ടായിരുന്നു. കാൺഗ്രസ്സു ഗവണ്മെൻറിൻെറ ഭരണവിശേഷംകൊണ്ടുണ്ടായ പുരോഗമനമല്ലാ അതു്. തിരുവിതാംകൂറും കൊച്ചിയും, മഹാരാജാക്കന്മാർ ഭരിച്ചിരുന്ന കാലത്തുതന്നെ വിദ്യാഭ്യാസവിഷയത്തിൽ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ മുന്നണിയിലായിരുന്നു. അന്നു് ഇൻഡ്യയിലെ പ്രധാനപ്പെട്ട രണ്ടു രാജ്യങ്ങളെന്നനിലയിൽ തിരുവിതാംകൂറും കൊച്ചിയും പ്രശസ്തി നേടിയിരുന്നു. ഈ മന്ത്രിസഭ ഭരണംതുടങ്ങിയതിനുശേഷം, എന്തെങ്കിലും പുരോഗമനം ഉണ്ടായിട്ടുണ്ടോ എന്നാണു ആലോചിക്കേണ്ടതു്. ഇപ്പോഴത്തെ നില പൊതുവെ നോക്കുകയാണെങ്കിൽ

"The present educational system also suffers from a number of defects.....................An undue emphasis on academic training has retarded the development of a practical sense and resourcefulness among many students and the absence of adequate facilities for technical and vocational education results in much larger number of them going in for general education than is justified by the requirements of the country or their own aptitudes." ഇതാണു് ഇന്നത്തെ സ്ഥിതി.

൧൧൨൭-൨൮-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറയുന്നതു് കഴിഞ്ഞ വർഷം ൪൦ ലക്ഷം രൂപയോളം ചെലവുചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നാണു്. ഈയാണ്ടത്തെ ബഡ്ജററിൽ മൂന്നുകോടിയിൽ ചില്വാനം രൂപ കൊള്ളിച്ചിട്ടുണ്ടെങ്കിലും അതിൽനിന്നു ഒരു ൫൦ ലക്ഷമെങ്കിലും ചെലവാക്കാതെ മിച്ചമെടുക്കണമെന്നു് ധനകാര്യമന്ത്രി കരുതിയിട്ടുണ്ടായിരിക്കണം എന്നാണു് എനിക്കു് തോന്നുന്നതു്. ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ അധഃപതനത്തിനു് വിദ്യാഭ്യാസാധികൃതന്മാരെ കുററപ്പെടുത്തിയതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഇന്നത്തെ വിദ്യാഭ്യാസ സംപ്രദായത്തിനുതന്നെ ഒരു സമൂലപരിവർത്തനം ആവശ്യമാണെന്നുള്ളതും ഇൻഡ്യയിലെ വിദ്യാഭ്യാസവിചക്ഷണന്മാരെല്ലാം പറഞ്ഞിട്ടുള്ളതാണു്.

പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി പറയുകയാണെങ്കിൽ നിർബന്ധിതവും, സൗജന്യവുമാക്കുവാനുള്ളതും ആയ ഒരുപദ്ധതി ൧൧൪൬-൧൪൭-ൽ തന്നെ ഇവിടെ നടപ്പിലാക്കിയിരുന്നു. അതു് ദിവാൻ ഭരണകാലത്തു് ആയിരുന്നു. കാൺഗ്രസ്സുകാർ അതു മറന്നിരിക്കും. ൧൧൪൭ മുതൽ ൧൦ വർഷത്തിനകം തിരുവിതാംകൂർ ഭാഗത്തു് അതു ഒരു വർഷത്തിൽ മൂന്നു താലൂക്കുകൾ വീതം നടപ്പിലാക്കണമെന്നുമായിരുന്നു. അങ്ങിനെ ൯ താലൂക്കുകളിൽ നടപ്പിലാക്കി. പിന്നീടു പണത്തിൻെറ കുറവിൻെറപേരിൽ ആ പദ്ധതി കാൺഗ്രസ്സു് ഗവണ്മെൻറ കഴിച്ചുമൂടി. പ്രൈമറി എഡ്യൂക്കേഷൻ നിർബന്ധിതവും, സൗജന്യവും ആക്കാത്തതിനെക്കുറിച്ചു് ഫെബ്രുവരി ൧൭-ാംനു- പാറശ്ശാല സ്കൂൾ വാർഷികയോഗത്തിൽ ഇന്നത്തെ ധനകാര്യമന്ത്രിയും മുൻവിദ്യാഭ്യാസ മന്ത്രിയും ആയ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്, അതു് ഒരു

ആവശ്യമാണെന്നാണു്. പ്രായപൂർത്തിവോട്ടവകാശം നടപ്പിൽ വന്നിട്ടുള്ള ഈ രാജ്യത്തു ഇന്നു് അധികാരത്തിലിരിക്കുന്നവർ അതിനെ കുഴിച്ചു മൂടിയിരിക്കുന്നതു് ജനങ്ങളോടു ചെയ്യുന്ന ഒരു ദ്രോഹമാണെന്നാണു് എനിക്കു പറയാനുള്ളതു്. ൧൧൨൧-൨൨-ൽ ഒൻപതു താലൂക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടു്. എന്നാൽ ൧൧൨൬-൨൭ വർഷത്തിൽ ചിററൂർ താലൂക്കിലും ചെങ്കോട്ട താലൂക്കിലും മാത്രമാണു് നടപ്പിലാക്കിയിട്ടുള്ളതു്. അപ്പോഠം കഴിഞ്ഞ കൊല്ലത്തിൽ അതിനുവേണ്ടി ബഡ്ജററിൽ പണം കൊള്ളിച്ചിട്ടുണ്ടെങ്കിലും യാതൊന്നും ചെലവാക്കിയിട്ടില്ല. പ്രൈമറി എഡ്യൂക്കേഷൻ എന്ന ഇനത്തിൽ ബഡ്ജററിൽ ൩൧-ാം പുറത്തു ൧൧൨൭-൨൮-ലേക്കു ൩൫൦൦൦൦ രൂപാ Abolition of shift system and appointment of teachers എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ ഇക്കൊല്ലം ഒന്നുമില്ല.

Introduction of Compulsory Primary Education ൧൧൨൬-൨൭-ൽ ൩,൫൭,൦,൩൩൩ രൂപായും ൧൧൨൭-൨൮-ൽ Budget estimate-ൽ ൪൭,൫൧,൭൦൦ രൂപായും കൊള്ളിച്ചിട്ടുണ്ടു്. ഇക്കൊല്ലവും ഈ തുകകഠം ചിലവാക്കുമോ? എന്തോ?

"The Scheme of Compulsory Education was introduced in two more Taluks, viz., Chittur and Shencottah. The double shift system was continued throughout the year in the Travancore area." ഇങ്ങനെയാണു് Administration റിപ്പോർട്ടിൽക്കാണുന്നതു്. കാൺഗ്രസ്സ് ഭരണം തുടങ്ങിയതിനു് ശേഷമുള്ള പുരോഗതി ഇതു് മാത്രമാണു്. ൧൧൨൮-൨൯-ലെ Budget-ൽ

A.	University	Rs.	36,45,400
B.	Secondary	Rs.	1,14,01,300
C.	Primary	Rs.	1,82,18,900
D.	Special	Rs.	5,05,200
E.	General Direction Inspection Scholarships Miscellaneous.	Rs.	43,37,200
	ആകെ	Rs.	3,81,80,000 രൂപായാണു

ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതു്. Miscellaneous വകുപ്പിൽ Social Education-നും, Basic Education-നും പണം കൊള്ളിച്ചിട്ടുണ്ടു്.

പ്രൈമറി എഡ്യൂക്കേഷനുവേണ്ടി ൧൧൨൭-൨൮-ൽ കൊള്ളിച്ചിരിക്കുന്ന ൩,൫൦,൦൦൦ രൂപ ചെലവുചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെയുള്ള ഒരു ബഡ്ജററു് ആണു് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നതു്. കാൺഗ്രസ്സുകാരായാലും പ്രതിപക്ഷങ്ങളായാലും ശരി ഇതു പാസ്സാക്കരുതെന്നാണു് എനിക്കു പറയാനുള്ളതു്. എനിക്കു വളരെ ഏറെ പറയാനുണ്ടു്. പക്ഷെ അതിനൊന്നും സമയമില്ല. അടുത്തതായി എനിക്കു പറയാനുള്ളതു വീണ്ടും കമ്പൽസറി പ്രൈമറി വിദ്യാഭ്യാസത്തെപ്പററിയാണു്. ഇൻഡ്യൻ ഭരണഘടനതന്നെ പറയുന്നുണ്ടു്.

[ശ്രീ. പ്രാക്കുളം ഭാസി]

"Within ten years of its commencement free and compulsory Education should be provided for all children up to the age of 14."

ഇതിനുമുമ്പു വളരെനേരമെന്നു തന്നെ കിരാതമെന്നു സഭയുടെ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും പറഞ്ഞിട്ടുള്ള സർ. സി. പി. ഇവിടെ നടപ്പിലാക്കിയതാണു് ഈ പദ്ധതി. എന്നാൽ അതിൽതന്നെ ഈ കാൺഗ്രസ്സു് സർക്കാർ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. ഈവക കാര്യങ്ങൾ ഞങ്ങൾക്കു വിമർശിക്കുന്നതിനു അവകാശവും ആവശ്യവുമുണ്ടു്. അതുപോലെതന്നെ പ്രൈമറി വിദ്യാഭ്യാസംകൊണ്ടു നാം ഉദ്ദേശിക്കുന്നതു്—

"Primary Education aims mainly at liquidating illiteracy.......... Uninfluenced by other considerations; a boy out of the primary school when he becomes an adult should be able to exercise his vote for his own benefit and the benefit of his country."

തീർച്ചയായും പ്രൈമറിവിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഏതൊരാളും ഇന്നത്തെ വോട്ടിങ്ങിന്റെ രീതിയനുസരിച്ചു ഏതു പാർട്ടിക്കാണു് വോട്ടു ചെയ്യേണ്ടതെന്നെങ്കിലും മനസ്സിലാക്കേണ്ടതു ആവശ്യമാണു്. അതിനു ഈ പ്രൈമറി എഡ്യൂക്കേഷൻ നിർബന്ധിതവും സാർവത്രികവും ആക്കേണ്ടതു ഏററവും ആവശ്യമാണു്.

ഇന്നു സെക്കൻണ്ടറിവിദ്യാഭ്യാസപരിഷ്കരണത്തിനു ഒരു കമ്മീഷനെ ഏർപ്പെടുത്തിയിരിക്കയാണു്. അവർ 'ക്വസ്റ്റ്യണയർ' അയച്ചു മറുപടി ശേഖരിച്ചു കൊണ്ടിരിക്കയാണു്. എന്നാൽ അതിനു ഒന്നുരണ്ടു നിർദ്ദേശങ്ങൾ എനിക്കു സമർപ്പിക്കാനുണ്ടു്. ഞാൻ വലിയ ഒരു വിദ്യാഭ്യാസവിചക്ഷണൻ ഒന്നുമല്ലെങ്കിലും ഈ സെക്കൻണ്ടറി എഡ്യൂക്കേഷനെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ അതു രണ്ടു ഭാഗമാക്കണമെന്നുള്ളതാണു് എനിക്കു പറയുവാനുള്ളതു്. അതനുസരിച്ചു് ഒരു മൂന്നുകൊല്ലം പഠിച്ചുകഴിഞ്ഞാൽ അവർക്കു ഒരു ജോലിയുണ്ടാക്കി കൊടുക്കുക എന്നൊരു വ്യവസ്ഥയുണ്ടാക്കുക. അതായതു് സ്ഥലത്തുള്ള കൈത്തൊഴിലുകൾ കുറെയെല്ലാംകൂടി ആ സ്കൂളിൽ പഠിപ്പിക്കുക.

"Freedom from fear, freedom from want and freedom from hatred must be the primary aim of Secondary Education. A boy out of his secondary school stage must feel that he is an indispensable member of the society to which he belongs and that he lives not only for himself but also for others.

"The present system does not help the student in any way except to mug up in an unintelligent manner certain textual information which does not have much to do with the life that awaits him after schooling."

"Teaching is done like shots to the sky without any aim to be hitted at"

ഈ നിലയ്ക്കു ഇപ്പോഴെങ്കിലും വല്ല വ്യത്യാസമുണ്ടായിട്ടുണ്ടോ എന്നു നോക്കുകയാണെങ്കിൽ പുരോഗമനപരമായ വ്യതിയാനങ്ങൾ ഒന്നുംതന്നെ

ഇത് എഡ്യൂക്കേഷൻ ബഡ്ജററിൽ കാണുന്നില്ല. അതിന് ഉദാഹരണമായി ഇവിടത്തെ വിദ്യാഭ്യാസ ഡയറക്ടർ Administration Report 1951–ൽ എന്താണ് എഴുതിയിരിക്കുന്നത് എന്ന് നോക്കാം.

"But there is another side to the picture. A vast number of children still go without schooling. A vast number of school-going children are ill-fed, ill-clad and untidy. A large number of schools are congested, poorly housed and poorly equipped. There are thousands of teachers whose salary is no safeguard against poverty. Instruction has to improve considerably in quality and standard. The general tone of the schools has to be raised. Students have to be made to take a genuine and abiding interest in their studies, and to lead a responsible and disciplined life. Education has to be brought closer to the realities of life and made to cater to the actual needs of the nation.

ഇതിനിലയ്ക്ക് ഈ വർഷത്തിൽപോലും വല്ലമാററവും ഉണ്ടാകാൻ പോകുന്നില്ലെന്നാണ് ഈ Budget ഉടനീളം നോക്കിയിട്ട് മനസ്സിലാകുന്നത്.

"A University Education aims at making one a citizen of the world with a broader mind and a wider outlook in life possessing expert knowledge in arts and science as also in other branches of study which he specialises."

എന്റെ കക്ഷിയിൽപ്പെട്ട ബഹുമാനപ്പെട്ട മെംബർ രവീന്ദ്രൻ University Education–നെക്കുറിച്ച് സംസാരിച്ചകാര്യങ്ങൾ ഞാൻ വീണ്ടും ആവർത്തിക്കണമെന്നാഗ്രഹിക്കുന്നില്ല.

Social Education–നെക്കുറിച്ച് Five Year Plan–ൽ ഒരു ഭാഗം വായിക്കാം.

"The concept of adult education if confined to the mere promotion of literacy has been found to be too narrow and requires to be widened so as to include the education of adults in health matters, the proper use of leisure and in citizenship. To denote this new concept the term 'Social Education' has been coined. It implies an all-comprehensive programme of community through community action." etc. etc.

വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു സമൂലപരിവർത്തനം വരുത്തേണ്ടത് ഏററവും ആവശ്യമാണ്. എല്ലാത്തിനും നമുക്ക ഒരു പദ്ധതിവേണം. ഇതൊരു വെൽഫെയർ സ്റ്റേററാണെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുന്നു. എന്താണ് ഈ വെൽഫെയർ സ്റ്റേററ് എന്നു പറഞ്ഞാൽ? ജനങ്ങളിൽനിന്നും കരംപിരിച്ച് അതിനെ ചെലവാക്കുക എന്നുള്ളതാണോ?

[Shri Prakkulam Bhasi]

"Welfare State. What is meant by 'welfare'? It is not merely a questicn of distributing grants from the taxes for pensions, health services, schools, assistance to the needy. Welfare is much wider than that.

Certainly, welfare must include material comfort, a sufficient income. Sufficient leisure, low wages, long hours, irregular work are a denial of welfare. .... A population that is lacking in honesty and goodwill, in self-reliance and a sense of public duty, will not achieve welfare.

Universities, schools, technical colleges, libraries must give the people access to the accumulated stores of human knowledge. Noble and spacious cities, with their galleries, and museums, theatres and concert-halls, parks and playgrounds, together with a beautiful countryside, must ensure to all proper share in the amenities, that modern civilisation can provide."

ഇതാണു്. പക്ഷെ, ഇവിടെ കുറഞ്ഞ കൂലി, കൂടുതൽ ജോലി മുതലായ സംപ്രദായമാണു് നടക്കുന്നതു്. (ബെൽ) സർ, എനിക്കു അദ്ധ്യാപകന്മാരുടെ കാൎയ്യംകൂടി പറയാനുണ്ടു്. അദ്ധ്യാപകന്മാരുടെ കാൎയ്യങ്ങളെ സംബന്ധിച്ചു് അവരുടെ അവശതകൾ പരിഹരിക്കാതെ യാതൊന്നും തന്നെ ഇവിടെ നടത്തുവാൻ നിവൃത്തിയില്ല. ഇവിടെ ഉണ്ടാകുന്ന കമ്മിറ്റികളിൽ നമ്മുടെ അദ്ധ്യാപകന്മാൎക്കു യാതൊരു പ്രാതിനിധ്യവും കൊടുക്കുന്നില്ല. ൧൯൫൦ ആഗസ്റ്റ് ഒന്നാംതീയതി മുതൽ നടപ്പിൽ വരുത്തിയ അദ്ധ്യാപകശമ്പളസമീകരണ ഉത്തരവുമൂലവും മററും തിരുവിതാംകൂർ വിഭാഗത്തിലെ പ്രൈമറിമിഡിൽസ്കൂൾ അദ്ധ്യാപകന്മാൎക്കുണ്ടായിരിക്കുന്ന അവശതകൾക്കു ഉടനടി പരിഹാരമുണ്ടാക്കണം. കൊച്ചിയിൽ ൧൫ കൊല്ലം സർവീസുള്ള പ്രൈമറിസ്കൂൾ അദ്ധ്യാപകൎക്കു ൫൦ രൂപയും ൨൦ കൊല്ലം സർവീസുള്ള മിഡിൽസ്കൂൾ അദ്ധ്യാപകൎക്കു ൭൫ രൂപയും ശമ്പളം കൊടുക്കുമ്പോൾ തിരുവിതാംകൂറിൽ പെൻഷനോടു സമീപിച്ച പ്രൈമറിസ്കൂൾ അദ്ധ്യാപകൎക്കുപോലും ൩൦ രൂപ മാത്രമാണു ലഭിക്കുന്നതു്. അതുപോലെതന്നെ, ൨൫ കൊല്ലംവരെ സർവീസുള്ള പല മിഡിൽസ്കൂൾ അദ്ധ്യാപകൎക്കും ൩൦ രൂപയാണു്.

പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകശമ്പളപരിഷ്കരണത്തിൽ അവരുടെ മുൻസർവീസു കണക്കാക്കി ഇംക്രിമെൻറ നൽകിയതുപോലെ പ്രൈമറിസ്കൂളിലെയും മിഡിൽ സ്കൂളിലെയും അദ്ധ്യാപകൎക്കു ഇംക്രിമെൻറ കൊടുക്കണം.

പ്രൈവററസ്കൂൾ അദ്ധ്യാപകൎക്കു അനുവദിച്ചുകൊടുത്തിട്ടുള്ളതുപോലെ സൎക്കാർ സ്കൂൾ അദ്ധ്യാപകൎക്കും സേവനകാലം ൬൦ വയസ്സുവരെ ആക്കണം. ഈ വർഷത്തിൽതന്നെ അതിനു ഉത്തരവു പുറപ്പെടുവിക്കണം. എല്ലാ ആക്ടിംഗ് അദ്ധ്യാപകരേയും അവർ സ്ഥിരഒഴിവിൽ പ്രവേശിച്ച തീയതി മുതൽ സ്ഥിരപ്പെടുത്തണം. ഈവക അവശതകൾ പരിഹരിക്കുന്നതിനു എഡ്യൂക്കേഷൻ മന്ത്രിയായ മുഖ്യമന്ത്രി വേണ്ട നടപടികളെടുക്കണമെന്നുള്ളതാണു്. പാഠപുസ്തകകാൎയ്യത്തിൽ കഴിഞ്ഞ

കൊല്ലം തിരുവിതാംകൂർ-കൊച്ചി സക്കാർ സ്വീകരിച്ച പുതിയ നയം ഇക്കൊല്ലവും തുടരുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതായി അടുത്ത കാലത്തു പുറപ്പെടുവിച്ച ഗവണ്മെൻറിൻെറ വിജ്ഞാപനത്തിൽനിന്നും മനസ്സിലാക്കുന്നു, സർ, കള്ളച്ചാപ്പ നടത്തി കാശുണ്ടാക്കുന്നതുപോലെ ടെക്‌സ്റ്റബുക്ക വിററ കാശുണ്ടാക്കാമെന്നു വിചാരിക്കുന്നത് ശരിയല്ല. കഴിഞ്ഞ വർഷം പഠിക്കേണ്ടി വന്നതുപോലെ മഹാത്മാഗാന്ധി കൽക്കട്ടായിൽവച്ചു വധിക്കപ്പെട്ടു എന്നും മററും എഴുതിപ്പിടിപ്പിച്ചിട്ടുള്ള ഏതാനും അച്ചടിമഷി പുരട്ടിയ താളുകൾ വിദ്യാർത്ഥികൾ പഠിക്കാനും വിധിക്കപ്പെട്ടു. പാഠപുസ്തകനയം ഇതുപോലെ ഇൻഡ്യയിൽ ഒരിടത്തുമില്ല. അതുകൊണ്ട് ഈ സക്കാരിൻെറ ഈ മാതിരിയുള്ള പുസ്തകക്കച്ചവടം അവസാനിപ്പിക്കണം. സമയം അവസാനിച്ചതുകൊണ്ട് ഞാൻ നിത്തുന്നു.

ശ്രീ. പി. ചാക്കോ: ഇന്നത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ കാണുന്ന ചില വൈകല്യങ്ങളെപ്പററി ചൂണ്ടിക്കാണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ചില കായ്യങ്ങൾ സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം പ്രൈവററ ഏജൻസികളും ഗവണ്മെൻറും നടത്തിവരുന്നുണ്ട്. കഴിഞ്ഞ മഹായുദ്ധകാലത്തു് അദ്ധ്യാപകന്മാരെ കിട്ടുന്നതിനു വിഷമം ഉണ്ടായിരുന്നതുകൊണ്ട് അന്നത്തെ ഭരണാധികാരികൾ വ്യവസായശാലകളിൽ ഏർപ്പെടുത്തിയിരുന്നതുപോലെ പള്ളിക്കൂടങ്ങളിലും ഷിഫ്ററ സിസ്റ്റം നടപ്പിൽ വരുത്തി. അതിൻെറ ദൂഷ്യവശങ്ങളെപ്പററി ഈ സഭയിൽ പലരും സംസാരിച്ചു കഴിഞ്ഞു. അതിൻെറ ഫലമായി കഴിഞ്ഞ വർഷത്തിൽതന്നെ ഷിഫ്ററ പദ്ധതി നിറുത്തുന്നതിനു ഒരു തുക ബഡ്ജററിൽ കൊള്ളിച്ചു എങ്കിലും യാതൊരു പ്രയോജനവും ഇല്ലാതെ ആ തുക ലാപ്സാക്കികളഞ്ഞതിനെ സംബന്ധിച്ച് ശ്രീ. ഭാസി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഷിഫ്ററസിസ്റ്റം നിലവിലിരിക്കുന്നതു് വാസ്തവത്തിൽ വളരെ പരിതാപകരമാണ്. ബോധനരീതി അനുസരിച്ച് ഒരു പാഠം പഠിപ്പിക്കുന്നതിനു കുറഞ്ഞതു മുപ്പതു മുപ്പത്തഞ്ചു മിനിട്ടു വേണമെന്നിരിക്കെ ഇരുപതു മിനിട്ടുകൊണ്ടു ഒരു ക്ലാസ്സ് നടത്തിക്കൊണ്ടു പോകുന്നതിൽ വലിയ പ്രയോജനം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. മാത്രമല്ല, ഒരു വിദ്യാർത്ഥിക്ക് ദിവസേന കൂടിയതു രണ്ടര മണിക്കൂർ സമയംമാത്രമാണ് പഠിക്കുന്നതിനു് ലഭിക്കുന്നതു്. ഇങ്ങനെ നാട്ടുകാക്കും വിദ്യാർത്ഥികൾക്കും ആവശ്യമില്ലാത്തതും അദ്ധ്യാപകന്മാരുടെ ആരോഗ്യത്തിനു ഹാനിയുണ്ടാക്കുന്നതുമായ ഈ ഷിഫ്ററപദ്ധതി എത്രയും വേഗത്തിൽ അവസാനിപ്പിക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുന്നു.

ഇവിടെ പ്രൈമറി വിദ്യാഭ്യാസം പ്രധാനമായി നടത്തിക്കൊണ്ടിരിക്കുന്നതു പ്രൈവററ ഏജൻസികൾ മുഖേനയാണ്. തിരുവിതാംകൂറിൽ അപ്രകാരമുള്ള ഹവ്വനൂറ വിദ്യാലയങ്ങൾ ഉണ്ട്. ലോകത്തിലെ ഉദ്യോഗവൃന്ദങ്ങളിൽ ഏററവും നിർഭാഗ്യവാന്മാരായ ഒരുകൂട്ടം ആളുകൾ ഇന്നുണ്ടെങ്കിൽ, ഭാവിഭാരതത്തെ മെനഞ്ഞുകൊണ്ടു വരുവാൻ പോകുന്ന ഇവിടത്തെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന ഈ അദ്ധ്യാപകന്മാരാണ്. അവക്കു കേവലം

[ശ്രീ. പി. ചാക്കോ]

മുപ്പതു രൂപയാണു ശമ്പളം. ഒരു കൂലിക്കാരനു രണ്ടു രൂപയെങ്കിലും പ്രതിദിനം ശമ്പളം കിട്ടുന്ന ഇക്കാലത്തു്, ഒരദ്ധ്യാപകനു മുപ്പതു രൂപാ മാത്രം ശമ്പളം കൊടുത്താൽ എങ്ങനെയാണു് അവന്റെ ജീവിതം നടന്നുകൊണ്ടു പോകുന്നതു്? ഇക്കഴിഞ്ഞ ആഗസ്റ്റുമാസം, പുറപ്പെടുവിച്ച വിദ്യാഭ്യാസപദ്ധതി നടപ്പിലാകുന്നതിനു മുമ്പു അവർക്കു പന്ത്രണ്ടു രൂപാ വിലക്കൂടുതൽ അലവൻസു നൽകിയിരുന്നു. എന്നാൽ ഇപ്പോളതു വിലക്കൂടുതൽ അലവൻസ് പിൻവലിച്ചിരിക്കുകയാണു്. മുപ്പതു രൂപാ ഗ്രാൻറായി കൊടുക്കുകയും ബാക്കിയുള്ള രൂപാ മാനേജുമെൻറു കൊടുക്കട്ടെ എന്നു തീരുമാനിക്കുകയും ചെയ്തതുകൊണ്ടു് മുമ്പു കിട്ടിയിരുന്ന വിലക്കൂടുതൽ അലവൻസും ഇപ്പോൾ ഈ പാവപ്പെട്ട അദ്ധ്യാപകന്മാർക്കു് കിട്ടാതായിരിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഗവണ്മെൻറിൽനിന്നും ൩൦ രൂപാ ഗ്രാൻറു മാത്രം അല്ലെ കൊടുക്കുന്നുള്ളു?

ശ്രീ. പി. ചാക്കോ: അതെ. എന്നാൽ മാനേജുമെൻറിൽനിന്നും യാതൊരു അലവൻസും ലഭിക്കുന്നില്ല. ഇവിടത്തെ സാക്ഷരതയെ പ്രോത്സാഹിപ്പിക്കുകയും പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നു ഈ സഭയിലെ പല ബഹുമാനപ്പെട്ട അംഗങ്ങളും മുറവിളികൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ ഈ അദ്ധ്യാപകന്മാർക്കു ൩൦ രൂപാ മാത്രം വേതനം നൽകുന്നതെന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ടി. എ. മജീദ്: മുഴുവൻ സ്കൂളുകളും ഗവണ്മെൻറു നടത്തുകയല്ലെ അദ്ധ്യാപകന്മാർക്കു നല്ലതു്?

ശ്രീ. പി. ചാക്കോ: മുഴുവൻ സ്കൂളുകളും ഗവണ്മെൻറു എടുത്താൽ അത്രയും ഗവണ്മെൻറിനു ചെലവുകൂടും. ഇപ്പോൾ പ്രൈവററു ഏജൻസികൾ പള്ളിക്കൂടങ്ങൾ നടത്തുന്നതുകൊണ്ടു് ഗവണ്മെൻറിനു വളരെ ഏറെ ലാഭമുണ്ടു്.

പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാർക്കു ഇന്നു യാതൊരു അവധിയും ഇല്ല. അദ്ധ്യാപികമാർക്കാണെങ്കിൽ പ്രസവകാലഅവധി അനുവദിച്ചിട്ടില്ല. വാർദ്ധക്യകാലത്തു് പ്രാവിഡൻറു ഫണ്ടിനുള്ള വ്യവസ്ഥ ചെയ്തിട്ടില്ല. ഇതിന്റെയൊക്കെ ഫലമായി ഇന്നു അവരുടെയിടയിൽ വളരെ അസംതൃപ്തിയും അസമാധാനവും നിലനിന്നു പോരുന്നു എന്നും അതിനാൽ ഇവിടത്തെ വിദ്യാഭ്യാസം ക്രമേണ അധഃപതിച്ചുവരുന്നു എന്നും നാം മനസ്സിലാക്കണം.

ഗവണ്മെൻറു പ്രൈമറിസ്കൂളുകളിലുള്ള അദ്ധ്യാപകന്മാരെപ്പററിയാണെങ്കിൽ, ഒരു കാലത്തു തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള അദ്ധ്യാപകന്മാർക്കു വ്യത്യസ്തമായ ശമ്പളസ്കെയിലാണു് ഉണ്ടായിരുന്നതു്. അതു് കഴിഞ്ഞ ശമ്പള ക്രമീകരണത്തോടുകൂടി കൊച്ചിയിലേയും തിരുവിതാംകൂറിലേയും ൨൦-ാം ൨൫-ാം കൊല്ലം സർവീസുള്ള അദ്ധ്യാപകന്മാരുടെ ഇടയിൽതന്നെ അവരുടെ ശമ്പളങ്ങൾക്കു് വലിയ വ്യത്യാസമുണ്ടായി. ഈ വസ്തുത ശ്രീ. ഭാസിയുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

പത്തിരുപത്തഞ്ചു കൊല്ലത്തെ സർവീസുള്ള ഒരദ്ധ്യാപകൻ ഇപ്പോഴും ൩൦ രൂപാ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ പകുതിപോലും സർവീസില്ലാത്ത ഒരാൾ, കൊച്ചിയിൽ, അതിന്റെ ഇരട്ടി രൂപാ ശമ്പളം വാങ്ങിക്കുന്നു. ഈ വ്യത്യാസം മുഴുവനമായി പരിഹരിക്കപ്പെട്ടുവാൻ സാദ്ധ്യമല്ലെങ്കിലും ഭാഗമെങ്കിലും കണക്കാക്കി കൂടുതൽകാലം സർവീസുള്ള അദ്ധ്യാപകന്മാർക്ക് അവരുടെ സർവീസിന്റെ കുറെ ഇംക്രിമെന്റുകൂടി കൊടുക്കുന്നതു ന്യായം നീതിമാത്രമാണ്. പകുതി സർവീസോ, അല്ലെങ്കിൽ നാലിലൊരു ഭാഗം സർവീസോ, കണക്കാക്കി എന്തെങ്കിലും ഒരു തുകകൂടി ഇവർക്കു കൊടുക്കേണ്ടതു് ന്യായംമാത്രമാണ്.

മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പറ്റി പറയുമ്പോൾ മലയാളം സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്ന അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പററിയാണ് പ്രധാനമായി എനിക്കു പറയുവാനുള്ളതു്. ഇവർ ആദ്യം ൧൭-൨൨ രൂപാ ശമ്പളത്തിൽ നിയമിക്കപ്പെട്ടു. അതു കഴിഞ്ഞു് ൨൨-൨൭ രൂപാ സ്കെയിലാക്കി. ഇപ്പോൾ ൩൦ രൂപാ വരെയാണ് അവർക്കു കിട്ടിക്കൊണ്ടിരിക്കുന്നതു്. ൧൦-ം ൧൫-ം കൊല്ലത്തെ സർവീസുകഴിഞ്ഞതിനുശേഷവും ആദ്യത്തെ സ്റ്റാർട്ടിംഗ് ശമ്പളംതന്നെ കിട്ടുന്നതു വളരെ സങ്കടകരമായ ഒരവസ്ഥയാണ്. സ്കൂൾഫൈനൽ പാസായ ഒരാൾ ശുപാർശകൊണ്ടു് ഇംഗ്ലീഷ് സ്കൂളിലേക്കും ശുപാർശ ഇല്ലാത്തതിനാൽ മലയാളംസ്കൂളിലേക്കും അദ്ധ്യാപകനായി നിയമിക്കപ്പെട്ടിരുന്നു. ഇപ്പോൾ എല്ലാം ഒരു സ്കൂളായിമാറി. പക്ഷെ മിഡിൽ സ്കൂളിൽ, അതായതു് ഇംഗ്ലീഷ്സ്കൂളിൽ അദ്ധ്യാപകനായവന്റെയും മലയാളംസ്കൂളിൽ അദ്ധ്യാപകനായവന്റെയും ശമ്പളങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. ഇക്കാര്യവും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടേണ്ടതാണ്.

സെൻട്രൽ ഗവണ്മെന്റിപ്പോൾ പെൻഷൻ കാലാവധി ൫൮ വയസ്സുവരെ നീട്ടുവാൻ ആലോചിച്ചുവരുന്ന ഈ അവസരത്തിൽ ഈ അദ്ധ്യാപകന്മാരുടെ സേവനകാലാവധിയും ൫൮ വയസ്സുവരെ ആക്കണമെന്നു ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

പിന്നെ എനിക്കു പറയുവാനുള്ളതു് പ്രൈവററ് സെക്കൻററി സ്കൂളുകളിൽ ആഫീസുകളിലിരിക്കുന്ന സ്റ്റാഫിനെപററിയാണ്. സെക്കൻററി സ്കൂൾ അദ്ധ്യാപകന്മാരെപററി ഗവണ്മെന്റു നീതിപൂർവ്വമായി തീരുമാനം ചെയ്തതുപോലെ തന്നെ അവിടത്തെ ക്ലാർക്കന്മാരുടെയും പ്യൂണുകളുടെയും കാര്യത്തിലും ഒരു തീരുമാനം ചെയ്യണമെന്നപേക്ഷിക്കുന്നു.

സർ, എനിക്കു ഏററവും ഖേദത്തോടുകൂടി ഒരു വസ്തുത കൂടി ഈ സഭയെ അറിയിക്കേണ്ടതുണ്ടു്. അതു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ നിന്നും അവശസമുദായ ക്രസ്ത്യൻ വിദ്യാർത്ഥികളുടെ ഫീസ്സാനുകൂല്യത്തെ സംബന്ധിച്ചു് പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഉത്തരവുകളെപ്പററിയാണു. പൂർവ്വാപരവിരുദ്ധമായ അനേകം ഉത്തരവുകൾ ഇതിനകം ഡയറക്ടരാഫീസിൽ നിന്നും ഉണ്ടായിട്ടുണ്ടു്. ഇതിന്റെയൊക്കെ ഫലമായി പല സ്കൂളുകളിലും വിദ്യാർത്ഥികൾക്കു് ആനുകൂല്യം ലഭിക്കുന്നില്ല. തോട്ടക്കാട്ടു് ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിയുടെ ഒരെഴുത്തു എനിക്കു കിട്ടി. അയാൾ ഈ

[ശ്രീ. പി. ചാക്കോ.]

വർഷത്തെ മുഴുവൻ ഫീസും ഒന്നായി ഇപ്പോൾ കൊടുക്കുന്നില്ലയെങ്കിൽ പരീക്ഷയിൽ ഇരുത്തുകയില്ല. കാരണം സ്കൂൾ പുതിയ വിദ്യാഭ്യാസ പദ്ധതിയിൽ ചേർത്തിട്ടില്ലയെന്നുള്ളതാണ്. ഇതുപോലെ കുട്ടികളുടെ തല്ലാത്ത പല കാരണങ്ങളാൽ അവരുടെ ഫീസ്സാനുകൂല്യം തടയുന്നുണ്ട്. ഇതേപ്പററി സാർവ്വത്രികമായ ഒരു തീരുമാനം ഉണ്ടാകേണ്ടതാണ്. ആലുവാ സെററിൽമെൻറ് സ്കൂളാണ് അധഃകൃതരെ ഉദ്ദേശിച്ചു ഈ രാജ്യത്തു നടത്തുന്ന ഏക വിദ്യാലയം. ആ വിദ്യാലയം ഹൈസ്കൂളായി ഉയർത്തുന്നതിന് അധികൃതർ അപേക്ഷിച്ചു. അനുവാദം നൽകുകയും ചെയ്തു. പക്ഷെ സ്കൂളിനോടു അനുബന്ധിച്ച് നടത്തുന്ന ബോർഡിംഗിൽ താമസക്കാരെ മാത്രമേ സ്കൂളിൽ പ്രവേശിപ്പിക്കാവൂ എന്നൊരു വ്യവസ്ഥയുണ്ടാക്കി. ബോർഡിംഗിൽ അനാഥക്കുട്ടികളെ മാത്രമേ താമസിപ്പിക്കയുള്ളു. അധികം അനാഥക്കുട്ടികളെ സംരക്ഷിക്കാൻ നിവൃത്തിയുമില്ല. ആ നിലയിൽ തിരുവിതാംകൂർ-കൊച്ചിയിലെ ഒരു വിദ്യാലയത്തെ സംബന്ധിച്ചും ഇല്ലാത്ത ഈ വ്യവസ്ഥ എടുത്തുകളയണമെന്നു കാണിച്ച് ഗവൺമെൻറിൽ ഹർജികൊടുത്തിട്ട് ഒരു വർഷമായിട്ടും ഒരു തീരുമാനവും ഉണ്ടായിട്ടില്ല. കാരണം അന്വേഷിച്ചതിൽ ഡയറക്ടർ അനേകംതവണ സെക്രട്ടറിയേററിൽ നിന്നും റിമൈൻറുകൾ അയച്ചിട്ടും റിപ്പോർട്ടു സമർപ്പിക്കാതിരിക്കുന്നതാണ്. അതേ സമയം ആലുവായിൽതന്നെ കഴിഞ്ഞ വർഷം അനുവദിച്ച എസ്. എൻ. ഡി. പി. യോഗം ഹൈസ്കൂളിനു യാതൊരു വ്യവസ്ഥയുമില്ല. നിലവിലിരുന്ന സെൻറമേരീസ് സ്കൂളിൽനിന്നും ൳ ഫർലാംഗ് മാത്രമുള്ള പ്രസ്തുതസ്കൂളിനു യാതൊരു വ്യവസ്ഥയുമില്ലാതിരിക്കയും ൳ മൈൽ ൳ ഫർലാംഗ് ദൂരമുള്ള സെററിൽമെൻറസ്കൂളിനു ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുകയും ചെയ്തിരിക്കുകയാണ്. ഇതിൻെറ അർത്ഥം മനസ്സിലാകുന്നില്ല. ഗവൺമെൻറും വിദ്യാഭ്യാസഡയറക്ടരും ഈ കാര്യത്തിൽ സത്വരശ്രദ്ധ പതിപ്പിച്ച് അടുത്ത വിദ്യാലയവർഷാരംഭത്തിനു മുൻപ് മുൻപുപറഞ്ഞ വ്യവസ്ഥയെടുത്ത് അവശസമുദായ ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

Shri A. Thanu Pillai: Sir, I wish to say a word in connection with this motion. Of course, education is one the most important and probably the most difficult problem that we have to solve to-day. I do not propose to enter into the technical or purely educational aspects of the problem. The Chief Minister told us that a conference of Educational Ministers and Vice-Chancellors of the Universities is going to be held at Delhi in April. Probably they will take note of the recommendations that the Secondary Education Committee will have to make. I do not know. But any consultation or deliberation respecting the issue of University Education must certainly take note of the changes that are necessary in the Secondary Education system also. So, I do propose to deal with those difficult and very comprehensive matters now because the time that you can allow me is only five minutes. I want to refer to one or two minor items regarding education. The first is regarding the shift system.

There is a great deal of complaints about the shift system. I want to warn Government in regard to this system. The system has not been given a really fair trial. The teachers are discontented probably because it involves a little more work so far as they are concerned. The objection raised seems to be that our little children between the ages of 5 and 10 are not kept at school every day for 5 to 6 hours. Personally it is difficult for me to accept that proposition. We have to examine carefully whether a child of 5 or 6 or 7 cannot be given that educational instruction which the child can imbibe by keeping him in school for 3 hours a day. Probably, in the 4th and 5th classes a child may have to be kept in school for larger hours. We have to bear this fact in mind when we consider the question of giving educational instruction to children of tender ages of 5, 6 or 7.

In regard to the work of the teachers, there was a time when teachers in Travancore came forward and offered to work the shift system provided they were given better pay. I don't think that the shift system has been introduced in Cochin. I am of the opinion that we must give the system a very good trial. Is there really any lowering of standard by following the shift system so far as boys and girls of 6 or 7 are concerned. From the point of view of expenditure we must certainly examine this more carefully before the Government embark upon the abolition of the system.

In regard to the revision of pay that has been recently made by Government, I wish to point out one or two very salient factors in respect of the Secondary School teachers. Originally there were three scales of pay in Travancore and the ratio of the number of posts was this: 1 : 2 :3. If there were three teachers on the lower scale, there were two in the higher scale and one in the highest scale. Sir, Government have made a radical change in this to the detriment of the teachers. Now, the ratio, instead of being 1:2:3, is somewhere about 9:3:1. I am subject to correction, Sir. Let us take it that the Education Minister will give the correct figures. Is it 7?

Shri A. J. John: Yes.

Shri A. Thanu Pillai: At any rate, Sir, we cannot approve of this, even if it is 7:2:1, from the teachers' point of view. Therefore, I should like to suggest that the Government should find their way to revise that proportions.

In the case of the Middle School teachers, they have been done a very, very great harm. In Travancore, formerly, there were 4 scales

[Shri. A. Thanu Pillai]

of pay for the Middle School teachers, *viz.*, (1) Rs. 20-2-28, (2) a basic pay of Rs. 30 /- without scale, (3) Rs. 30-60 and a few teachers on Rs. 45-75. Now we have adopted one uniform scale *viz.*, Rs. 30-60 and whether this Rs. 45-75 scale has been abolished is not clear. Sir, for these Middle School Teachers in these hard days of high prices Rs. 75 is not too much. I think that a Middle School teacher can very well go up to Rs. 75. Therefore, I strongly plead that Government should reconsider this present scale. There is one more objection, Sir. Formerly, as I have stated already, there were 3 scales of pay *viz.*, Rs. 20-2-25, Rs. 22-28 or 30. Now, how does this revision help those teachers who were in this scale. In these hard times of high prices, these teachers with families will not be able to make both ends meet with this Rs. 22 or Rs. 28 or 30. Realising this, the Government found it necessary to revise their pay scales. But then, how many teachers were benefited by this? Is it right that teachers who have put in 25 years' service on a pay of Rs. 30 a month should be contented with this Rs. 30 again after the revision? How can this be justified? They have not thought it necessary to give this poor teacher an increased pay on the basis of their service. What is wrong in the proposal, I ask? Teachers who have put in 25 or 30 years' service will be retiring on Rs. 30 even after this revision. How does the revision of pay benefit them? A teacher may be retiring in two months or in two years; but he will be getting only Rs. 14 a month as pension. If we want to benefit these poor teachers, we must see that some real benefit is given to them Now, Sir, in regard to pay of teachers I urge this because a teacher with an empty stomach is the most harmful individual or rather the most harmful thing in existence. What is the work of a teacher? He has to teach thirty or forty children, and he comes to school with an empty stomach, badly dressed and full of complaints. He leaves his home carrying the complaints of his wife that there is no money for buying ration. In this condition, what work is he expected to do? It is not a clerk's few hours' work in a Government office. If a clerk does not feel fit he may postpone his work for the next day. Can a teacher postpone his work? Every moment of his working hour is to be fully utilised. Therefore, it is the duty of the State to see that the teacher is enabled to do his work as teacher efficiently and properly. For this, Rs. 30 a month is niggardly. Therefore, I strongly urge, Sir, that the Education Minister should consider the desirability of revising the pay of the teachers. If his pay is raised to Rs. 45-75, due care

should be taken that a person who has already put in 20 or 25 years of service does not lose the benefit of this revised scale of pay, because a person who has served for 20 or 25 years and is about to retire will be having a wife and half- a dozen children to maintain. Why not allow him to get Rs. 40 or 50 a month. Mr. John will tell me "how can we find money for all this?" If they had put the Graduate teachers down at Rs. 200, I would not complain. But in the case of poor teachers who get only Rs. 30 it is very sinful to keep them at this level of pay. That is why, Sir, I very specifically plead that adequate revision should be made in their scales of pay. I know that there are thousands and thousands of teachers and lakhs and lakhs of children to be taught. The Graduate teachers' pay was raised like this because the Graduate teachers can exert influence with the Government. They have got their men occupying such positions that enable them to exert influence on the Ministers. But these poor Primary School teachers cannot exert such influence on the Ministers. That is the only reason why they suffer. Therefore, Sir, I take it that this matter will receive the careful consideration at the hands of the Government.

Then, again, Sir, the Primary School teachers who have put in fairly long periods of service should be benefited by the increased scale of pay. They must be given increments in the new scale on the basis of their service. Sir, in this connection I would like to ask the Chief Minister why he is very solicitous about the welfare of the teachers appointed by other agencies. He has allowed them to draw higher pay, though in their appointments Government have absolutely no voice. But the teachers who teach in Government schools are not in any way better than the teachers in the aided institutions. Why should they not be given it? That is a matter which the Government ought to consider very carefully.

Sir, one other thing more I have to state. I read in the paper that the N. G. O.'s children have been given concession in respect of their school fees. Now, sir, so far as education is concerned this concession is given to the children not because they are N. G. O.'s children. It is wrong on the part of the Government to discriminate between N. G. O.'s children and other children, and this discrimination could only probably worsen the situation. An N. G. O. may get Rs. 200 or Rs. 150 per month and there are people who have to work harder than the N. G. O.'s to make Rs. 50 or Rs. 100. They too have children. It is necessary to give education to those children in the Middle Schools and even in the High Schools. Why should there be this distinction in the matter of this concession to the children? Therefore, I would suggest that

[Shri A. Thanu Pillai.]

at least in the Middle Schools all children should be exempted from the payment of fees. I can understand why N. G. O's have been favoured. The Government want their co-operation and support. But at the same time they should consider whether it is not feasible to exempt all children from the payment of fees so long as they are in the middle schools. That will bring us into line with a portion of the Directive in the Constitution, because up to the age of 14 children should be given free education. Our children will be in the Third Form say, by 12 or 13. So, Sir, that matter also may seriously be considered by Government. By saying this I trust that the N. G. O's would not go with the impression that I am against their interests. But I want all children to be given this concession. I know, Sir, Shri C. Rajagopalachari introduced this reform in Madras for reasons best known to himself. Now, for the same reason this Government followed suit. Personally, I don't approve that idea at all, not that the N. G. O's should not get this advantage but that other children should not be deprived of this advantage.

ശ്രീ. പി. ചാക്കോ: പ്രൈവറ്റ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പററി സാറിന്റെ അഭിപ്രായം എന്താണ്.

ശ്രീ. എ. താണുപിള്ള: അതു് എന്താണെന്നു് ഞാൻ വിശദമാക്കാം.

Sir, the Educational Service is a large field for service and employment in our State. According to me, all teachers should be recruited by the same agency. Mr. Panampilli Govinda Menon had a scheme ofcourse, certain aspects of it were very much applauded. When he brought that scheme I said: "Hon. Minister, your scheme is not going to be implemented." Excuse me, Sir, when I say; he fell fowl on me. His scheme was scrapped. So, Sir, my position is this: I would not advocate expenditure of public money on persons in respect of whose employment Goverment had no voice. Mr. Panampilli Govinda Menon also recently changed his policy. It is reported in the papers that he has stated in one of his speeches that it is the right of the individual to run a school and it is the duty of the State to pay the teacher. There, I entirely differ from him. I can agree to the proposition that the recruitment of the teachers falls within the right of the Government. I know Mr. Chacko will not agree with me.

4 P. M.

I know the history of these school teachers' agitation. Many of the teachers appointed by Government fall back. They don't

want to push forward their claims. Their appointment may be made by the management. It is the worse type of action that any Government have taken. Is it right on the part of the authority to appoint teachers who have sufficient experience and qualification without adequate payment? Government may appoint men of qualification and efficiency. Why should the management insist on their appointment of teachers? I fully agree with the observations made by some of my friends regarding the subject. I don't want to go into that issue. Good work done by these teachers must be taken into account. It deserves appreciation. The hon. Minister has been saying that educational institutions are made the schools of communalism in Travancore Cochin. That mentality must go. I am really grieved to find that. It must be the right of every one of us that our educational institutions are no longer subject to this objection, namely that they are breeding communalism. The aim is correct. Government wants to weld the people into one homogeneous whole. We are faced with difficulties. Government are in a delicate position. They want to continue as Ministers. That is the grave problem of our country. That is what I want to tell my friend, who persists in these policies and who wants these educational institutions to be the breeding grounds of communalism.

Shri Nedumangad R. Kesavan Nair : I support the demand. There cannot be a difference of opinion that the conditions of the teachers have to be ameliorated. The teachers play a very prominent part in the moulding of society. As has been stated by the hon. Member for Trivandrum, a teacher with a hungry stomach is really a menace to society. He must be kept contented. He must be in a position to teach the young generation so that they might grow up to be healthy citizens. I am not cataloguing a series of grievances which these teachers have. As stated by the hon. Member for Chavara it has been very well conceded by Government that there are thousands of teachers whose salary gives no safeguard against poverty. Later on in the administration report it is found "India has opened a new chapter in their history. A new nation is in the making. The process of recreation has to progress and reach its fulfilment not so much in cabinets and councils as in the humble class room. Education is the process through which a nation is made". We have been receiving a number of grievances from these poor petty teachers. There are a service of complaints made by these teachers. There are a series of complaints made by these teachers which legitimately deserve re-consideration. One thing has to be said in fairness to these teachers,

[Shri Nedumangad R. Kesavan Nair.]

Except sending petitions, and memorials for ventilating their grievances in the most proper form they are not resorting to any objectionable tactics or indulging themselves in any subversive activities. There has been a lot of discontent; the private school teacher complaining that he is not treated on a par with the Government school teacher; primary school teacher complaining that he is not given the benefits which a middle school teacher has; middle school teacher complaining that he is not given the benefits which a high school teacher has; a Travancore teacher complaining that he has not been given the very same fair treatment that the Cochin teacher has been given. Personally speaking, I don't want to create any clique by indulging in parochial patriotism or by making a difference between Cochin and Travancore. I just draw the attention of this House to one invidious distinction that has been made in the matter of the teachers who have been selected for training. A Cochin teacher, I am told, is given his full pay while the Travancore teacher only half of his pay while under training. I ask why should this distinction be made? Why should they be given a chance for making such complaints and widening the cleavage if it actually exists. Likewise there is one very vital thing which the Government has to take into account. As has been said by the hon. Member for Trivandrum, the case of the middle school teacher has to be re-considered. He forms a very strong link in the chain of the educational system in the State. Probably he might not be in a position to command the influence which a graduate teacher or a secondary school teacher might command. But all the same when the scale has been revised the primary school teachers' scale has been rightly enhanced to Rs. 30-50 while the scale of the middle school teacher has been revised Rs. 30-60. Originally it was Rs. 45-75. Why should there be such a change which brings harm to these teachers. One difficulty in this will be that a primary school teacher who is already in Rs. 30-50 scale, while he hopes to get the place of a middle school teacher he will be already getting about Rs. 45. It is then that he is asked to go to the middle school where he has to start from Rs. 30-60. This distinction is hard, unworkable and not encouraging to qualified teachers entering Government service. We want qualified teachers to improve the basic education. We are not as much concerned about Universities. Education imparted to young ones deserves very serious consideration, and therefore the authorities will have to be doubly careful in enlisting competent teachers who have got that capacity to impart public instruction. If the original scale, *i.e.*,

Rs. 45-75 is restored it will bring it in conformity with the secondary school teachers. It would be better if we have two scales for middle school teachers, one Rs. 45-75 and the other Rs. 80-120.

Regarding the pay of primary school headmasters I would like to make a suggestion. I find from the figures that the primary school headmasters are paid only three or four rupees over and above their substantive pay. He is at the same time asked to meet the special charges and other sundry expenses incidental to his position as headmaster. That is a very unfair distinction. I would also suggest another very hard case where primary school teachers are asked to do work in private schools. These private school teachers are being given a fixed pay far below the pay given to the primary school teachers in Government schools. This is also a matter which requires consideration.

Last, but not least, I may urge the case of a few teachers who are undergoing a sort of silent suffering. There is a handful of unfortunate teachers who were absorbed into Government service while they were employed as private school teachers. I am not in a position to know the exact position, but I am told that there was a request or an entreaty made by the educational authorities for private school teachers entering into Government service when there was a paucity of hands in the Government service. It is true that there was no offer made to them that such and such a consideration would be given to them. Rightly or wrongly they believed that their case would be fairly considered. Persons who have put in 15, 20 or 22 years of service have been entertained from private schools in Government schools. I am told that their service in private schools is not considered and that their case remains very hard. I am also informed that when a teacher is taken from one private school to another, 50 per cent of his period of service is considered. But Government are not prepared to consider them. Legally there might not be a right for the teacher to claim it. But equity and justice require that their claims will have to be considered. They may be numerically poor. They might not be able to influence the authorities. But there is the hard fact that justice will have to be done to everyone. With these words, I support the motion.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഗ്രാഡ്വേററ് അദ്ധ്യാപകന്മാരുടെ കാര്യത്തെ സംബന്ധിച്ച് ഒന്നു രണ്ടു പായിൻറുകൾ മാത്രമേ എനിക്ക് ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതായിട്ടുള്ളു. ഗ്രാഡ്വേററ് അദ്ധ്യാപകന്മാർക്ക് കൂടുതൽ കാര്യക്ഷമത ഉണ്ടായിരിക്കുമെന്നുള്ളതുകൊണ്ടാണ് അവരെ നിയമിച്ചിട്ടുള്ളത്. കഴിഞ്ഞ യുദ്ധത്തിനുശേഷം ഗവണ്മെൻറിൽ നിന്നും അദ്ധ്യാപകന്മാരായിരിക്കുവാൻ ഗ്രാഡ്വേററുകളുടെ അപേക്ഷ

[ശ്രീ. ഇ. കൃഷ്ണൻ നായർ]

കൾ ക്ഷണിച്ചതിന്റെ ഫലമായിട്ടാണു് അവർ ഗവണ്മെന്റ് സ്കൂളുകളിൽ ഉദ്യോഗം സ്വീകരിച്ചിട്ടുള്ളതും അങ്ങനെ യുദ്ധത്തിനു മുമ്പുണ്ടായിരുന്നതിനേക്കാൾ അവരുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതും. അന്നു് അവരുടെ ശമ്പളത്തിൽ കൂടുതലായി യാതൊന്നും കൊടുക്കുകയുണ്ടായില്ല. എന്നാൽ, സർവ്വീസ്സംയോജനത്തിനുമുമ്പു് എത്രകൊല്ലം സർവ്വീസിലിരുന്നുവോ അത്രയുംകൊല്ലം അവർ വാങ്ങിയിരുന്ന അതേ ശമ്പളംതന്നെയാണു് സർവ്വീസ് സംയോജനത്തിനുശേഷവും അവർക്കു നൽകിവരുന്നതു്. ഇരുപതു്, ഇരുപത്തിരണ്ടു് കൊല്ലക്കാലം പ്രൈവററ്സ്കൂളിൽ അദ്ധ്യാപനംചെയ്തശേഷം ഗവണ്മെന്റ്സ്കൂളിൽ കടന്നുകൂടിയാൽ അവർക്കു് യാതൊരു പ്രയോജനവും ഇല്ലാത്ത വ്യവസ്ഥയാണു് നിലവിലിരിക്കുന്നതു്. ഒരു പ്രൈവററ്സ്കൂളിൽനിന്നു് മറെറാരു പ്രൈവററ് സ്കൂളിലേക്കു് പോകുന്ന അദ്ധ്യാപകനു് ആദ്യ പ്രൈവററ്സ്കൂളിൽ ആ അദ്ധ്യാപകനു് എത്രകൊല്ലത്തെ അദ്ധ്യാപന പരിശീലനമുണ്ടോ അതിന്റെ പകുതി സർവ്വീസ് കണക്കാക്കി അതനുസരിച്ചു് ശമ്പളവും, ഇൻക്രിമെന്റും കൊടുക്കുന്ന ഒരു പദ്ധതി ഇന്നു് നിലവിലുണ്ടു്. അതുപോലെ പ്രൈവററ് സ്കൂളിൽനിന്നു് ഗവണ്മെന്റ് സ്കൂളിലേക്കു് വന്നിട്ടുള്ള അദ്ധ്യാപകന്റെ മുൻസർവ്വീസിൽ പകുതി വകവച്ചു് ശമ്പളം നിശ്ചയിക്കുക എന്നുള്ളതു് വെറും നീതി മാത്രമാണു്. ഇന്നത്തെ നില മാററി പ്രസ്തുത സമ്പ്രദായം നിലവിൽ വരുത്തുന്നതിനു് അവരുടെ നിവേദനം പല ഘട്ടങ്ങളിലും ഗവണ്മെന്റിന്റെ അടുത്തുണ്ടായിട്ടുണ്ടെങ്കിലും ഗവണ്മെന്റ് ഏററവും അനുകമ്പാവിഹീനമായി അവർക്കു് മറുപടി കൊടുത്തിട്ടുള്ളതു് അവരുടെ പ്രൈവററ് സ്കൂളിലെ സർവ്വീസ് പരിഗണിക്കുവാൻ പോകുന്നില്ല എന്നാണു്. പ്രൈവററ്സ്കൂളിൽ അവർക്കുള്ള സർവ്വീസിന്റെ പകുതി സർവ്വീസ് പരിഗണിച്ചു് അവർക്കു് ശമ്പളം കൊടുക്കണമെന്നും അതനുസരിച്ചു് അവർക്കു് പെൻഷൻ കൊടുക്കണമെന്നുമാണു് എനിക്കു് ഗവണ്മെന്റിനോടു് ആവശ്യപ്പെടുവാനുള്ളതു്. ഇവിടത്തെ ഗ്രാഡ്വേററ് ടീച്ചേഴ്സിന്റെ ഗ്രേഡു് നിശ്ചയിച്ചിട്ടുള്ളതു് ഒരു റേഷ്യോ അനുസരിച്ചാണെന്നു് മുമ്പു് ഒരു സെഷനിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. മുമ്പു് ൧: ൨: ൩ എന്ന റേഷ്യോ അനുസരിച്ചാണു് അവരുടെ ഗ്രേഡു് നിശ്ചയിച്ചിരുന്നതു്. എന്നാൽ, ഇന്നതു് ൧: ൩: ൭ എന്നു മാററിയിട്ടുണ്ടു് എന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്. എന്നാൽ, ൧-ാംഗ്രേഡിൽ ൧൩൩ അദ്ധ്യാപകന്മാരും, ൨-ാംഗ്രേഡിൽ ൨൬൭ അദ്ധ്യാപകന്മാരും, ൩-ാംഗ്രേഡിൽ ൧൩൦൦-ഓളം അദ്ധ്യാപകന്മാരും ഇന്നു് ഉണ്ടെന്നുകാണാം. അവർക്കുള്ള റേഷ്യോ ൧: ൩: ൭ എന്നുള്ളതു പോയിട്ടു് അതു് ൧: ൩: ൧൧ എന്നുവരെ എത്തിയിരിക്കുന്നു എന്നു പറയാതെ തരമില്ല. ഈ റേഷ്യോപ്രകാരം ഇന്നുള്ള അദ്ധ്യാപകന്മാർക്കു് സർക്കാർ സ്കൂളുകളിൽ പ്രമോഷൻ ലഭിക്കുവാനുള്ള അവസരം ഇല്ലാതെ പോയിരിക്കുന്നു.

ഇവിടത്തെ ടെക്സ്റ്റ്ബുക്കുകൾ തെരഞ്ഞെടുക്കുന്ന രീതിയെ സംബന്ധിച്ചും പരീക്ഷാരീതിയെ സംബന്ധിച്ചും ചിലതു പറയാതെ നിവൃത്തിയില്ല. സാഹിത്യപരമായ കഴിവു് എല്ലാവർക്കും ഉണ്ടായി എന്നു വരികയില്ല. സാഹിത്യഗ്രന്ഥങ്ങൾ തെരഞ്ഞെടുക്കുന്നതിനു് പ്രാവീണ്യമുള്ള ആളുകൾ ഉൾക്കൊള്ളുന്ന ഒരു കമ്മിററി വേണമെന്നു പറഞ്ഞാൽ അതു്

എപ്പോഴും സാദ്ധ്യമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനു മുമ്പ് ഇവിടെ നടപ്പിലിരുന്നതുപോലെ ടെക്സ്റ്റ്ബുക്കുകളുടെ തെരഞ്ഞെടുപ്പിന് പത്തുമുപ്പതു അംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയും ആ കമ്മിററിയുടെ കീഴിൽ ഓരോ വകുപ്പുകളിലും പ്രത്യേകം വൈദഗ്ദ്ധ്യം ഉള്ളവരായ രണ്ടോ, മൂന്നോ അംഗങ്ങൾ അടങ്ങിയ ഓരോ സബ് കമ്മിററികളും നിയമിച്ച് അവരുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് ബുക്കുകൾ തെരഞ്ഞെടുക്കുകയാണെങ്കിൽ അത് കുട്ടികൾക്കു കുറെക്കൂടി പ്രയോജനകരമായിരിക്കും എന്നാണ് എനിക്കു പറയുവാനുള്ളത്. തേഡ്ഫാറത്തിലെ ഒരു ടെക്സ്റ്റ്ബുക്കിൽ ഉണ്ടായിരുന്ന ചില പാഠങ്ങൾ ഇൻറർമീഡിയററ ക്ലാസ്സിലുള്ള കുട്ടികളെപ്പോലും പഠിപ്പിക്കുവാൻ അസാദ്ധ്യമായിട്ടുള്ളതായിരുന്നു എന്നു ഈ നിയമസഭയിൽതന്നെ പറയുകയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ബഹുമാനപ്പെട്ട ചവറ മെമ്പർ സൂചിപ്പിച്ചതുപോലെ അനാശാസ്യമായ പ്രസ്താവനകൾ ഉള്ള ടെക്സ്റ്റ്ബുക്കുകൾ ക്ലാസ്സിൽ പഠിപ്പിക്കേണ്ടതായിട്ടും വന്നിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം തെരഞ്ഞെടുക്കുന്ന ടെക്സ്റ്റ്ബുക്കുകൾ കമ്മിററി അംഗങ്ങൾ ശരിയായി നോക്കാത്തതാണ്.

<u>ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ</u>. അതിനു മെമ്പർക്കു പ്രത്യേകം വല്ല അഭിപ്രായവുമുണ്ടോ ?

<u>ശ്രീ. ഇ. കൃഷ്ണൻ നായർ:</u> എൻെറ അഭിപ്രായം അതിനുള്ളതു് ഞാൻ ഇതുവരെ പറഞ്ഞു.

Mr. Speaker: We have been listening to it.

Shri E. Krishnan Nair: He wanted to know.

Mr. Speaker: He is expected to be listening to what is going on in the House.

<u>ശ്രീ. ഇ. കൃഷ്ണൻ നായർ:</u> ഏററവും ശോചനീയമായ ഒരു നിലയാണ് ടെക്സ്റ്റ്ബുക്ക് തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് ഏറെറടുത്തിരിക്കുന്നതു എന്നു പറയാതെ തരമില്ല. ഇന്ന് സാഹിത്യപരമായ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന ഏതൊരു സാഹിത്യകാരനേയും നിരുത്സാഹപ്പെടുത്തുന്ന ഒരു പദ്ധതിയാണ് ഇപ്പോഴത്തെ പദ്ധതിയെന്ന് നിസ്സംശയം പറയാവുന്നതാണ്. ഒരു ടെക്സ്റ്റ്ബുക്കിന് ഇപ്പോൾ കൊടുത്തുവരുന്ന റായൽററി ൧൦൦-ഉ, ൧൫൦ രൂപയോ ആയിട്ട് ഗവണ്മെൻറ് ക്ളിപ്തപ്പെടുത്തിയിരിക്കുകയാണ്. ഒരു പുസ്തകം എഴുതുന്നതിന് വളരെ ബുദ്ധിമുട്ടുകൾ ഗ്രന്ഥകാരൻ സഹിക്കണം. വളരെ പണിപ്പെട്ട് ഒരു ഗ്രന്ഥം എഴുതിയാൽ അതു് അച്ചടിച്ച് അതിൻെറ കാപ്പികൾ വിതരണം ചെയ്തുവരുമ്പോൾ അതിനുതന്നെ ൨൦൦-ഓ, ൩൦൦-ഓ രൂപ ചിലവുവരുന്നുണ്ട്. എന്നാൽ, ആ ടെക്സ്റ്റ്ബുക്ക ഗവണ്മെൻറ എടുത്താൽ തന്നെ ആ ഗ്രന്ഥകാരന് കിട്ടുന്ന തുക ൧൦൦-ഓ, ൧൫൦-ഓ രൂപയാണ്. ഈ നില ഗവണ്മെൻറ് തുടരുന്നതായാൽ മേലാൽ സാഹിത്യപ്രണയികളിൽ ആരുംതന്നെ ഗ്രന്ഥരചനയ്ക്കു് പുറപ്പെടുന്നതല്ല. ഇന്നു സാഹിത്യപരമായ വല്ല നല്ല പുസ്തകങ്ങളും ഉണ്ടെങ്കിൽ അതു് ഇതിനുമുമ്പു അവക്കുണ്ടായിരുന്ന പ്രോത്സാഹനംകൊണ്ട് ഉണ്ടായിട്ടുള്ളവയാണെന്നും

[ശ്രീ. ഇ. കൃഷ്ണൻ നായർ]

അതുപോലെ നല്ല പുസ്തകങ്ങൾ എഴുതത്തക്കവിധത്തിൽ അവക്കു വേണ്ട പ്രോത്സാഹനം കൊടുക്കേണ്ടതു് അത്യാവശ്യമാണെന്നും ഞാൻ ഗവണ്മെന്റിനെ അറിയിച്ചുകൊള്ളുന്നു.

ഇനി ഇവിടത്തെ പരീക്ഷാ പദ്ധതിയെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. ഇന്നുള്ള പരീക്ഷാപദ്ധതി ഇവിടത്തെ വിദ്യാർത്ഥികൾക്കു് ഒരുവിധത്തിലും യോജിച്ചതല്ല. ഇവിടത്തെ പരീക്ഷാപദ്ധതിയിൽ ഒരു നവീകരണം വരുത്തേണ്ടതു് ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണു് പല കുററങ്ങളും കുറവുകളും ഉള്ള ഓൾഡ് ടൈപ്പ് എക്സാമിനേഷൻ ഭേദപ്പെടുത്തി ന്യൂ ടൈപ്പ് ആഫ് എക്സാമിനേഷൻ എന്ന പദ്ധതി ഇവിടെ നടപ്പിൽ വരുത്തിയതു്. ഇപ്പോൾ ന്യൂ ടൈപ്പ് എക്സാമിനേഷൻ പദ്ധതി അനുസരിച്ചും ഓൾഡ് ടൈപ്പ് എക്സാമിനേഷൻ പദ്ധതി അനുസരിച്ചും ആണു് ചോദ്യക്കടലാസ്സുകൾ തയാറാക്കുന്നതു്. ഇവിടത്തെ വിദ്യാർത്ഥികൾക്കു് ഇവിടെ നടക്കുന്ന പരീക്ഷയ്ക്കു തയാറാക്കുന്ന ചോദ്യങ്ങളിൽ ചിലതിനു് ഉത്തരം എഴുതുവാൻ സാധിച്ചില്ലെന്നും അതിനു ഉത്തരം കണ്ടുപിടിക്കാൻ അവർക്കു വളരെ സമയം ചിലവഴിക്കേണ്ടിവന്നുവെന്നും ഉള്ളതു് എനിക്കു അറിയുവാൻ സാധിച്ച പരമാർത്ഥമാണു്. കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു് മാത്തമാററിക്സ് സെക്കൻഡ് പേപ്പറിനുള്ള ചോദ്യക്കടലാസിൽ മിസ്ലീഡിംഗ് കൺസ്റ്റ്രൿൻസ് കൊടുത്തതുമൂലം വിദ്യാർത്ഥികൾക്കു് വളരെ ബുദ്ധിമുട്ടു നേരിടേണ്ടിവന്നിട്ടുണ്ടു്. ചോദ്യക്കടലാസ്സുകൾ ഉണ്ടാക്കുന്ന പരീക്ഷകന്മാർതന്നെ അവർ എഴുതുന്ന ചോദ്യങ്ങൾ ശരിയാണോ എന്നു് നോക്കിയിരുന്നെങ്കിൽ ഇത്തരത്തിലുള്ള സ്ഖലിതങ്ങൾ ഇല്ലാതാക്കുവാൻ സാധിക്കുമായിരുന്നു. വിദ്യാർത്ഥികൾക്കു് ശരിക്കു പരീക്ഷയിൽ പങ്കുകൊള്ളുകയും ചെയ്യാമായിരുന്നു. ചീഫ് എക്സാമിനറെക്കുറിച്ചും എനിക്കു ഒരു വാക്കു പറയുവാനുണ്ടു്. ഇപ്പോൾ ചീഫ് എക്സാമിനറുടെ കീഴിൽ അദ്ദേഹത്തെ സഹായിക്കുന്നതിനായി നാലോ അഞ്ചോ ഡെപ്യൂട്ടി എക്സാമിനേഴ്സ് ഉണ്ടെന്നാണു അറിയുന്നതു്. ചീഫ് എക്സാമിനറുടെ അടുത്തു വരുന്ന ഉത്തരക്കടലാസ്സുകൾ അദ്ദേഹത്തിന്റെ കീഴിലുള്ള ആളുകൾക്കു് വീതിച്ചുകൊടുക്കുകയും അതു ഏതുതരത്തിലാണു് വാല്യൂ ചെയ്യേണ്ടതു് എന്നുള്ളതിനു ആവശ്യമായ നിർദ്ദേശം കൊടുക്കുകയും അപ്രകാരം അവരെല്ലാവരും പ്രവർത്തിക്കുന്നുണ്ടോ എന്നു നോക്കുകയും ചെയ്യേണ്ടതു് അദ്ദേഹത്തിന്റെ കടമയാണു്. ചീഫ് എക്സാമിനറുടെ കീഴിലുള്ള ആളുകളെല്ലാം അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കു വിധേയരായി പ്രവർത്തിക്കാത്തപക്ഷം പല കുററങ്ങളും കുറവുകളും പേപ്പർ വാല്യൂ ചെയ്യുന്നതിൽ വരുന്നതാണു്. ചീഫ് എക്സാമിനറുടെ കീഴിലുള്ള ആളുകൾ എല്ലാവരും ഒരുപോലെ ചീഫ് എക്സാമിനറുടെ നിർദ്ദേശങ്ങൾക്കു അനുസരണമായി പ്രവർത്തിക്കാതിരുന്നതുകൊണ്ടു് കഴിഞ്ഞകൊല്ലം നടത്തിയ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു് ഉത്തരക്കടലാസ്സു രണ്ടാമതും നോക്കുവാൻ ഇടയായിട്ടുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണു്. അതുപോലെതന്നെ മാർക്കു സർട്ടിഫിക്കററു ബുക്കുകളിൽ എൻറർ ചെയ്യുന്നതിനു് ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥൻ മാത്രമാണു് ഇപ്പോഴുള്ളതു്. അദ്ദേഹത്തിന്റെ കീഴിലുള്ള ആളുകളുടെയും അവിടെയുള്ള അനവധി ക്ലാക്കന്മാരുടെയും ജോലികൾ പരിശോധിക്കുന്നതിനു ശരിയായ സമയംതന്നെ അദ്ദേഹത്തിനു കിട്ടു

ന്നില്ല. ദിവസം ൨൪ മണിക്കൂറും, രാത്രിയും പകലും ജോലിചെയ്താൽ കൂടി തീരാത്തവിധത്തിൽ ഉള്ള അത്ര ജോലിയാണ് അവിടത്തെ ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തിരിക്കുന്നത്. അദ്ദേഹത്തിന്റെ ജോലി കുറയ്ക്കുന്നതിനു വേണ്ടി രണ്ടോ, മൂന്നോ ആളുകളെ ചേർത്തു മാർക്ക് എൻട്രിക്ക് ചുമതലപ്പെട്ട ബോർഡ് ഉണ്ടാക്കിയാൽ കൊള്ളാം. ഏതായിരുന്നാലും ഇന്നത്തെ പരീക്ഷാപദ്ധതിയെപ്പറ്റി ഗവണ്മെന്റ് കാര്യമായി ശ്രദ്ധിച്ച് അതിൽ ആവശ്യമായ പരിഷ്കാരം വരുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

ஸ்ரீ. எஸ். ஜி. தேவியப்பன்: ஸர், இன்று நமது பிரதான மந்திரி அவர்கள் கல்வி வகைக்காக 3,81,08,000 ரூபாய் கோரியிருக்கிறார்கள் அதை நான் ஆமோதிப்பதோடு நான் இந்த கல்வி இலாகாவில் உள்ள சில குறைபாடுகளைப் பற்றி கூற விரும்புகிறேன். நமது ராஜ்யமானது, கல்வியறிவில் சிறந்து விளங்கும் ஒரு ராஜ்யமாகும். சுமார் இரண்டு வருடங்களுக்கு முன்பு பீரிமேட்டில் சிதம்பரய்யர் எஸ்டேட்டில் ஒரு பள்ளிக் கூடம் கட்டித்தர வேண்டுமென்று, அங்குள்ள தோட்டத்தொழிலாளிகளின் மக்களுக்கும் மற்றுமுள்ளவர்களுக்கும் படிக்கவேண்டுமென்பதற்காக, இரண்டு வருடங்களுக்கு முன்பே கேட்டிருந்தும், நமது சர்க்கார் அதற்காக கொஞ்சமும் பிரயாசப்படவில்லை. பின்னர், அங்குள்ள சில முதலாளிகளும் சில தொழிலாளிகளும் பல மனுக்கள் அனுப்பியதின் பிற்பாடு அங்கு ஒரு பள்ளிக்கூடம் கட்டப்பட்டது. அந்த பள்ளிக்கூடத்தில் அங்குள்ள மக்களுக்கு படிக்கவியலாமல் அவர்கள் எல்லோரும், மதுரை, திருநெல்வேலி, ராமநாதபுரம் போன்ற யிடங்களுக்குப் போய் படித்து வருகிறார்கள். அதற்குக் காரணமென்னவென்றால் அந்தப்பள்ளிக்கூடத்தில் தமிழ் கற்றுக் கொடுப்பதற்குத் தகுந்த தமிழ் உபாத்தியாயர்கள் இல்லாததே. பீரிமேட்டில் ஒரு ஹைஸ்கூல் இருக்கிறது' அங்கு அநேக நாட்களாக, இன்றும் கூட அப்பள்ளிக்கூடத்தில் ஒரு தமிழ் உபாத்தியாயர் கூட இல்லை. அப்பள்ளிக்கூடத்தில் சுமார் 200 பிள்ளைகள் படித்துக் கொண்டிருக்கிறார்கள். அதில் சுமார் 13 தமிழ் பிள்ளைகள் இருக்கிறார்கள். அங்கு, மலையாள உபாத்தியாயர்கள் இருக்கிறார்கள். ஆனால் இந்த 13 தமிழ் பிள்ளைகளுக்கு படிப்பித்துக் கொடுப்பதற்கு தமிழ் உபாத்தியாயர் கிடையாது. இதேமாதிரி வண்டிப்பெரியாரில் இருக்கிற ஒரு ஸ்கூலிலும் சுமார் 110 மலையாளம் பிள்ளைகளும் 89 தமிழ் பிள்ளைகளும் படித்து வருகின்றார்கள். அந்தத் தமிழ் பிள்ளைகளுக்கு கூட கற்றுக் கொடுப்பதற்கு தமிழ் உபாத்தியாயர்கள் இல்லாதலால், அவர்கள் மிகவும் கஷடப்பட்டார்கள். இதைக் குறித்து நானும் வேறு சிலரும் டிவிஷன் இன்ஸ்பெக்டர் போன்றவரிடம் கண்டு பேசியதின் பயனாக அங்கு சில தமிழ் உபாத்தியாயர்களை நியமித்தார்கள். ஆனால் அவர்கள் அப்பள்ளிக் கூடத்துக்கு பதிவாக்காமல் அவர்களது சம்பளம் அப்பள்ளிக்கூடத்திற்கு அனுப்பப்படவில்லை. இதே போல், குமளி என்ற இடத்தில் ஒரு பிரைவெட் ஸ்கூல் நடந்து கொண்டு வருகிறது. அங்கு 150 பிள்ளைகள் படிக்கிறார்கள்; அவர்களில் 57 தமிழ் பிள்ளைகளும் இருக்கின்றார்கள். அந்த தமிழ் பிள்ளைகளுக்கு, கற்றுக் கொடுப்பதற்கு ஒரு தமிழ் உபாத்தியாயரும் அங்கு இல்லை. ஏலப்பாறை பிரைமரிஸ்கூலில் சுமார் 97 பிள்ளைகள் படிக்கிறார்கள். அதில் 9 தமிழ் பிள்ளைகள் உண்டு. அதற்கும் தமிழ் உபாத்தியாயர் இல்லை. ஆகையால் தமிழர்கள் எல்லோரும் இதற்காக இன்று ஒரு பெரிய புரட்சி செய்து கொண்டிருக்கிறார்கள். ஆகையினால் அந்தந்த பாஷை படிக்கக்கூடிய பிள்ளைகளுக்கு அதற்கு உரிய விதத்தில் உபாத்தியாயர்களை அந்தந்த யிடங்களில் அரசாங்கம் அமைத்துக் கொடுக்க வேண்டும். அது மாத்திரமல்ல, அந்த உபாத்தியாயர்களுக்கு வேண்டிய சலுகைகளையும் இவ்வரசாங்கம் செய்து கொடுக்க வேண்டும் என்பதே எனது கோரிக்கை. உதாரணமாக தேவிகுளத்தில் கண்ணன்தேவன் கம்பெனியினால் ஒரு பெரிய ஹைஸ்கூலும், ஒரு மிடில் ஸ்கூலும், ஒரு பிரைமறி ஸ்கூலும் நடத்தப்பட்டு வருகின்றன. அவைகள் நல்ல வசதியோடு கூடிய முறையில் நடைபெற்று வந்தாலும், தற்காலத்தில் அங்கு கூடுதல் பிள்ளைகளைச் சேர்க்க முடியாது என்று சொன்னதின் காரணமாக அதற்கடுத்துள்ள

[ஸ்ரீ. எஸ். ஜி. தேவியப்பன்]

ஒரு பிராந்தியமான சேதுபார்வதிபுரத்தில் ஒரு மிடில் ஸ்கூலாவது நடத்தித் தர வேண்டும் என்று நான் மந்திரி அவர்களிடம் நேரில் சென்று கேட்டிருக்கிறேன். இதற்கு வேண்டிய மனுக்களும் அனுப்பப்பட்டிருக்கின்றன. ஆனால் அதைப்பற்றி எந்த விதமான தகவலும் கிடைக்கவில்லை. அந்தயிடத்தில் ஒரு பள்ளிக்கூடம் திறக்கப்படுமானால் சுமார் 220 பிள்ளைகளுக்கு மேல் அங்கு படிப்பதற்குள்ள வசதியுண்டு. ஆகையால் அதற்கு வேண்டிய அனுமதி கொடுத்து, தகுந்த முறையில் உபாத்தியாயர்களையும் நியமித்துக் கொடுக்க வேண்டும். அந்த உபாத்தியாயர்களுக்கு, மற்ற எல்லாப் பகுதிகளிலும் கொடுக்கப்படும் சலுகைகளை விட கொஞ்சம் கூடுதலாக சலுகைகள் கொடுக்க வேண்டுமென்று நான் இவ்வர்சாங்கத்தினிடம் கேட்டுக் கொள்கிறேன். அதற்கு காரணமென்னவென்றால், மலைப் பிரதேசங்களில் மற்ற இடங்களில் தாமதிப்பதை விட கூடுதல் சில கஷ்டங்கள் உள்ளன. தேவிகுளம், பீரிமேடு போன்ற இடங்களில், தகுந்த வீடு பல்வேறு வசதிகள் இல்லாமல் ஜீவிப்பது மிகவும் கஷ்டமானதொரு காரியமாகும். ஆகவே இப்படிப்பட்ட கோரிக்கைகளை நீங்கள் நிறைவேற்றிக் கொடுக்க வேண்டும் என்பதோடு, அங்குள்ள தோட்டத் தொழிலாளி மக்களில் ஹரிஜனங்களே அதிகமாக இருக்கின்றதால், அவர்கள் எட்டும், பத்தும் மைல் தூரத்தில் உள்ள பள்ளிக்கூடங்களில் வந்து படிக்க வேண்டியிருப்பதால் அப்பிள்ளைகளுக்கு மத்தியானச் சாப்பாடு இலவசமாகக் கொடுக்க வேண்டும் என்றும் அரசாங்கத்தினிடம் நான் கேட்டுக் கொள்கிறேன். மக்களிடமிருந்து நியாயமான முறையில் வரி வசூல் செய்வது உண்மை, பொதுஜன நன்மைக்காக பட்ஜட் தயார் செய்வதும் உண்மை. ஆனால் அதை பொதுஜனங்களுக்குப் பிரயோஜனகரமான முறையில் எல்லா டிப்பார்ட்மெண்டுகளிலுமுள்ள உத்தியோகஸ்தர்களும் காலகாலங்களில் மக்களுக்கு நன்மைகள் செய்து கொடுப்பதற்கும், இந்த மந்திரி சபை தான் தூண்டுவது பொறுப்பாகும் என்று சொல்லிக் கொண்டு நான் மேற்சொன்ன காரியங்களை நீங்கள் செய்து கொடுத்தால், நம் ராஜ்யம் மேலோங்கி வருவதோடு நமது மந்திரி சபைக்கும் புகழ் உண்டாகும் என்று சொல்லிக் கொண்டு எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, വിദ്യാഭ്യാസമന്ദിരങ്ങളുടെ ശോച്യാവസ്ഥയെപ്പററിയാണ് എനിക്ക് ആദ്യമായി ഇവിടെ പറയാനുള്ളത്. സർ, അങ്ങും ഞാനുമായി ഈ അടുത്ത കാലത്ത് ഒരു വിദ്യാലയ വാർഷികാഘോഷത്തിൽ സംബന്ധിക്കയുണ്ടായല്ലോ. ആ മന്ദിരത്തിന്റെ ശോച്യാവസ്ഥ അങ്ങേയ്ക്ക് അന്നു മനസ്സിലാക്കാൻ കഴിഞ്ഞു. പട്ടത്തുള്ള ഒരു മിഡിൽസ്കൂളാണത്. അതിന്റെ ചുവരുകളെല്ലാം ഇടിഞ്ഞു മരത്തിലുള്ള തൂണുകളും കൊടുത്തു നിറുത്തിയിരിക്കയാണ് ചെയ്യുന്നത്.

ശ്രീ. എ. താണുപിള്ള: അതു പ്രൈവററ സ്കൂളാണോ ഗവണ്മെന്റ സ്കൂളാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഗവണ്മെന്റ സ്കൂളാണ്. അത് എപ്പോൾ താഴെ വീഴുമെന്നു പറയാൻ പാടില്ലാത്ത നിലയിലാണ് നിൽക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ മഞ്ചവിളാകത്തു ഒരു പ്രൈമറിസ്കൂളുണ്ട്. നാട്ടുകാർ സ്കൂൾകെട്ടിടമുണ്ടാക്കി ഗവണ്മെന്റിലേക്കു വിട്ടുകൊടുത്തിട്ടുണ്ടായിരുന്നതാണ് അത്. ആ വിദ്യാലയം ശരിയായി സൂക്ഷിക്കാതെ ജീർണ്ണിച്ചു വീണശേഷം ഇപ്പോൾ ഒരു ടെമ്പററി ഷെഡ് കെട്ടിയിട്ടുണ്ട്. മഴ പെയ്യുകയാണെങ്കിൽ കുട്ടികളെല്ലാം നനഞ്ഞ് ഒലിച്ചു സുഖക്കേടുകാരായിത്തീരും. നല്ല കാററടിച്ചാൽ മേൽക്കൂര എപ്പോൾ താഴെ വീണുപോകുമെന്നറിയാൻ നിവൃത്തിയില്ലാതെയിരിക്കയാണ്. ഇപ്രകാരമുള്ള പരിതഃസ്ഥിതിയിലാണ് പ്രൈമറി വിദ്യാലയ

ങ്ങളും മിഡിൽസ്കൂളുകളും ഇന്നു കാണപ്പെടുന്നത്. പ്രൈവററ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു ചില നിബന്ധനകളെല്ലാം ഉണ്ടു്. ഇന്നയിന്ന തരത്തിൽ ആണെങ്കിലേ സ്കൂളുകൾ അനുവദിക്കയുള്ളുവെന്നെല്ലാം നിബന്ധനകളുണ്ടു്. അതെനിക്കു മനസ്സിലാക്കാൻ കഴിയും. അതേ സമയത്തു ഗവണ്മെൻറു സ്കൂളുകളും ഒരുമാതിരിയെങ്കിലും കുഞ്ഞുങ്ങൾക്കു് ഇരുന്നു പഠിക്കത്തക്ക സൗകര്യമുള്ള രീതിയിലായിരിക്കണെമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. കുട്ടികൾ നല്ല മുണ്ടും ഉടുത്തു പള്ളിക്കൂടത്തിൽ പോയാൽ തിരിച്ചുവരുമ്പോൾ ആ മുണ്ടുകൾ റോഡിലിട്ടു വലിച്ചിഴച്ചതുപോലെ തോന്നും. കാരണം സ്കൂൾകെട്ടിടത്തിന്റെ തറ റോഡിലുള്ളതിനേക്കാൾ കൂടുതൽ പൊടിയും കുഴിയുമുള്ളതുകൊണ്ടു്. ഈ പരിതഃസ്ഥിതി മാറണം. വളരെ വിലപിടിച്ച കെട്ടിടങ്ങൾ കെട്ടണമെന്നു ഞാൻ പറയുന്നില്ല. ഒരു മൂവായിരം നാലായിരം രൂപയ്ക്കു് അകമായി ഒരു പ്രൈമറി വിദ്യാലയം സാമാന്യം ഭേദപ്പെട്ട നിലയിൽ കെട്ടാൻ കഴിയും. ഒരു മൂന്നു നാലടി പൊക്കത്തിൽ ചുവരു മതി. മേൽക്കൂര നന്നായിരിക്കണം. തറ നല്ലപോലെ സിമൻറു ചെയ്തതുമായിരിക്കണം. ഈ രീതിയിൽ ഗവണ്മെൻറുവക പ്രൈമറി വിദ്യാലയവും മിഡിൽസ്കൂൾ വിദ്യാലയവും ആക്കിത്തീർക്കുന്നതിനു സത്വരമായി ഗവണ്മെൻറിന്റെ ശ്രദ്ധ പതിയണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മറെറാരു കാര്യം പറയാനുള്ളതു് തിരുവനന്തപുരം മെംബർ പ്രസ്താവിച്ച ശമ്പളപരിഷ്കാരത്തെപ്പററിയാണ്. അദ്ദേഹം പറഞ്ഞ എല്ലാ തത്വങ്ങളോടും ഞാനും യോജിക്കുന്നുണ്ടു്. അതുകൊണ്ടു് ഞാൻ അക്കാര്യമെല്ലാം ആവർത്തിച്ചു സഭയുടെ സമയം അപഹരിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ അദ്ദേഹം വിട്ടുപോയതു പറയണമെന്നു ഞാനാഗ്രഹിക്കുന്നു. ഇപ്പോഴുള്ള ശമ്പളപരിഷ്കാരം അനുസരിച്ചു പ്രൈമറിസ്കൂളിലെ ഹെഡ്മാസ്റ്റന്മാർക്കു് ൨൦-൧-൪൦-൨-൬൦ എന്നുള്ള സ്കെയിലാണു കൊടുത്തിട്ടുള്ളതു്. അവർക്കു ൨൦-൨-൩൦ എന്നുള്ള മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ ഗ്രേഡു കൊടുക്കേണ്ടതു് ഒരു സാമാന്യ മര്യാദമാത്രമാണെന്നു ഞാൻ വിചാരിക്കുന്നു. പ്രൈമറിസ്കൂളുകളിലെ അദ്ധ്യാപകന്മാർ ൮-ാംക്ലാസ്സ് പാസ്സായിട്ടുള്ളവരാണു്. ഇപ്പോൾ സ്കൂൾഫൈനൽകാരും ഉണ്ടെന്നു തോന്നുന്നു. എങ്കിലും സാമാന്യമായി ൮-ാംക്ലാസുകാരാണെന്നു പറയാം. അവർക്കു മിഡിൽസ്കൂളുകളിലേക്കു് പ്രമോഷൻ കൊടുക്കാറില്ല. അങ്ങേയററം അവർക്കു കിട്ടുന്നതു് പ്രൈമറി സ്കൂളിലെ ഒരു ഹെഡ്മാസ്റ്റർ പദവിയാണു്. ഹെഡ്മാസ്റ്ററുടെ സ്കെയിൽ അസിസ്റ്റൻറിന്റെ സ്കെയിൽ ആയ ൨൦-൬൦, അതു ശരിയാണെന്നു തോന്നുന്നില്ല. ഹെഡ്മാസ്റ്റർ അസിസ്റ്റൻറു സ്കെയിലിൽതന്നെ തുടരാൻ അനുവദിക്കുന്നതു ശരിയല്ല. അതുകൊണ്ടു പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാർക്കു മിഡിൽസ്കൂൾ അദ്ധ്യാപകന്മാർക്കുള്ള സ്കെയിൽ കൊടുക്കേണ്ടതു അത്യന്താപേക്ഷിതമായ ഒരു കാര്യമായി ഞാൻ കരുതുന്നു. അതുപോലെതന്നെ പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാർക്കു അഞ്ചുരൂപ അലവൻസു കൊടുത്തുകൊണ്ടിരുന്നതു മൂന്നു രൂപയാക്കി കുറച്ചതു് ഒട്ടും ശരിയല്ല. അതു പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്നതുപോലെയുള്ള ഒരു പ്രവൃത്തിയായിപ്പോയെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ രണ്ടുരൂപ കുറച്ചതുകൊണ്ടു ഗവണ്മെൻറിനു വലിയ ലാഭമൊന്നും ഉണ്ടാകാൻ പോകുന്നില്ല. എന്തിനാണു് സാർ പിന്നെ ഈ

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള]

രണ്ടുരൂപ അപഹരിയ്ക്കുന്നതു്. അതുകൊണ്ടു് മുൻപുണ്ടായിരുന്ന അഞ്ചുരൂപ തന്നെ കൊടുക്കുന്നതിനുള്ള സന്മനസ്സു മുഖ്യമന്ത്രിയ്ക്കുണ്ടാകണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. താഴ്ന്ന ഗ്രേഡിലുള്ള അദ്ധ്യാപകന്മാർക്കു ൫൦൪-ന മുൻപു ൫൪ രൂപയാണു് ശമ്പളം വച്ചിരുന്നതു്. ഇന്നു് അതു ൩൦–൬൦ ക. എന്നാക്കി ഉയർത്തിയിട്ടുണ്ടു്. മുൻപു മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ ൨൬–൬൦, ൩൦–൬൦ എന്ന തരത്തിലായിരുന്നു. മുൻപു ൫൪ രൂപ ശമ്പളം വാങ്ങിച്ചുകൊണ്ടിരുന്ന ആളുകളെ ൩൦-൬൦ സ്കെയിൽ അനുവദിച്ചിട്ടുണ്ടു്. അതിൽ കൂടുതലും കൊടുക്കുന്നതു നല്ലതുതന്നെ. അതേ സമയത്തു ഉയർന്ന ഗ്രേഡിൽ ഇരുന്ന മിഡിൽസ്കൂൾ അദ്ധ്യാപന്മാർക്കു് ഇന്നും കിട്ടുന്നതു ൩൦-൭൦ കയാണു്. അതു തീർച്ചയായും അത്ര ആശാസ്യമായ ഒന്നാണെന്നു് എനിക്കു തോന്നുന്നില്ല. അതിനാൽ തിരുവനന്തപുരം മെമ്പർ പറഞ്ഞതുപോലെ ൩൦-൭൦ കയെന്നും ൪൬-൧൬ കയെന്നും രണ്ടു് സ്കെയിൽ ഏർപ്പെടുത്തുന്നതു നന്നായിരിക്കുമെന്നും, അ കാരം ഒരു വർദ്ധനവു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ സ്കെയിൽ ൩൦–൫–൪൦–൨–൬൦ എന്നുള്ളതു് ൩൦–൨–൬൦ എന്നാക്കണമെന്നും അപേക്ഷയുണ്ടു്. ഇങ്ങനെ പറയുമ്പോൾ ഉത്തരവാദിത്വമില്ലാതെ സംസാരിക്കുന്നുവെന്നു ആരും വിചാരിച്ചേയ്ക്കരുതു്. ശമ്പളം വർദ്ധിപ്പിക്കുന്നതിനു കൂടുതൽ പണം വേണമെന്നുള്ളതിൽ പക്ഷാന്തരമില്ല. അദ്ധ്യാപകന്മാരുടെ പ്രശ്നം വളരെ കുഴഞ്ഞ ഒരു പ്രശ്നമാണെന്നുള്ളതും ശരിയാണു്. ആ സ്ഥിതിക്കു് ഇങ്ങനെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു് ഫണ്ടു് എവിടെ നിന്നെന്നു വിദ്യാഭ്യാസ മന്ത്രി ചോദിച്ചേക്കാം. അതു ശരിയായ ഒരു ചോദ്യമാണു്. അദ്ധ്യാപകന്മാർക്കു ൧൬-൫൦൦ ക. ശമ്പളം കൊടുക്കുന്ന കാര്യത്തിലും മന്ത്രിസഭയിലുള്ള ഒരുത്തർക്കും അതൃപ്തിയുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. അവർക്കും അതു് ഇഷ്ടമായിരിക്കാനെ ഇടയുള്ളു. പക്ഷെ, അതിനുള്ള വരവു് സ്റ്റേററിനു് ഉണ്ടായിരിക്കണം. സംതൃപ്തരായ അദ്ധ്യാപകന്മാരില്ലെങ്കിൽ നാളത്തെ ഭാവി ശോചനീയമായിരിക്കുമെന്നു പറഞ്ഞാൽ, അതിൽ ഒരതിശയോക്തിയും ഉണ്ടെന്നു തോന്നുന്നില്ല. അദ്ധ്യാപകന്മാർ കീറിയ മുണ്ടും, കീറിയ ഉടുപ്പും, കീറിയ കുടയുമായി പള്ളിക്കൂടത്തിൽ ചെന്നാൽ എങ്ങനെയാണു് കുട്ടികൾ ബഹുമാനിക്കുക? ആ അദ്ധ്യാപകനെ കുട്ടികൾ പരിഹസിക്കുകയെ ഉള്ളു. അങ്ങനെയുള്ള അദ്ധ്യാപകർ പറയുന്നതനുസരിച്ചു കുട്ടികൾ പ്രവർത്തിക്കുകയുമില്ല. അദ്ധ്യാപകൻ സാമാന്യമായ നിലയിൽ ആഹാരം കഴിച്ചിട്ടുള്ളവനും, വസ്ത്രധാരണം ചെയ്തിട്ടുള്ളവനുമായിരിക്കണം. എങ്കിൽ മാത്രമെ വിദ്യാർത്ഥികൾ അദ്ധ്യാപകനെ ബഹുമാനിക്കുകയുള്ളു. അങ്ങനെ അദ്ധ്യാപകന്മാർ സംതൃപ്തരായിത്തീരണമെങ്കിൽ, അതിനു തക്ക ശമ്പളം അവർക്കു കൊടുക്കേണ്ടതാണു്. വേണ്ടിവന്നാൽ ഒരു എഡ്യുക്കേഷൻ സെസ്സു് ഏർപ്പെടുത്തിയാലും തരക്കേടില്ലെന്നാണു് എനിക്കു പറയാനുള്ളതു്. മൈസൂർ മുതലായ സംസ്ഥാനങ്ങളിൽ അ പ്രകാരമുള്ള നികുതി ഏർപ്പെടുത്തിയിട്ടുണ്ടു്. കരത്തിനെ ആശ്രയമാക്കി ഇത്ര രൂപ കൊടുക്കുന്ന ആളുകൾ ഇത്ര നികുതികൂടി ചെയ്തു് ഇത്ര രൂപ കൊടുക്കണമെന്നു ഒരേർപ്പാടു ചെയ്യുകയാണെങ്കിൽ ഒരു നല്ല തുക കിട്ടുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ആ കാര്യത്തെപ്പററി ഗവണ്മെൻറു കാര്യമായി ചിന്തിക്കണമെന്നും, വേണ്ടിവന്നാൽ അങ്ങനെയൊരു

നികുതി ഏർപ്പെടുത്തിയെങ്കിലും അദ്ധ്യാപകന്മാരുടെ ശമ്പളം ഉടനടി വർദ്ധിപ്പിക്കണമെന്നുമാണ് എനിക്കു പറയുവാനുള്ളതു്.

മറെറാന്നു്, ബഹുമാനപ്പെട്ട നെടുമങ്ങാടു മെംബർ പറഞ്ഞ കാര്യമാണ്. പ്രൈവററ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കു ൩൦ രൂപ ശമ്പളം മാത്രമെയുള്ളു. ഡിയർനസ്സ് അലവൻസു ഇല്ല. ഗവണ്മെൻറ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കു ൩൦-൫൦ ക. ഉണ്ടു്. തുല്യജോലിക്കു തുല്യശമ്പളം എന്നുള്ളതു കേവലം ഒരു മര്യാദമാത്രമാണ്. അതനുസരിച്ചു് അവരുടെ ശമ്പളം ഒന്നു പരിഷ്കരിക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നതു്.

<u>ശ്രീ. എ. താണുപിള്ള</u> : പ്രൈവററസ്കൂളുകളിലെ അദ്ധ്യാപകന്മാക്കു മാനേജ്മെൻറ ശമ്പളം കൂട്ടികൊടുക്കുന്നെങ്കിൽ ഗവണ്മെൻറിനു വല്ല തടസ്സവുമുണ്ടോ?

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള</u> : അങ്ങനെ കൂട്ടികൊടുക്കുന്നെങ്കിൽ അതു വളരെ നല്ല കാര്യമാണ്. പക്ഷെ, അങ്ങനെ കൊടുക്കുന്നില്ലെന്നേയുള്ളു.

മറെറാന്നു്, ഇപ്പോൾ ൩൦-൫൦, ൩൦-൬൦ എന്നുള്ള സ്കെയിലുകൾ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കും, മിഡിൽസ്കൂൾ അദ്ധ്യാപകന്മാക്കും കൊടുത്തിട്ടുണ്ടെങ്കിലും അവരുടെ മുഴവൻ സർവ്വീസും വകവച്ചു് ഇൻക്രിമെൻറു് കൊടുത്തിട്ടില്ലെന്നുള്ളതാണ്. പ്രൈവററ സെക്കൻററിസ്കൂളിലെ അദ്ധ്യാപകന്മാക്കു് മുൻസർവീസ് പരിഗണിച്ചു് ഇൻക്രിമെൻറു് കൊടുത്തിട്ടുണ്ടു്. ഒരു തത്വം ഒരു കൂട്ടരെ സംബന്ധിച്ചു് അംഗീകരിച്ചാൽ, ആ തത്വം മററു് ഒരുകൂട്ടരുടെ കാര്യത്തിലും അംഗീകരിക്കേണ്ടതാണ്. അദ്ധ്യാപകന്മാക്കുള്ള മുഴവൻ സർവ്വീസും വകവച്ചു് ഇൻക്രിമെൻറ കൊടുക്കണമെന്നാണ് എനിക്കു് ഈയവസരത്തിൽ പറയാനുള്ളതു്.

വേറൊന്നു് ആക്ററിംഗ് അദ്ധ്യാപകന്മാരുടെ കാര്യമാണ്. ഇന്നു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ആക്ററിംഗ് അദ്ധ്യാപകന്മാർ വളരെയുണ്ടു്. അവരെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. ഡിപ്പാർട്ടുമെൻറിലാണെങ്കിൽ ധാരാളം വേക്കൻസികളുമുണ്ടു്. മിക്ക സ്കൂളുകളിലും ആവശ്യത്തിനുള്ള അദ്ധ്യാപകന്മാർ ഇല്ലാതിരിക്കുകയാണു ചെയ്യുന്നതു്. നെടുമങ്ങാട്ടു താലൂക്കിലുള്ള പല സ്കൂളുകളിലും അദ്ധ്യാപകന്മാർ ആവശ്യത്തിനില്ല. എനിക്കു് ഗവണ്മെൻറിനോടു അപേക്ഷിക്കുവാനുള്ളതു ഈ ആക്ററിംഗ് അദ്ധ്യാപകന്മാരെയെല്ലാം ഉടൻതന്നെ സ്ഥിരപ്പെടുത്തണമെന്നാണ്. അതുപോലെതന്നെ, വേക്കൻസികളിലെല്ലാം ഉടനടി അദ്ധ്യാപകന്മാരെ നിയമിക്കയും ചെയ്യണം. മറെറാരു കാര്യം കൂടി എനിക്കു് ഗവണ്മെൻറിനെ അറിയിക്കാനുണ്ടു്. അദ്ധ്യാപകന്മാരെ വളരെ ദൂരസ്ഥലങ്ങളിലേയ്ക്കു സ്ഥലംമാററിവരുന്നുണ്ടു്. നിവൃത്തിയുള്ളിടത്തോളം സ്വന്ത സ്ഥലത്തുതന്നെ അവരെ നിയമിക്കണം. അതിനു നിവൃത്തിയില്ലെന്നു കാണുന്നപക്ഷം, ഏററവും അടുത്ത സ്ഥലങ്ങളിൽ നിയമിക്കണം. ഒരു സംഗതിവശാലും അദ്ധ്യാപകന്മാരെ അന്യ സ്ഥലങ്ങളിൽ സ്ഥലംമാററരുതെന്നു് എനിക്കപേക്ഷയുണ്ടു്. സ്വന്ത സ്ഥലത്താണെങ്കിൽ സ്വന്തമായി ഒരു കുടിലെങ്കിലും കിടക്കാൻ കാണുമെന്നുള്ളതുകൊണ്ടു് ഈ

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള.]

ത്തുച്ഛശമ്പളം വാങ്ങി, അവർ അങ്ങനെയും ജീവിച്ചുകൊള്ളും. അങ്ങനെയുള്ളവരെ അന്യ സ്ഥലങ്ങളിൽ അയച്ചാൽ വളരെ കഷ്ടപ്പെട്ടുമെന്നുള്ളതു എല്ലാവർക്കും അറിയാവുന്നതാണ്. മാത്രമല്ല, ദാരിദ്ര്യം കൂടുതൽ അനുഭവിക്കുന്ന ഈ അദ്ധ്യാപകന്മാർക്ക് സന്താനങ്ങളും കൂടുതൽ കാണും. സന്താനങ്ങൾ കൂടുതൽ ഉണ്ടാകുന്നതു് ദാരിദ്ര്യം കൂടുതൽ അനുഭവിക്കുന്നവർക്കാണെന്നാണ് ഡാക്ടർമാരുടെ അഭിപ്രായം. അങ്ങിനെ ധാരാളം സന്താനങ്ങളുള്ള അദ്ധ്യാപകനെ ദൂരസ്ഥലത്തു് സ്ഥലംമാററിയാൽ അവർ പട്ടിണി കിടന്നു പരവശരാകുമെന്നുള്ളതു് നിർവ്വിവാദമാണ്. ഇതെല്ലാം പരിഗണിച്ചു് നിവൃത്തിയുള്ളിടത്തോളം സ്വന്തസ്ഥലത്തുതന്നെ അവരെ നിയമിക്കേണ്ടതാണ്.

സാധാരണയായി സ്ഥലംമാററം മദ്ധ്യവേനൽകാലങ്ങളിലും അഡ്ജസ്ററമെൻറ സ്കൂൾവർഷത്തിൻെറ മദ്ധ്യത്തിലുമാണ് ചെയ്യാറുള്ളതു്. അങ്ങിനെയാകുമ്പോൾ അദ്ധ്യാപകന്മാരെ അവർക്ക് സൌകര്യമുള്ള സ്ഥലങ്ങളിൽ പോസ്ററ ചെയ്യാൻ കഴിയാതെവരും. അതിനാൽ അഡ്ജസ്ററമെൻറും സ്ഥലമാററവും ഒരേ അവസരത്തിൽ നടത്തേണ്ടതാണ്. അങ്ങിനെയായാൽ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയുന്നതാണ്. നാളത്തെ പൌരന്മാരായ ഇന്നത്തെ പിഞ്ചു പൈതങ്ങളെ നേരായ രീതിയിൽ അദ്ധ്യയനം ചെയ്യിക്കാൻ കടമപ്പെട്ടവരും ഉൽകൃഷ്ടമായ അദ്ധ്യാപകവൃത്തി നടത്തുന്നവരുമായ ഇന്നത്തെ പാവപ്പെട്ട അദ്ധ്യാപകന്മാരുടെ കാര്യത്തിൽ ഗവണ്മെൻറ കൂടുതൽ ശ്രദ്ധയും താല്പര്യവും കാണിക്കണമെന്നുള്ള അപേക്ഷയോടു സമയചുരുക്കത്താൽ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : സർ, ഈ ഡിമാൻറിനെ അനുകൂലിച്ചുകൊണ്ടും പ്രതികൂലിച്ചുകൊണ്ടും ബഹുമാനപ്പെട്ട പല മെംബറന്മാരും പല കാര്യങ്ങളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അവയെല്ലാററിനും മറുപടി പറയുവാനുള്ള സമയം ഇല്ലാതെ വന്നതിൽ ഖേദിക്കുന്നു. പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾക്ക് മാത്രം സമാധാനം പറയാം.

ഇതുസംബന്ധിച്ചുള്ള ചർച്ചാവേളയിൽ ഇവിടെ പ്രധാനമായി ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യം അദ്ധ്യാപകന്മാർക്ക് കൊടുത്തുവരുന്ന ശമ്പളക്കുറവിനെപ്പററിയാണ്. അവരുടെ ശമ്പളം സാരമായ വിധത്തിൽ വർദ്ധിപ്പിക്കണമെന്നു് പല മെംബറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. അദ്ധ്യാപകന്മാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചു് ൧൯൫൨ ജൂലൈ ൧൦-ാംനു ഒരു ഗവണ്മെൻറ് പ്രൊസീഡിംഗ്സ് പാസ്സാക്കി. അതിൻെറ ഫലമായി ൧൦-൪൦ ലക്ഷം രൂപയോളം കൂടുതൽ ഗവണ്മെൻറിനു ചെലവു വന്നിട്ടുണ്ടു്. അടുത്ത വർഷത്തേക്കുള്ള ബഡ്ജററിൽ വിദ്യാഭ്യാസച്ചെലവിനായിട്ടുള്ള ൩൭൨ ലക്ഷം രൂപാക്കുപുറമെ സ്കൂളുകൾ നന്നാക്കുന്നതിനും മററുമായി ൯ ലക്ഷം രൂപയുംകൂടി കൊള്ളിച്ചിട്ടുണ്ടു്. മൊത്തത്തിൽ ൩൯൦ ലക്ഷത്തിൽപരം രൂപയാണു വിദ്യാഭ്യാസച്ചെലവിലേക്കായി ബഡ്ജററ് ചെയ്തിരിക്കുന്നതു്. ഈ രാജ്യത്തെ സാമ്പത്തികസ്ഥിതിക്കും ഇപ്പോഴത്തെ പരിതഃസ്ഥിതിക്കും ഇതിൽക്കൂടുതലായ ഒരു തുക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കാൻ സാധിക്കുമോയെന്നു്

ബഹുമാനപ്പെട്ട മെംബറന്മാർതന്നെ ആലോചിക്കേണ്ടതാണ്. ഇവ ണ്ണം ബഡ്ജററ് ഒരു കമ്മി ബഡ്ജററാണെന്നു എല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ഫസ്ററ ഗ്രേഡിലും, സെക്കൻറ് ഗ്രേഡിലും, തേഡ് ഗ്രേഡിലും ഇരിക്കുന്ന അദ്ധ്യാപകന്മാരുടെ പ്രമോഷനെപ്പററി സംസാരിച്ചു. ശരിയായ വിധത്തിൽ പ്രമോഷൻ ലഭിക്കാത്തതുകൊണ്ട് അദ്ധ്യാപകന്മാർക്ക് കുറെയൊക്കെ അസംതൃപ്തിയുണ്ടാകാം. പല സ്കൂളുകളിലും അദ്ധ്യാപകന്മാരില്ലാതിരുന്നതുകൊണ്ട് പ്രൈവററ സ്കൂളുകളിലിരുന്ന അദ്ധ്യാപകന്മാരെയും മററുള്ള ആളുകളെപ്പേരേയും നിയമിച്ചു. അങ്ങനെ നിയമിച്ചപ്പോൾ കുറെയധികം അദ്ധ്യാപകന്മാർക്ക് ൪൦ രൂപാ സ്ഥിര ശമ്പളമായും കുറെയാളുകൾക്ക് ൩൦-൫൦൦ രൂപാവരെ ശമ്പളമായും ആണ് കൊടുത്തത്. കുറെ കഴിഞ്ഞ് എല്ലാവർക്കും ഒരേ നിരക്കിൽ ൪൦-൫൦൦ രൂപാ സ്കെയിൽ അനുവദിച്ചു. ഗ്രാഡുവേററ് അദ്ധ്യാപകന്മാർ ൫-ാം ഗ്രേഡിൽ ൫൩൨-ം ൨-ാം ഗ്രേഡിൽ ൨൬൨-ം ൩-ാം ഗ്രേഡിൽ ൫൨൩൬-ം ആണുള്ളത്. ഇവർക്ക് ശരിയായ രീതിയിൽ പ്രമോഷൻ കൊടുക്കുവാൻ ഇന്നത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ലെന്നുമാത്രമാണ് എനിക്ക് മറുപടിയിൽ പറയുവാനുള്ളത്. ൫:൨:൩ എന്ന ക്രമത്തിൽ പ്രമോഷൻ കൊടുക്കണമെന്നുള്ള അഭിപ്രായത്തെ ന്യായീകരിക്കാവുന്നതാണെങ്കിലും ഗവണ്മെൻറിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി അതിനെ അനുവദിക്കുന്നില്ലെന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. എ. താണുപിള്ള</u>: ഇപ്പോൾ ൪൦ രൂപാ ശമ്പളത്തിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാർ എത്ര കൊല്ലത്തെ സർവ്വീസിനുശേഷമാണ് മുകളിലത്തെ ഗ്രേഡിലേക്ക് പ്രമോഷൻ ചെയ്യപ്പെടാൻ ഇടയുള്ളതെന്നു വല്ല കണക്കും എടുത്തിട്ടുണ്ടോ?

<u>ശ്രീ. പി. ജെ. ജോൺ</u>: അങ്ങനെ ഒരു പ്രത്യേക കണക്കെടുത്തിട്ടില്ല. ഇതിൽ കുറെ അദ്ധ്യാപകന്മാർക്ക് ൫൭൪-൨൨൪ രൂപാ സ്കെയിലിലേക്ക് പ്രമോഷൻ ചെയ്യപ്പെടാൻ ഇടയുണ്ടെന്നുമാത്രം പറയാം. ഇപ്പോൾ ഉള്ള സ്ഥാനങ്ങൾ മതിയായി എന്നു ഗവണ്മെൻറിനഭിപ്രായമില്ല. പക്ഷെ, ഇതിൽക്കൂടുതൽ കൊടുക്കുവാൻ നിവൃത്തിയില്ല. അത്രയ്ക്കുള്ള കഴിവുമാത്രമെ ഗവണ്മെൻറിനുള്ളു. അല്ലെങ്കിൽ നെയ്യാററിൻകര മെംബർ പറഞ്ഞതുപോലെ എഡ്യൂക്കേഷനൽ സെസ്സോ മററോ ഏർപ്പെടുത്തേണ്ടിവരും.

<u>ശ്രീ. എ. താണുപിള്ള</u>: ഇവരുടെ ജോലി ഒരേ രീതിയിലാക്കിയിട്ട ഇത്രകൊല്ലത്തെ സർവ്വീസു കഴിയുമ്പോൾ ൫൪൦ രൂപയോ ൫൬൦ രൂപയോ ശമ്പളം കിട്ടത്തക്കവണ്ണം വ്യവസ്ഥ ചെയ്തുകൂടേ?

<u>ശ്രീ. പി. ജെ. ജോൺ</u>: അതിനും വളരെ പ്രയാസമുണ്ട്. ഗവണ്മെൻറ സ്കൂളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു. അവർക്ക് കൂടുതൽ കൊടുത്താൽ കൊള്ളാമെന്ന് ഗവണ്മെൻറിനാഗ്രഹമുണ്ടെങ്കിലും ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിക്ക് കൂടുതൽ കൊടുക്കുവാൻ നിവൃത്തിയില്ല.

[ശ്രീ. എ. ജെ. ജാൺ.]

അടുത്തതായി അണ്ടർഗ്രാഡ്വേററ് ടീച്ചേഴ്സിനെപ്പററിയാണ പറഞ്ഞതു്. അവർ ആകെ ൩൨൯൦ പേർ ഉണ്ടു്. അവരിൽ അധികം പേരും പ്രൈവററ് സ്കൂളിൽനിന്നും എടുത്തവരാണ്. അവർക്ക ഇപ്പോൾ കൊടുത്തുവരുന്ന ൩൦-൬൦ രൂപ ശമ്പള സ്കെയിൽ പോരാ എന്നു ഇവിടെ പലരും പറയുകയുണ്ടായി. ഇതിലേക്ക അവർ കൊണ്ടുവന്ന വാദമുഖങ്ങൾ മുഴുവനും ശരിയല്ല. ചിലക്ക് അൻപതു രൂപയും കൊടുത്തുവരുന്നുണ്ടു്. ഇവരിലാരെയും നിർബന്ധമായി ഗവർമ്മെൻറിലേക്ക് എടുത്തിട്ടുള്ളതല്ല. അവരുടെ ശമ്പളം ഇന്നതാണെന്നു അറിഞ്ഞതിനു ശേഷം സമ്മതമുള്ളവരെ മാത്രമാണ് നിയമിച്ചിട്ടുള്ളതു്. ൨൨-൨൮ രൂപ ശമ്പളക്രമത്തിലും ൩൦ രൂപ ശമ്പളത്തിലും, ൩൦-൩-൬൦ രൂപാ ശമ്പളക്രമത്തിലുമാണ് ഇവിടെ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടു്. കൊച്ചിയിൽ ൩൦-൭൫ രൂപ ശമ്പളക്രമമാണുള്ളതു്. ഈ വ്യത്യാസം നീക്കുന്നതിനായി എല്ലാവർക്കും ൩൦-൩-൬൦ എന്ന ശമ്പളക്രമം അനുവദിച്ചിട്ടുണ്ടു്. എന്നാൽ ൩൦-൭൫ സ്കെയിലിൽ സ്ഥിര ലാവണത്തിലുള്ള കൊച്ചിയിലെ അദ്ധ്യാപകന്മാർക്ക ആ സ്കെയിൽ കിട്ടുന്നതാണ്. ഗവമ്മെൻറിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി എല്ലാം നോക്കിയാണ് ഇതനുവദിച്ചിട്ടുള്ളതു്. ഇന്നുള്ള അണ്ടർഗ്രാഡ്വേററ ടീച്ചേഴ്സിനെല്ലാം പത്തു രൂപ കൂടി ശമ്പളക്കൂടുതൽ കൊടുക്കണമെങ്കിൽ, അതിനുമാത്രം ഉദ്ദേശം മൂന്നരലക്ഷം രൂപ കൂടി വേണ്ടിവരും.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ: ഗവമ്മെൻറ നടത്തിയ ശമ്പള പരിഷ്ക്കരണത്തിൽ ചില അദ്ധ്യാപകന്മാരുടെ ശമ്പളം കുറയ്ക്കുകയല്ലേ ചെയ്തതു് ?

ശ്രീ. എ. ജെ. ജാൺ: അല്ല. ഇതിനെ സംബന്ധിച്ചുള്ള പ്രൊസീഡിംഗ്സ് ഞാൻ വായിക്കാം:

"There are teachers on Rs. 22-28, Rs. 30 and Rs. 30-3-60 in the Middle school in Travancore. The Middle School scale in Cochin is Rs. 30-75. To remove the disparity, all the Middle School teachers of Travancore, including those on Rs. 22-28, Rs. 30, and Rs. 30-60 will be given the scale of Rs. 30-3-60."

ശ്രീ. എ. താണുപിള്ള: എടുത്തിട്ടുള്ള അദ്ധ്യാപകന്മാരുടെ സവ്വീസു കണക്കാക്കി അൻപതു ശതമാനമോ ഇരുപത്തഞ്ചു ശതമാനമോ ഇംക്രിമെൻറ് അനുവദിച്ചു കൊടുക്കുന്നതിൽ എന്താണ് ആക്ഷേപം ?

ശ്രീ. എ. ജെ. ജാൺ: അതിലും കുഴപ്പമുണ്ടു്. ഇപ്പോൾ ഇവർക്ക ഇങ്ങനെ സവ്വീസു കണക്കാക്കി ഇംക്രിമെൻറ കൊടുത്താൽ അതിനെത്തുടർന്നു മററുപല കാര്യങ്ങളും ഉൽഭവിക്കും, അതു ഗവമ്മെൻറിനു ചെലവു കൂടുന്ന ഏർപ്പാടുകളാണ്. കഴിവുള്ളിടത്തോളം ഇവർക്ക ശമ്പളക്കൂടുതൽ നൽകാവുന്ന വഴികൾ ഗവർമ്മെൻറ് ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. കൊല്ലംതോറും കൂടുതൽ കൂടുതൽ തുക അനുവദിക്കുന്നുണ്ടു്. ഗവമ്മെൻറ പ്രൈമറി സ്കൂളുകളിൽ ൧൬,൩൪൩ അദ്ധ്യാപകന്മാരും, മിഡിൽസ്കൂളുകളിൽ ൩,൩൩൦ അദ്ധ്യാപകന്മാരുമുണ്ടു്. ഇവക്കെല്ലാം ഒരു രൂപ വച്ചു് ശമ്പള

കൂടുതൽ കൊടുക്കണമെങ്കിൽ മൂന്നുലക്ഷം രൂപ വേണ്ടിവരും. ഇങ്ങനെയുള്ള പ്രയാസങ്ങളെല്ലാം കണ്ടുകൊണ്ടാണ് ഗവൺമെൻറ് ഇന്നത്തെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അഭിപ്രായങ്ങളോടു യോജിപ്പുണ്ടെങ്കിലും തൽക്കാലം ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നതിനേ നിവൃത്തിയുള്ളൂ. അല്ലെങ്കിൽ വേറെ എന്തെങ്കിലും വരവിനങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ട് പത്തു മാസമേ ആയിട്ടുള്ളൂ. അതിലേക്കു നാൽപ്പതു ലക്ഷത്തോളം രൂപ കൂടുതൽ ചെലവാകുന്നുമുണ്ട്. ഇതിൽ കൂടുതൽ ഇപ്പോൾ ഒന്നിനും നിവൃത്തിയില്ല.

ശ്രീ. പി. ചാക്കോ അധഃകൃത ക്രിസ്ത്യാനികൾക്കു എയിഡഡ് സ്കൂളുകളിൽ ഫീസ് സൗജന്യം ലഭിക്കുന്നില്ലാ എന്നു പറയുകയുണ്ടായി. അതു ശരിയല്ലാ. പിന്നോക്കസമുദായ വർഗ്ഗത്തിൽപ്പെട്ട ഒരാളല്ലെങ്കിൽ ഫീസ് സൗജന്യം ലഭിക്കുകയില്ല.

ശ്രീ. ആർ. കേശവൻ നായർ പ്രൈമറി പള്ളിക്കൂടങ്ങളിലെ തൂപ്പുകാർക്കും മററും ഒന്നും കൊടുക്കുന്നില്ലെന്നു പറഞ്ഞു. അതും ശരിയല്ല. പ്രതിമാസം ഫ വ ര് രൂപാ വീതം കണ്ടിൻജൻസി വകക്ക അവർക്കു കൊടുത്തുവരുന്നുണ്ട്.

ടെക്സ്ററ് ബുക്കുകളെ സംബന്ധിച്ചു ഒന്നുരണ്ടു മെമ്പറന്മാർ അഭിപ്രായം പറയുകയുണ്ടായി. ഇക്കൊല്ലം ടെക്സ്ററ് ബുക്കുകൾ മുഴുവൻ ഗവൺമെൻറ് തന്നെ പബ്ലിഷ് ചെയ്യാൻ പോകുകയാണ്. അല്ലാതെ, ആരെക്കൊണ്ടും പബ്ലിഷ് ചെയ്യിക്കുന്നില്ല. അതിലേക്കു ഇക്കൊല്ലം വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ ഏർപ്പെടുത്തുകയും അവർ വേണ്ട നടപടികൾ നടത്തുകയും ചെയ്യുന്നുണ്ട്. സബ്ജക്ററ സംബന്ധിച്ചുള്ള ടെക്സ്ററ് ബുക്കുകളിൽ പലതും ഗവർമ്മെൻറുതന്നെ പബ്ലിഷുചെയ്യാൻ വിചാരിക്കുകയാണ്. നോൺഡിറെറയിൽഡ് പുസ്തകങ്ങൾ [illegible]ല്ലവ നോക്കി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. എ. താണുപിള്ള: ടെക്സ്ററ്ബുക്കുകളിൽ മഹാത്മാ ഗാന്ധിയെ കൽക്കട്ടായിൽവച്ചു വധിക്കപ്പെട്ടു എന്നതുപോലെയുള്ള തെററുകൾ വരാതിരിക്കാൻ സൂക്ഷിക്കുമോ ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുള്ള തെററുകൾ വരികയില്ല. ശ്രീ. ജി. ചന്ദ്രശേഖരപിള്ള സ്കൂൾ കെട്ടിടങ്ങൾ നന്നാക്കുന്നില്ലെന്നു പരാതിപ്പെട്ടു. ഇക്കൊല്ലം അതിലേക്കു എട്ടുലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി നന്നാക്കേണ്ട സ്കൂളുകൾ മിക്കവാറും മുഴുവനും നന്നാക്കുവാൻ കഴിയുമെന്നു ഗവർമ്മെൻറ് വിചാരിക്കുന്നു.

ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പ്രൈവററ സ്കൂളുകൾ നന്നാക്കുന്നതിനെ സംബന്ധിച്ച് അഭിപ്രായം പുറപ്പെടുവിക്കുകയുണ്ടായി. ഇതു അദ്ദേഹത്തിൻെറ ഇപ്പോഴുള്ള അഭിപ്രായമല്ല. ഇതു സംബന്ധിച്ചു എനിക്കു കൂടുതലായി ഒന്നും പറയാനില്ല. പ്ലാനിംഗ് കമ്മിററി റിപ്പോർട്ടിൽ ഇതേപ്പററി ഒരു പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു;

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള.]

"Role of private agencies :

"Private agencies have always an important role to play in a democracy. In India where till recently they have had the major share of responsibility for welfare activities, they occupy a special place. Private agencies are generally able to manage things more cheaply than the Government for they are able to appeal more effectively to the idealism of workers and are comparatively free from red tape. In view of these considerations and the fact that mobilisation of the efforts of the entire nation is necessary to meet the situation in regard to education, for which private agencies are especially fitted, it should be a priority task in the plan to help private agencies to develop their capacity fully and function effectively. Both the Central and State Governments have schemes for helping private agencies."

ഇതിൽനിന്നും, പ്രൈവററ സ്കൂളുകൾ നടത്താനുള്ള അവകാശം നമുക്കുണ്ടെന്നു കാണാവുന്നതാണ്.

Mr. Speaker : Do you press your motion, Mr. Bhasi ?

Shri Prakulam Bhasi : Yes.

The motion was put and lost.

The question that the Government be granted a sum of Rs. 3,81,08,000 under Demand XVIII—Education—was put and carried.

The grant was made.

Mr. Speaker : The House will now adjourn and meet again to-morrow at 11 O'clock.

The Assembly adjourned at 5 p.m. to meet again at 11 A.M. on Thursday, the 19th March 1953.